بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാല്യം 10

ലക്കം 07-08

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ഫെബ്രുവരി 13-20/ഹി.ശം 1404 തബ്‌ലീഗ് 13-20/ഹി:ഖ 1446 ശഅ്ബാൻ 14-21

## അല്ലാഹുവിന്റെ വചനം

وَالَّذِیۡنَ اسۡتَجَابُوۡا لِرَبِّہِمۡ
وَاَقَامُوا الصَّلٰوۃَ ۪ وَاَمۡرُہُمۡ شُوۡرٰی
بَیۡنَہُمۡ ۪ وَمِمَّا رَزَقۡنٰہُمۡ یُنۡفِقُوۡنَ
(سورۃ الشوریٰ:39)

തങ്ങളുടെ നാഥന്റെ വിളിക്കുത്തരം നല്കുകയും നമസ്കാരം നിലനിറുത്തുകയും തങ്ങളുടെ കാര്യങ്ങൾ പരസ്പരം കൂടിയാലോചിച്ച് തീരുമാനിക്കുകയും നാം അവർക്കു നല്കിയതിൽനിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരും.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള മഹത്തായ പ്രവചനം

### ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"**ബി ഇൽഹാമില്ലാഹി തആലാ വ ഇഅ്‌ലാമിഹി അസ്സവജല്ല** റഹീമും കരീമും വലിയവനും അതിശ്രേഷ്ഠനും അവൻ എല്ലാ വസ്തുക്കളുടെ മേലും സർവശക്തനാണ്(**ജല്ല ശാനുഹൂ വ അസ്സസ്മുഹൂ**) എന്നെ തന്റെ ഇൽഹാമുകൊണ്ട് സംബോധന ചെയ്ത് പറഞ്ഞു: "ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നല്കുന്നു. നീ എന്നോടു ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർഥനകൾക്ക് സ്വീകാരം നല്കുകയും നിന്റെ യാത്ര(ലുധിയാന, ഹോശിയാർപൂർ യാത്ര) അനുഗ്രഹകരമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുതശക്തിയുടേയും ഔദാര്യത്തിന്റേയും സായൂജ്യത്തിന്റേയും അടയാളം നിനക്കു നല്കുന്നു. വരപ്രസാദത്തിന്റേയും അനുഗ്രഹവായ്പിന്റേയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്ക് കരസ്ഥമാകുകയാണ്. അല്ലയോ ജയശാലീ! നിനക്കു സമാധാനം! ജീവിതത്തെ ആഗ്രഹിക്കുന്നവർക്ക് മരണത്തിന്റെ പിടിയിൽനിന്ന് രക്ഷലഭിക്കാനും ഖബ്റുകളിൽ മറവു ചെയ്യപ്പെട്ടവർ പുറത്തുവരുമാറാകാനും ഇസ്‌ലാം മതത്തിന്റെ മേന്മയും ദൈവ വചനത്തിന്റെ പെരിമയും ജനങ്ങൾക്കു വെളിപ്പെടുന്നതിനും ഞാൻ സർവശക്തനും ഇച്ഛിക്കുന്നത് ചെയ്യുന്നവനുമാണെന്ന് ലോകത്തിന് മനസ്സിലാകുന്നതിനും ഞാൻ നിന്നോടൊപ്പമാണെന്ന് അവർക്കു ദൃഢബോധ്യം വരുന്നതിനും ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തേയും ഗ്രന്ഥത്തേയും പരിശുദ്ധ പ്രവാചകൻ മുഹമ്മദു മുസ്തഫാﷺയേയും നിഷേധിക്കുകയും കളളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗം വെളിപ്പെടുമാറാകുന്നതിനുംവേണ്ടിയത്രെ ഇപ്രകാരം പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് നിനക്കു സുവിശേഷമായിരിക്കട്ടെ!

പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നല്കപ്പെടും. ഒരു പാവനപുത്രൻ നിനക്കു ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽനിന്നും നിന്റെ സന്തതിയിൽനിന്നുമുള്ളവൻ തന്നെയായിരിക്കും.

സുന്ദരനായ പരിശുദ്ധ സുതൻ. നിന്റെ വിരുന്നുകാരൻ ഇതാ വരുന്നു. അവന്റെ പേര് ***അൻമവാഈൽ*** എന്നും ***ബശീർ*** എന്നുമാണ്. അവന് പാവനമായ ആത്മാവും നല്കപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽനിന്നെല്ലാം അതീതനായിരിക്കും. അവൻ ***നൂറുല്ലാഹ്***(ദൈവത്തിന്റെ പ്രഭ) ആയിരിക്കും. ആകാശത്തുനിന്ന് വരുന്നവൻ അനുഗൃഹീതൻ.

അവന്റെ വരവോടുകൂടി വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യമുള്ളവനുമായിരിക്കും. അവൻ ലോകത്തുവന്ന് തന്റെ മസീഹിഗുണവും ***റൂഹുൽഹഖ്ഖിന്റെ***(സത്യത്തിന്റെ ആത്മാവ്)അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് (അല്ലാഹുവിന്റെ വചനം) ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹം അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും.(ഇതിന്റെ അർഥം മനസ്സിലായിട്ടില്ല). തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച. വാത്സല്യപുത്രൻ. മഹാഭാഗ്യവാനായുള്ളവൻ. ***മള്ഹറുൽ അവ്വലി വൽആഖിരി-മള്ഹറുൽ ഹഖ്ഖി വൽ അലാഇ-കഅന്നല്ലാഹ നസല മിനസ്സമാഇ*** ആദ്യന്തരഹിതനായ അല്ലാഹു പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റേയും ഔന്നത്യത്തിന്റേയും നിലയനവുമായുള്ളവൻ; അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിയതുപോലെ. അവന്റെ ആവിർഭാവം എത്രയും അനുഗൃഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുന്നതിന് കാരണവുമായിരിക്കും. ഏതൊരുവനെ അല്ലാഹു തന്റെ അഭീഷ്ടമാകുന്ന പരിമളംകൊണ്ട് പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രതാപശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലയ്ക്കുമീതെ അല്ലാഹുവിന്റെ നിഴലുണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നു വരികയും ബന്ധനസ്ഥരുടെ മോചനത്തിന് കാരണമാകുകയും ചെയ്യും. ഭൂമിയുടെ മുക്കിലും മൂലയിലും അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവനിൽനിന്ന് അനുഗ്രഹം കൈക്കൊള്ളും. അനന്തരം അവൻ സ്വർഗത്തിൽ തനിയ്ക്കുള്ള സ്ഥാനത്തേക്ക് കരേറ്റപ്പെടും. ***വകാന അംറൻമ്മഖ്ളിയ്യൻ*** ഇതു വിധിച്ചുപോയ കാര്യമാകുന്നു." *(മജ്മൂഅ ഇശ്തിഹാറാത്ത്, വാല്യം 1, പേജ് 100, ഇശ്തിഹാർ 1886 ഫെബ്രുവരി 20)*

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

**ഖുദ്സിയായ ഹദീഥാണ്. അല്ലാഹു പറയുന്നു: അല്ലയോ ആദമിന്റെ മക്കളേ! നിങ്ങളുടെ ഖജനാവുകൾ എന്റെ പക്കൽ നൽകി നിങ്ങൾ സമാധാനത്തോടെ കഴിയുക. അതിൽ തീ പിടിക്കുമെന്ന ആശങ്ക അതല്ലെങ്കിൽ വെള്ളംകയറുമെന്ന വിഷമം അതുമല്ലെങ്കിൽ കള്ളൻ കൊണ്ടുപോകുമെന്ന പേടിയും വേണ്ട. എന്റെ പക്കൽ വെച്ചിട്ടുള്ള സമ്പത്ത് നീ അതിന്റെ ഏറ്റവും ആവശ്യക്കാരനായി വരുമ്പോൾ നിനക്ക് നൽകുന്നതായിരിക്കും.**

**അല്ലാഹുവിന്റെ പ്രീതി അന്വേഷിച്ചിരിക്കുന്ന ഒരു യഥാർഥ മുഅ്മിൻ അല്ലാഹുവിന്റെ അടുത്തെത്തിക്കുന്ന നന്മകളുടെ നിലവാരം കരസ്ഥമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതു അവൻ ചെയ്യേണ്ടതാണ്.**

**താൽക്കാലികമായ ബുദ്ധിമുട്ടുകൾ സഹിക്കാതെ യഥാർഥ സന്തോഷത്തിന് നിമിത്തമായ അല്ലാഹുവിന്റെ സമ്പ്രീതി സംപ്രാപ്തമാകുകയില്ല.**

**ഹദ്റത്ത് അബൂഹുറയ്റ<sup></sup>നിവേദനം. എല്ലാ ദിവസവും രണ്ടു മലക്കുകളിറങ്ങുന്നു. അവരിലൊരാൾ പറയുന്നു, അല്ലാഹുവേ!ചെലവഴിക്കുന്ന ഉദാരമതിക്ക് കൂടുതൽ കൊടുത്താലും. അയാളെ പിൻപറ്റുന്ന ആളുകളെ ഇനിയും സൃഷ്ടിച്ചാലും. രണ്ടാമത്തെ മലക്ക് പറയും തടഞ്ഞുവെക്കുന്ന പിശുക്കനെ അല്ലാഹു നശിപ്പിക്കട്ടെ. അയാളുടെ ധനവും വസ്തുക്കളും നശിപ്പിക്കട്ടെ.**

**നബിﷺതിരുമേനി വിവിധ ഘട്ടങ്ങളിൽ ധനത്യാഗം ചെയ്യാൻ ഒരുപാട് ആഹ്വാനം നടത്തിയിട്ടുണ്ട്.**

**ഞാൻ നിനക്ക് ധാരാളം സമ്പത്ത് നൽകുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്عليه السلامനോട് അല്ലാഹു പറഞ്ഞിട്ടുണ്ട്. അത് അല്ലാഹു നൽകുകയും ചെയ്യുന്നു. അത് ശരിയായി വിനിയോഗിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. അതിൽ ഒരു വിധത്തിലുള്ള ക്രമക്കേടും ഉണ്ടാകാതിരിക്കട്ടെ.**

**അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫ് ജദീദിന്റെ 67-ാമത്തെ പ്രവർത്തന വർഷത്തിൽ ആഗോള അഹ്മദിയ്യാ ജമാഅത്തിന് 1,36,81,000 പൗണ്ട് അതായത് ഏകദേശം 14 മില്യൺപൗണ്ട് സാമ്പത്തിക ത്യാഗം സമർപ്പിക്കാൻ തൗഫീഖ് ലഭിച്ചിരിക്കുന്നു. ഈ തുക കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് 7,36,000 പൗണ്ട് അധികമാണ്.**

**ത്യാഗങ്ങളുടെ അടിസ്ഥാനത്തിൽ ബ്രിട്ടൻ ഒന്നാം സ്ഥാനത്താണ്.**

**വഖ്ഫെ ജദീദിന്റെ 67-ാം പ്രവർത്തന വർഷത്തിൽ അഹ്മദികൾ സമർപ്പിച്ച ധനത്യാഗത്തെ കുറിച്ചുള്ള ചർച്ചയും 68-ാം വർഷത്തിന്റെ വിളംബരവും.**

**വിവിധരാജ്യങ്ങളുമായി ബന്ധം വെക്കുന്ന ആത്മാർഥരായ അഹ്മദികളുടെ ധനത്യാഗത്തിന്റെ ഈമാൻ പ്രോജ്ജ്വലമാക്കുന്ന സംഭവങ്ങളുടെ വിവരണം.**

**ലോകം മുഴുവനുമുള്ള അഹ്മദികൾക്കുവേണ്ടി, വഷളായ ലോകാവസ്ഥയുടെ പശ്ചാത്തലത്തിൽ അക്രമികളുടെ അക്രമത്തിൽനിന്ന് പീഡിതരുടെ രക്ഷയ്ക്കുവേണ്ടി ദുആ ചെയ്യാനാഹ്വാനം.**

**ഖുത്ബ ജുമുഅ 2025 ജനുവരി 03, 1405 സ്വുൽഹ് 03, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○
اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

**ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ വമാ തുൻഫിഖൂ മിൻ ശയ്ഇൻ ഫഇന്ന ല്ലാഹ ബിഹീ അലീമുൻ**(3:93)

ഈ പരിശുദ്ധ വചനത്തിന്റെ അർഥം ഇപ്രകാരമാണ്:നിങ്ങളിഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ (പരിപൂർണ)നന്മ പ്രാപിക്കുകയില്ല. നിങ്ങളേതൊന്ന് ചെലവഴിക്കുന്നുവോ അതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു.

ഉന്നത തരത്തിലുള്ള നന്മയ്ക്കും സമ്പൂർണമായ നന്മയ്ക്കുമാണ് 'ബിർറ്' എന്ന് പറയാറുള്ളത്. വിശുദ്ധ ഖുർആനിൽ പറയുന്നു: നിങ്ങളുടെ ഇഷ്ടപ്പെട്ട വസ്തുക്കൾ അല്ലാഹുവിന്റെ മാർഗത്തിൽ ത്യജിക്കാതെയും ചെലവഴിക്കാതെയും നിങ്ങൾക്ക് യഥാർഥമായ നന്മ കൈവരിക്കാൻ സാധ്യമല്ല. അതിനാൽ ഒരു യഥാർഥ വിശ്വാസി അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ചുകൊണ്ടിരിക്കാനും നന്മയുടെ ഉന്നത നിലവാരങ്ങൾ കരസ്ഥമാക്കാനും അല്ലാഹുവിനോടു അടുപ്പിക്കുന്ന നിലവാരം പ്രാപിക്കാനും ശ്രമിക്കേണ്ടതാണ്.

വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ വിവിധ രീതിയിലുള്ള ഉപദേശങ്ങൾ പല സ്ഥലത്തും വന്നിട്ടുണ്ട്. പല നന്മകളെ സംബന്ധിച്ചും പരാമർശമുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കലും ഒരു നന്മയാണെന്ന് അത് പറയുന്നു. ഈ ആയത്തിലും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്യുന്നത് ഒരു വലിയ നന്മയായി എടുത്തു പറയുന്നു. അല്ലാഹു പറയുന്നു: നിങ്ങളിഷ്ടപ്പെടുന്ന സമ്പത്ത് അല്ലെങ്കിൽ വസ്തുക്കൾ അത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുമ്പോഴാണ് വലിയ ഒരു നന്മയായി തീരുന്നത്. തീർച്ചയായും അല്ലാഹുവിന്റെ തൃപ്തി ലക്ഷ്യംവച്ചുകൊണ്ട് ചെയ്യുന്ന എല്ലാ നന്മയ്ക്കും അവൻ പ്രതിഫലം നൽകുന്നു. പക്ഷേ, മനുഷ്യന് സമ്പത്തിനോട് ഒരു പ്രത്യേക സ്നേഹമുണ്ട്. അതുകൊണ്ടാണ് അക്കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. അതായത് വിശ്വാസത്തിന്റെയും സത്യസന്ധമായ നന്മയുടെയും ത്യാഗത്തിന്റെ ഉന്നതമായ നിലവാരത്തിന്റെയും ഒരു മാനദണ്ഡം അല്ലാഹു ഈ ത്യാഗത്തിനുവേണ്ടി വെച്ചിട്ടുണ്ട്. നിങ്ങളിഷ്ടപ്പെടുന്ന വസ്തുക്കൾ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ ചെലവഴിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്عليه السلامപല സ്ഥലങ്ങളിലും ഇതിന് വിശദീകരണം നൽകിയിട്ടുണ്ട്. ഒരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു: "സമ്പത്തിനോടു സ്നേഹമുണ്ടാകാൻ പാടില്ല. (ഇത് ഇക്കാലഘട്ടത്തിൽ പ്രത്യേകിച്ചും വളരെ പ്രയാസകരമായൊരു

കാര്യമാകുന്നു). സമ്പത്തിനോടു സ്നേഹമുണ്ടാകാൻ പാടില്ല. അല്ലാഹു പറയുന്നു: നിങ്ങളിഷ്ടപ്പെടുന്ന വസ്തുക്കൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതുവരെ നിങ്ങൾക്ക് ശരിയായ നന്മ പ്രാപിക്കാൻ സാധ്യമല്ല.

നബിﷺതിരുമേനിയുടെ കാലഘട്ടവുമായി ഇന്നത്തെ അവസ്ഥകളെ താരതമ്യം ചെയ്യുകയാണെങ്കിൽ ആ കാലഘട്ടത്തിലെ അവസ്ഥകൾ കാണുമ്പോൾ വളരെ വിഷമമുണ്ടാകുന്നു. കാരണം ജീവനെക്കാളും പ്രിയപ്പെട്ട മറ്റൊരു കാര്യവുമില്ല. അക്കാലഘട്ടത്തിൽ അതായത് നബിﷺതിരുമേനിയുടെ കാലഘട്ടത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ ജീവൻ ത്യജിക്കേണ്ടി വന്നു. പറയുന്നു: നിങ്ങളെപ്പോലെ അവരും ഭാര്യാമക്കളുള്ളവരായിരുന്നു. ജീവൻ എല്ലാവർക്കും വളരെ പ്രിയപ്പെട്ടതാണ്. പക്ഷേ, അവരെപ്പോഴും അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യുന്നതിന് അവസരം പാർത്തിരിക്കുന്നവരായിരുന്നു.' തുടർന്നു പറയുന്നു: 'വ്യർഥവും മോശവുമായ വസ്തുക്കൾ ചെലവഴിച്ചുകൊണ്ട് ഒരാൾക്കും താൻ നന്മ ചെയ്തു എന്ന് പറയാൻ സാധ്യമല്ല. നന്മയുടെ കവാടങ്ങൾ വളരെ ഇടുങ്ങിയതാകുന്നു. ആയതിനാൽ ഒരു കാര്യമോർക്കുക, മോശമായ വസ്തുക്കൾ ചെലവഴിച്ച് ആർക്കുംതന്നെ അതിലൂടെ കടന്നുപോകാൻ സാധ്യമല്ല. കാരണം ഖുർആൻ വ്യക്തമായും പറയുന്നു:

നിങ്ങൾക്കേറ്റവും ഇഷ്ടപ്പെട്ട വസ്തുക്കൾ ചെലവു ചെയ്യുന്നതുവരെയും അല്ലാഹുവിന്റെ ഇഷ്ടമുള്ള ആളുകളും സംപ്രീതരുമാകാൻ നിങ്ങൾക്ക് സാധിക്കുകയില്ല. പ്രയാസങ്ങളേറ്റെടുക്കാൻ സന്നദ്ധമല്ലെങ്കിൽ യഥാർഥ നന്മ പ്രാപിക്കാൻ കഴിയില്ലെങ്കിൽപ്പിന്നെ എങ്ങനെയാണ് വിജയിക്കാൻ കഴിയുക? ആ മഹാത്മാവ് പറയുന്നു: "സ്വഹാബാക്കൾ സൗജന്യമായിട്ടാണോ തങ്ങൾ കരസ്ഥമാക്കിയ ഈ നിലവരെ എത്തിയത്. ഭൗതികമായ അവാർഡുകൾ കരസ്ഥമാക്കുന്നതിന് എത്രത്തോളം ചെലവുകളും ബുദ്ധിമുട്ടുകളും സഹിക്കേണ്ടി വരുന്നു. അപ്പോഴാണ് എവിടെയെങ്കിലുംവച്ച് വളരെ നിസ്സാരമായ അവാർഡുകൾ ലഭിക്കുന്നത്. അതുമുഖേന മാനസികമായ സമാധാനമോ സംതൃപ്തിയോ ലഭിക്കുന്നുമില്ല. അപ്പോൾ ചിന്തിക്കുക, മനസ്സിന് സമാധാനവും സംതൃപ്തിയും നൽകുന്നതും അല്ലാഹുവിന്റെ തൃപ്തിയുടെ അടയാളവുമായ റളിയല്ലാഹു അൻഹും എന്ന ബഹുമതി വെറുതെയങ്ങ് കിട്ടിയതാണോ? അവിടന്ന് പറയുന്നു:

"താൽക്കാലികമായ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിക്കാതെ യഥാർഥ സന്തോഷത്തിനു നിമിത്തമായ ദൈവികതൃപ്തി കരസ്ഥമാകുകയില്ല." അവിടന്ന് പറഞ്ഞു: "അല്ലാഹുവിനെ വഞ്ചിക്കാനാർക്കും സാധ്യമല്ല. അതിനാൽ ദൈവികമായ തൃപ്തിക്കുവേണ്ടി പ്രയാസങ്ങളെ പരിഗണിക്കാത്തവൻ അനുഗൃഹീതനാകുന്നു. കാരണം ശാശ്വതമായ സന്തോഷത്തിന്റേയും ശാശ്വതമായ സൗഖ്യത്തിന്റേയും വെളിച്ചം ഈ താൽക്കാലികമായ പ്രയാസത്തിനു ശേഷമാണ് വിശ്വാസിക്ക് ലഭിക്കുന്നത്." *(തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്ﷺ, വാല്യം 3, പേജ് 177-178)*

തുടർന്നു പറയുന്നു: ലോകത്ത് മനുഷ്യൻ സമ്പത്തിനോടു അത്യധികം സ്നേഹം കാണിക്കുന്നു. അതുകൊണ്ടുതന്നെ സ്വപ്ന വ്യാഖ്യാനങ്ങളിൽ എഴുതിയിരിക്കുന്നു, ആരെങ്കിലും തന്റെ കരൾ പറിച്ചു കൊടുത്തതായി സ്വപ്നം കണ്ടാൽ അതിന്റെ അർഥം സമ്പത്താകുന്നു. ഈ കാരണം കൊണ്ടുതന്നെ യഥാർഥ തഖ്‌വായും വിശ്വാസവും കരസ്ഥമാക്കുന്നതു സംബന്ധിച്ച് അല്ലാഹു പറയുന്നു: ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂന യഥാർഥ നന്മ നിങ്ങൾ ഏറ്റവും ഇഷ്ടപ്പെട്ട സാധനങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾക്ക് കരസ്ഥമാക്കാൻ സാധ്യമല്ല. കാരണം ദൈവിക സൃഷ്ടികളോടു സഹതാപത്തിന്റേയും നന്മയുടേയും ഒരു വലിയഭാഗം ധനംചെലവഴിക്കുന്നതിന്റെ ആവശ്യംതന്നെ പറയുന്നത്, തന്റെ ജനതയിലെ ആളുകളോടും ദൈവത്തിന്റെ സൃഷ്ടികളോടുമുള്ള സഹതാപം എങ്ങനെയുള്ള കാര്യമാണെന്നാൽ, അത് ഈമാൻ അഥവാ വിശ്വാസത്തിന്റെ രണ്ടാമത്തെ ഭാഗമാണെന്നാണ്. ഇതു കൂടാതെ ഈമാൻ സമ്പൂർണവും ഉറപ്പുള്ളതുമാകുകയില്ല. മനുഷ്യൻ സ്വന്തം താൽപര്യത്തെക്കാൾ മറ്റൊരാളുടെ താൽപര്യത്തിന് പ്രാധാന്യം നല്കാത്തിടത്തോളം മറ്റുള്ളവർക്ക് എന്ത് ഫലമെത്തിക്കാനാണ്." മറ്റുള്ളവർക്ക് പ്രയോജനമെത്തിക്കുന്നതിന് ത്യാഗം ചെയ്യേണ്ടിവരുന്നു. "മറ്റുള്ളവർക്ക് പ്രയോജനം ചെയ്യുന്നതിനും സഹതാപം കാണിക്കുന്നതിനും ത്യാഗം അനിവാര്യമായ കാര്യമാണ്. **ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂന** എന്ന ആയത്തിൽ ഈ ത്യാഗത്തിന്റെ പാഠവും മാർഗനിർദേശവുമാണ് നല്കപ്പെട്ടിട്ടുള്ളത്. ധനം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതും മനുഷ്യന്റെ സൗഭാഗ്യത്തിന്റേയും തഖ്‌വായുടെ അടയാളത്തിന്റേയും നിലവാരവും ഉലകല്ലുമാണ്."

അവിടന്ന് പറഞ്ഞു: "ഹദ്റത്ത് അബൂബക്ർرضന്റെ ജീവിതത്തിൽ അല്ലാഹുവിനുവേണ്ടി വഖ്ഫുചെയ്തതിന്റെ യോഗ്യതാനിലവാരവും ഉരകല്ലും എന്തായിരുന്നുവെന്നാൽ, നബിﷺതിരുമേനി ഒരു കാര്യം ആവശ്യപ്പെടുമ്പോൾ അദ്ദേഹം വീട്ടിലുള്ളത് മുഴുവൻ കൊണ്ടുവന്ന് കൊടുക്കുമായിരുന്നു."

പിന്നീട് ആ മഹാത്മാവ് ഉപദേശിച്ചുകൊണ്ട് പറഞ്ഞു: സമ്പത്തിനെ സ്നേഹിക്കരുത്. അല്ലാഹു പറയുന്നു: **ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂന** യഥാർഥ നന്മ നിങ്ങളേറ്റവും ഇഷ്ടപ്പെട്ട സാധനങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾക്ക് കരസ്ഥമാക്കാൻ സാധ്യമല്ല."*(തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്ﷺ, വാല്യം 3, പേജ് 180)*

ഞാൻ പറഞ്ഞു വന്നതുപോലെ ബിർറ് നന്മയ്ക്കാണ് പറയുന്നത്. അതായത് ഉന്നത തരത്തിലുള്ളതും സമ്പൂർണവുമായ നന്മ. ഈ രഹസ്യമാണ് അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കിയിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്ﷺശിക്ഷണ പരമായിട്ടുണ്ടാക്കിയ സ്വാധീനത്തിൽ ഇന്നുവരെയും പണ്ട് സ്വഹാബാക്കൾ സ്ഥാപിച്ചിരുന്ന ഈ ത്യാഗത്തിന്റെ നിലവാരം നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് ﷺന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ സമീപസ്ഥരായ ആളുകൾ അദ്ദേഹത്തിന്റെ സ്വഹാബാക്കളും അതു നിലനിറുത്തി. തുടർന്ന് ഖിലാഫത്തിന്റെ കാലഘട്ടത്തിലും ഈ ത്യാഗങ്ങൾ നമ്മൾ കണ്ടതാണ്. ഇന്നും അത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു.

നബിﷺതിരുമേനി സാമ്പത്തിക ത്യാഗത്തിന് ഒരുപാടു തവണ ആഹ്വാനം ചെയ്തിരുന്നു. അത് സ്വഹാബാക്കൾ മനസ്സിലാക്കുകയും നല്ലപോലെ പ്രാവർത്തികമാക്കുകയും ചെയ്തു. ഒരു നിവേദനത്തിൽ വരുന്നു: ഇബ്നു മസ്ഊദ്رضനിവേദനം. നബിﷺതിരുമേനി പറഞ്ഞു: രണ്ടു കാര്യങ്ങളിലെ അസൂയ പാടുള്ളൂ. ഒരാൾക്ക് അല്ലാഹു ധനം നല്കുകയും ആ ധനം സത്യമാർഗത്തിൽ ചെലവു ചെയ്യാൻ അയാൾ നീക്കിവെക്കുകയും ചെയ്യുന്നു.(ഇയാളോടു അസൂയയാവാം) മറ്റൊരാൾക്ക് അല്ലാഹു വിദ്യ നല്കുകയും ആ വിദ്യകൊണ്ട് അയാൾ(മനുഷ്യർക്കിടയിൽ)വിധി കൽപ്പിക്കുകയും മനുഷ്യർക്കത് പഠിപ്പിച്ചുകൊടുക്കുകും ചെയ്യുന്നു. (ഇയാളിലും അസൂയയാവാം).*(സ്വഹീഹുൽ ബുഖാരി കിതാബുൽ ഇൽമ് ഹദീഥ് 73)*

അതിനാൽ ഈ നിലവാരം സ്വഹാബാക്കളിൽ ഉണ്ടാക്കുന്നതിനുവേണ്ടിയാണ് നബിﷺതിരുമേനി ഉപദേശിച്ചത്. അത് സ്ഥാപിക്കപ്പെടുകയും ചെയ്തു. ഒരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് അബൂമസ്ഊദ് അൻസാരിرضനിവേദനം: നബിﷺതിരുമേനി സ്വദഖ കൊടുക്കാൻ നിർദ്ദേശിച്ചപ്പോൾ ഞങ്ങളിൽ ചിലർ ചന്തയിൽ പോയി അവിടെ എന്തെങ്കിലും കഠിനമായ ജോലികൾ ചെയ്യുകയും അതിൽനിന്ന് കിട്ടുന്ന ഒരു മുദ്ദ് ധാന്യം അഥവാ ഏതാനും കിലോ ധാന്യം അതായത് ഞങ്ങൾക്ക് എന്തെന്നാണോ കിട്ടുന്നത് അത് ഞങ്ങൾ കൊടുക്കുകയും ചെയ്തു. നബിﷺതിരുമേനിയുടെ ആഹ്വാനത്തിനു അത്യധ്വാനം ചെയ്ത് ഭാഗഭാക്കാകാനാണ് ഞങ്ങൾ ശ്രമിച്ചിരുന്നത്. അതല്ലാതെ ആരിൽ നിന്നെങ്കിലും യാചിച്ച് വാങ്ങിക്കൊടുക്കാനല്ല. മറിച്ച് അധ്വാനിച്ചധ്വാനിച്ച് അതിൽ ഭാഗഭാക്കാകാനാണ് ആഗ്രഹിച്ചത്. നിവേദകൻ പറയുന്നു: അവരുടെ പക്കൽ ഇന്ന് ലക്ഷക്കണക്കിന് ദിർഹമുണ്ട്. അവർ ഒരു കാലത്ത് കൂലിപ്പണി ചെയ്ത് ചന്ദ കൊടുത്തവരായിരുന്നു. ഇന്നവർ ലക്ഷാധിപതികളാണ്. *(സ്വഹീഹ് ബുഖാരി കിതാബുസ്സക്കാത്ത് ഹദീഥ് 1416)*

ഇതാണ് ത്യാഗത്തിനുള്ള അല്ലാഹുവിന്റെ അനുഗ്രഹം. ഈ രഹസ്യമാണ് നബിﷺതിരുമേനി നമ്മളോടും മനസ്സിലാക്കുന്നതിനുവേണ്ടി പറയുന്നത്. ഇതുതന്നെയാണ് വിശുദ്ധ ഖുർആനും നമ്മളോടു ഉപദേശിക്കുന്നത്. നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക, നിങ്ങളുടെ ഇഷ്ടപ്പെട്ട സമ്പത്ത് അവന്റെ മാർഗത്തിൽ കൊടുക്കുക. നിവേദനങ്ങളിൽ ഇങ്ങനേയും വരുന്നു: നബി തിരുമേനിﷺ ചിലപ്പോൾ ചന്ദകൊടുക്കാൻ ആഹ്വാനം ചെയ്യുമായിരുന്നു. അപ്പോൾ സ്വഹാബാക്കൾ വീടുകളിലുള്ളതെല്ലാം കൊണ്ടുവരും. വിവിധ സാധനങ്ങൾ അവിടെ കുന്നുകൂടും.

ജമാഅത്തുപരമായ ആവശ്യങ്ങൾക്ക് ചന്ദ വേണം. സമ്പത്ത് അനിവാര്യമാകുന്നു. സാധനങ്ങൾ ആവശ്യമാണ്. എപ്പോഴും പ്രവാചകന്മാരുടെ സംഘങ്ങൾ ഇക്കാര്യം മനസ്സിലാക്കിയിരുന്നു. തങ്ങളുടെ തലത്തിൽ കഴിവനുസരിച്ച് അവർ ത്യാഗങ്ങൾ ചെയ്തിട്ടുണ്ടായിരുന്നു.

ധനത്യാഗത്തിന്റെ അനുഗ്രഹങ്ങളെ സംബന്ധിച്ച് നബിﷺതിരു

മേനി ഒരിക്കൽ ഉപദേശിച്ചു കൊണ്ട് പറഞ്ഞു. അതായത് തന്റെ ഭാര്യാസഹോദരിയായ ഹദ്റത്ത് അസ്മയെ ഉപദേശിച്ചു കൊണ്ടു പറഞ്ഞു: "സമ്പത്ത് സൂക്ഷിച്ച് പാത്രത്തിന്റെ വായ നീ കെട്ടിവെക്കരുത്. അങ്ങനെ ചെയ്യുന്ന പക്ഷം തന്റെ പാത്രത്തിന്റെ വായ നിനക്കെതിരായി അല്ലാഹുവും കെട്ടിവെക്കും. നീ ധനം എണ്ണിക്കണക്കാക്കി വെക്കരുത്. നിനക്കെതിരിൽ അല്ലാഹുവും എണ്ണിക്കണക്കാക്കി വെച്ചു കളയും. പറയുന്നു: "നിങ്ങളുടെ കഴിവനുസരിച്ച് തുറന്നനിലയിൽ ചെലവഴിക്കുക. അല്ലാഹു തന്നുകൊണ്ടേയിരിക്കുന്നതാണ്." *(സ്വഹീഹ് ബുഖാരി, കിതാബുസ്സക്കാത്ത് ഹദീഥ് 1433)*

നബിﷺതിരുമേനി മറ്റൊരു സന്ദർഭത്തിൽ പറഞ്ഞു: ഹദറത്ത് അബൂഹുറയ്റؓനിവേദനം. എല്ലാ ദിവസവും രണ്ടു മലക്കുകൾ ഇറങ്ങുന്നു. അവരിലൊരാൾ പറയുന്നു:"അല്ലാഹുവേ, ചെലവഴിക്കുന്ന ഔദാര്യവാന് നീ കൂടുതൽ നൽകുകയും അയാളെ പിൻപറ്റുന്നവരെ നീ സൃഷ്ടിക്കുകയും ചെയ്യേണമേ. അപ്പോൾ അടുത്ത മലക്ക് പറയും: "അല്ലാഹുവേ! പിശുക്ക് കാണിച്ചു തടഞ്ഞു വെക്കുന്നവരുടെ സമ്പത്ത് നീ നശിപ്പിക്കേണമേ."*(സ്വഹീഹ് ബുഖാരി, കിതാബുസ്സക്കാത്ത് ഹദീഥ് 1442)*

ഏതായിരുന്നാലും ഈ രഹസ്യം, അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവന്റെ പ്രാധാന്യം ഇന്ന് അഹ്മദികൾക്ക് നല്ലവണ്ണം അറിയാം. അതിനൊരുപാട് ഉദാഹരണങ്ങൾ അഹ്മദിയ്യ ചരിത്രത്തിൽ നിറഞ്ഞു കിടക്കുന്നു. എല്ലാദിവസവും അതിൽ വർധന ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഒരാൾ എഴുതി:എന്റെ കൈയിൽ കുറച്ചു തുക മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടെനിക്ക് കച്ചവടം ചെയ്യേണ്ടിയിരുന്നു. അത്യാവശ്യമുള്ള സാധനങ്ങളും വാങ്ങേണ്ടിയിരുന്നു. വളരെ സന്നിഗ്ധ ഘട്ടമായിരുന്നു. അതുകൊണ്ട് കച്ചവടംതന്നെ നടക്കുമോ എന്നു പോലും എനിക്കറിയില്ലായിരുന്നു. എന്റെ പിതാവ് എന്നോടു പറഞ്ഞു: "നിന്റെ കൈയിലുള്ള ഈ പണം മുഴുവനും നീ ചന്ദ കൊടുക്കുക, അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യുക." അങ്ങനെ ഞാൻ ചന്ദ കൊടുത്തു. പിന്നെ അല്ലാഹു ഒരു സാഹചര്യമുണ്ടാക്കുകയും അങ്ങനെ എനിക്ക് ഒരു ഓർഡർ കിട്ടുകയും ചെയ്തു. അതുമുഖേന എനിക്ക് ഒരുപാട് ഇരട്ടി തുകയാണ് ലഭിച്ചത്. പിന്നെ ഞാൻ കച്ചവടം ആരംഭിച്ചു. അതിലും അല്ലാഹു അനുഗ്രഹം ചെയ്യുകയും ധാരാളമായി സമ്പത്ത് വന്നുചേരുകയും ചെയ്തു."

അതായത് ഈ അനുഭവങ്ങൾ അല്ലാഹു ഇക്കാലഘട്ടത്തിലും ഹദ്റത്ത് മസീഹ് മൗഊദ്ؑനെ വിശ്വസിക്കുന്ന അദ്ദേഹത്തിന്റെ ദാസന്മാരുടെ ഈമാനിനെ ബലപ്പെടുത്തുന്നതിന് വേണ്ടി കാണിച്ചു കൊടുത്തു കൊണ്ടിരിക്കുന്നു.

നബിﷺതിരുമേനി വിവിധ സന്ദർഭങ്ങളിൽ സാമ്പത്തിക ത്യാഗത്തിനു വളരെയേറെ ആഹ്വാനങ്ങൾ നൽകിയിരുന്നു. നബിﷺതിരുമേനി പറഞ്ഞു: ഇത് ഹദീഥ് ഖുദ്സി എന്ന പേരിലാണ് അറിയപ്പെടുന്നത്. അതായത് "അല്ലാഹു പറഞ്ഞതായി നബിﷺതിരുമേനി വിവരിക്കുന്നു. അല്ലാഹു പറയുന്നു: അല്ലയോ ആദമിന്റെ മക്കളേ! നിങ്ങളുടെ ഖജനാവുകൾ എന്റെ പക്കൽ നൽകി നിങ്ങൾ സമാധാനത്തോടെ കഴിയുക. അതിൽ തീ പിടിക്കുമെന്ന ആശങ്ക അതല്ലെങ്കിൽ വെള്ളംകയറുമെന്ന വിഷമം അതുമല്ലെങ്കിൽ കള്ളൻ കൊണ്ടുപോകുമെന്ന പേടിയും വേണ്ട. എന്റെ പക്കൽ വെച്ചിട്ടുള്ള സമ്പത്ത് നീ അതിന്റെ ഏറ്റവും ആവശ്യക്കാരനായി വരുമ്പോൾ നിനക്ക് നൽകുന്നതായിരിക്കും. അതായത് മരണത്തിനു ശേഷമുള്ള ജീവിതം! അന്ന് ഒരു കാര്യവും മനുഷ്യന് അറിയുന്നതല്ല, അവനോടു എങ്ങനെയാണ് പെരുമാറുക എന്നുമറിയില്ല. അയാൾക്ക് തന്റെ നന്മയെ സംബന്ധിച്ചും പറയാൻ കഴിയുന്നതല്ല. അല്ലാഹു പറയുന്നു: നിങ്ങളുടെ ത്യാഗങ്ങൾക്കു ഞാൻ പ്രതിഫലം നൽകുന്നതാണ്. അതുമുഖേന നിങ്ങളുടെ പാപപ്പൊറുതിക്ക് സാഹചര്യം ഒരുക്കുന്നതാണ്.' *(അൽജാമിഉ ലിശുഅ്ബിൽഈമാൻ ലിൽബയ്ഹഖി വാല്യം 5, പേജ് 46, ഹദീഥ് 3071, മക്തബത്തുർറുശ്ദ്)*

ഈ കച്ചവടമാണ് ഒരു വിശ്വാസി അല്ലാഹുവുമായി നടത്തുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്ؑഒരു സ്ഥലത്ത് പറയുന്നു:'പിശുക്കും വിശ്വാസവും ഒരു ഹൃദയത്തിൽ ഒരുമിച്ചു കൂടുകയില്ലെന്ന് ഞാൻ ദൃഢമായും മനസ്സിലാക്കുന്നു. വിശ്വസിക്കുന്ന ഒരാൾ തന്റെ സമ്പത്ത് പെട്ടികളിൽ അടച്ചുവെച്ചു. അത് സമ്പത്ത് മാത്രമാണെന്ന് മനസ്സിലാക്കുന്നില്ല. മറിച്ച് അല്ലാഹുവിന്റെ എല്ലാ ഖജനാവുകളെയും തന്റെ ഖജനാവുകളായി മനസ്സിലാക്കുന്നു. പ്രകാശം വരുമ്പോൾ അന്ധകാരം അകലുന്നതുപോലെ ഇതുമുഖേന പിശുക്ക് അകലുന്നു."*(മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 3, പേജ് 498, 1989 പതിപ്പ്)*

വീണ്ടും പറയുന്നു: നമ്മുടെ സമൂഹം ഈ പ്രസ്ഥാനത്തിനു വേണ്ടി നല്ലപോലെ സേവനങ്ങൾ ചെയ്യേണ്ടതാണ്. സാമ്പത്തികമായും സേവനം ചെയ്യുന്നതിൽ അമാന്തം കാണിക്കരുത്. ലോകത്ത് ഒരു പ്രസ്ഥാനവും ചന്ദ കൂടാതെ നടക്കുന്നതല്ല. നബിﷺതിരുമേനിയും മൂസാനബിؑയും ഈസാനബിؑയും തുടങ്ങി എല്ലാ പ്രവാചകന്മാരുടെ കാലത്തും സമ്പത്ത് സമാഹരിച്ചിട്ടുണ്ട്. അതിനാൽ നമ്മുടെ ജമാഅത്തും ഇക്കാര്യം മനസ്സിലാക്കേണ്ടതാണ്. അവർ കൃത്യമായി ഓരോരോ പൈസ വർഷം മുഴുവനും കൊടുക്കുകയാണെങ്കിൽ ഒരുപാട് കാര്യങ്ങൾ സാധ്യമാകുന്നതാണ്."*(മൽഫൂദാത്ത് വാല്യം 6, പേജ് 38–39, 1984 പതിപ്പ്)*

ഇതു സംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽؓന്റെ മാതൃക എന്തായിരുന്നുവെന്നും എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ദൗത്യം പൂർത്തീകരിക്കുന്നതിന് ത്യാഗം ചെയ്തതെന്നും നോക്കുക:

ഹദ്റത്ത് മസീഹ് മൗഊദ് ؑ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽؓനെ കുറിച്ച് പറയുന്നു: "ഞാൻ അനുമതി കൊടുക്കുകയാണെങ്കിൽ അദ്ദേഹം എല്ലാ സമ്പത്തും ഈ മാർഗത്തിൽ അർപ്പിച്ചുകൊണ്ട് തന്റെ ആത്മീയമായ സൗഹൃദം പോലെ ഭൗതികമായ ബന്ധവും എല്ലാ സമയത്തും എന്റെ സഹവർത്തിത്വത്തിൽ കഴിഞ്ഞു കൂടുന്നതിന്റെ കടപ്പാടും നിറവേറ്റുന്നതാണ്." തുടർന്ന് അദ്ദേഹം എഴുതുന്നു: 'ഞാൻ അദ്ദേഹത്തിന്റെ ചില കത്തുകളിലെ വരികൾ ഉദാഹരണമായി കാണിക്കാം. അദ്ദേഹം അതായത് ഖലീഫത്തുൽ മസീഹ് അവ്വൽ, ഹദ്റത്ത് മസീഹ് മൗഊദ്ؑന് എഴുതുന്നു: "ഞാൻ അങ്ങയുടെ മാർഗത്തിൽ തെണ്ടമാകുന്നു. എന്റേതായിട്ടുള്ളതൊന്നുമില്ല. പീറും മുർശിദുമായുള്ളോവേ! ഞാൻ തികഞ്ഞ സത്യസന്ധതയോടെ കൂടി പറയട്ടെ, എന്റെ എല്ലാ സമ്പത്തും പ്രചാരണത്തിനു വേണ്ടി ചെലവഴിക്കപ്പെടുകയാണെങ്കിൽ ഞാനെന്റെ ഉദ്ദേശ്യത്തിൽ വിജയിച്ചിരിക്കുന്നു. ഇനി ബറാഹീനെ അഹ്മദിയ്യാ പ്രസിദ്ധീകരണത്തിന് പ്രയാസമുണ്ടെങ്കിൽ അതായത് വാങ്ങുന്നവരുടെ എണ്ണത്തിലെ കുറവ് കാരണം, പൈസ കിട്ടാത്തതു കാരണം പുസ്തക പ്രസിദ്ധീകരണത്തിൽ എന്തെങ്കിലും തടസ്സമുണ്ടാകുകയാണെങ്കിൽ എനിക്ക് അനുമതി നൽകിയാൽ ഞാൻ അതിന്റെ മുഴുവൻ തുകയും നൽകി അത് തിരിച്ചടയ്ക്കുന്നതാണ്. വരുന്ന വരുമാനവും തിരിച്ചു നൽകുന്നതായിരിക്കും.' വളരെ വേദനയോടെ അദ്ദേഹം പറയുന്നു: 'അതെന്റെ ഒരു സൗഭാഗ്യമായിരിക്കും.' മാത്രമല്ല അദ്ദേഹം പറയുന്നു: 'എന്റെ ഉദ്ദേശ്യം ബറാഹീൻ പ്രസിദ്ധീകരിക്കുന്നതിനുള്ള മുഴുവൻ ചെലവും വഹിക്കാൻ എന്നെ അനുവദിച്ചാലും.' ഇതായിരുന്നു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ത്യാഗത്തിന്റെ നിലവാരം.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിؓവഖ്ഫു ജദീദിന്റെയും തഹ്‌രീക്കെ ജദീദിന്റെയും വിളംബരം നടത്തിയപ്പോൾ ഒരുപാടാളുകൾ, ദരിദ്രരായ ജനങ്ങൾ ചെറിയ ചെറിയ സംഖ്യകൾ ചന്ദകൾ നൽകാൻ തുടങ്ങി. ചിലർ കോഴി കൊണ്ടുവന്നു, ചിലർ കോഴിമുട്ടയുമായാണ് വന്നത്. എന്നിട്ട് പറഞ്ഞു: ഞങ്ങളുടെ കൈയിലുള്ളതെല്ലാം കൊണ്ടുവന്നിട്ടുണ്ട്. അക്കാലഘട്ടത്തിലും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി ദരിദ്രരായ ആളുകളുടെ ഉദാഹരണങ്ങൾ പറയുന്നതോടൊപ്പം ചില മഹാത്മാക്കളുടെ മാതൃകയും വിവരിച്ചിരുന്നു.

ഇതിൽ അദ്ദേഹം ഹദ്റത്ത് ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബിന്റെ ഒരു ഉദാഹരണം സമർപ്പിക്കുന്നുണ്ട്. ഇദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ ആദ്യത്തെ ഭാര്യ അതായത് ഹദ്റത്ത് ഉമ്മു നാസ്വറിന്റെ മാതാവും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ മാതാമഹനുമായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഎഴുതുന്നു: അദ്ദേഹം അതായത് ഹദ്റത്ത് ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബ് തന്റെ ഒരു സുഹൃത്തിൽനിന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ വാദങ്ങൾ കേട്ടത്. അതു കേട്ടപ്പോൾ പറഞ്ഞു: "ഇത്രയും വലിയൊരു വാദം നടത്തിയ വ്യക്തി വ്യാജനാകാൻ തരമില്ല. ആയതിനാൽ എനിക്കെന്തെങ്കിലും തെളിവുകളുടെ ആവശ്യമില്ല. ഈ വാദംതന്നെ വളരെ വലുതാണ്. എനിക്ക് വേറെ ഒരു വാദവും കേൾക്കേണ്ട കാര്യമില്ല. ഞാൻ വിശ്വസിക്കുന്നു." അദ്ദേഹം വളരെ വേഗം ബയ്അത്തു ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്ؑ തന്റെ 12 ഹവാരീങ്ങളുടെ കൂട്ടത്തിൽ അദ്ദേഹത്തിന്റെ പേരും എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സാമ്പത്തികത്യാഗം ഒരുപാട് ഉയർന്നതായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്ؑഅദ്ദേഹത്തിന് ഇങ്ങനെ എഴുതി: "താങ്കളുടെ സാമ്പത്തികത്യാഗം ഒരുപാടായിരിക്കുന്നു. ഇനി ത്യാഗം ചെയ്യേണ്ട കാര്യമില്ല" എന്നു പറഞ്ഞ് രേഖാമൂലം ഒരു സർട്ടിഫിക്കറ്റുതന്നെ നല്കി. അദ്ദേഹമാകട്ടെ ത്യാഗം ചെയ്തു കൊണ്ടേയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്ؑ പക്ഷേ,

ഇങ്ങനെയാണ് അദ്ദേഹത്തോടുള്ള സന്തോഷം പ്രകടിപ്പിച്ചത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ എഴുതുന്നു: "എനിക്ക് ഓർമ്മയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഒരു കേസ് ഗുർദാസ്പൂരിൽ നടന്നിരുന്നു. അതിൽ അദ്ദേഹത്തിന് പണത്തിന്റെ ആവശ്യം നേരിട്ടു. അദ്ദേഹം സുഹൃത്തുക്കൾക്ക് ആവശ്യങ്ങളെഴുതി അറിയിച്ചു: 'ചെലവുകൾ വർധിക്കുകയാണ്. 2 സ്ഥലത്ത് ലങ്കർഖാനകളായിട്ടുണ്ട്. ഒന്ന് ഖാദിയാനിലും മറ്റൊന്ന് ഗുർദാസ്പൂരിലും." ഹദ്റത്ത് മസീഹ് മൗഊദ്ؑ ഗുരുദാസ്പൂരിലായതുകൊണ്ട് അവിടെയും ആളുകൾ കാണാൻ വന്നിരുന്നു. അവർക്ക് ഭക്ഷണം നൽകിയിരുന്നു. പറയുന്നു: "കേസിനുള്ള ചെലവുകൾക്കു പുറമേ വേറെയും ചെലവുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് സ്നേഹിതന്മാർ സംഭാവനയിൽ ശ്രദ്ധിക്കേണ്ടതാണ്.' അതായത് ചെലവുകൾക്കുവേണ്ടി ചന്ദ നല്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ആഹ്വാനം ഡോക്ടർ സാഹിബിന്റെ അടുത്തെത്തിയപ്പോൾ യാദൃച്ഛികമെന്ന് പറയട്ടെ അന്നേ ദിവസം ശമ്പളവും വന്നിട്ടുണ്ടായിരുന്നു. അത് ഏറെക്കുറെ നാൽപതോ അമ്പതോ രൂപയായിരുന്നു. അത് അക്കാലഘട്ടത്തിൽ വലിയൊരു സംഖ്യയുമായിരുന്നു. ശമ്പളത്തിന്റെ മുഴുവൻ തുകയും ആ സമയത്തുതന്നെ അദ്ദേഹം അയച്ചു കൊടുത്തു. ഒരാൾ ഡോക്ടർ സാഹിബിനോടു പറഞ്ഞു: അങ്ങ് വീട്ടു ചെലവിനും കുറച്ചൊക്കെ ബാക്കിവെച്ചാലും! അപ്പോൾ ഡോക്ടർ സാഹിബ് പറഞ്ഞു: ദൈവത്തിന്റെ മസീഹ് ദീനി ആവശ്യങ്ങൾക്ക് പണം വേണമെന്ന് പറയുമ്പോൾ എനിക്കത് എങ്ങനെ മാറ്റിവെയ്ക്കാൻ കഴിയും? ചുരുക്കത്തിൽ ഡോക്ടർ സാഹിബ് ദീനീ ത്യാഗങ്ങൾക്കുവേണ്ടി ഒരുപാട് മുൻപന്തിയിലായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് ؑ അദ്ദേഹത്തെ ഇക്കാര്യത്തിൽ തടയണമെന്നുപോലും ചിന്തിച്ചു പോയിട്ടുണ്ട്. മാത്രമല്ല അദ്ദേഹത്തോട് ഇനി താങ്കൾ ത്യാഗം ചെയ്യേണ്ട ആവശ്യമില്ലെന്നും പറഞ്ഞു.*(തഖാരീർ ജൽസസാലാന 1926, അൻവാറുൽ ഉലൂം വാല്യം 9, പേജ്403)*

ഇതാണ് കഴിഞ്ഞകാല സ്വഹാബാക്കൾ സ്ഥാപിച്ച ഉദാത്ത മാതൃക. അതാണ് ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ സ്വഹാബാക്കൾ സ്ഥാപിച്ച മാതൃകയും. പിന്നീട് ഖിലാഫത്ത് കാലഘട്ടത്തിലും ഈ മാതൃക കാണാൻ കഴിയുന്നു.

ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ കാലത്തുള്ള രണ്ടു സംഭവങ്ങൾ വിവരിക്കാം. ഹദ്റത്ത് സൂഫി നബി ബഖ്ശ് സാഹിബ് മുഹാജിർ ഖാദിയാൻ പറയുന്നു: "ഒരിക്കൽ ഞാൻ ജൽസാ സാലാനയിൽ പങ്കെടുക്കാൻ വന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ തിരുസന്നിധിയിൽ ഹാജരായി. ഒറ്റയ്ക്ക് ആ മഹാത്മാവിനോടു ചില കാര്യങ്ങൾ പറയണമെന്നാഗ്രഹിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്ؑ പറഞ്ഞു: 'അകത്തു വരൂ.' പറയുന്നു: യാദൃച്ഛികമെന്നു പറയട്ടെ വാതിലിലൂടെ ഞാൻ അകത്തു കയറി. അത് തുറന്നുതന്നെ ഇരുന്നു. എന്റെ കൂടെ വേറെയും ചിലയാളുകൾ അകത്തുവന്നു. ഞാൻ പറഞ്ഞു: 'എന്റെ പിതാവ് പറയുന്നു, 'ഞാൻ മകന് നല്ല ഉയർന്ന വിദ്യാഭ്യാസം നൽകി. ജോലിയായി കഴിഞ്ഞപ്പോൾ ഞങ്ങളെ സേവിക്കുന്നില്ല. പിതാവ് പരാതിപ്പെടുന്നത് താനിത്രയും പഠിപ്പിച്ചിട്ടും മകൻ തങ്ങളെ സേവിക്കുന്നില്ലെന്നാണ്. സാമ്പത്തിക സഹായം ചെയ്യേണ്ടതാണ് പക്ഷേ, ചെയ്യുന്നില്ല.' പറയുന്നു: ഞാൻ മസീഹ് മൗഊദ്ؑനോടു പറഞ്ഞു: 'പിതാവ് ഉന്നത വിദ്യാഭ്യാസം നൽകിയെന്നും പക്ഷേ, സേവനം ചെയ്യുന്നില്ലെന്നും പറയുന്നു. ഭാര്യ പറയുന്നു: നല്ല അഹ്മദിയാണ്! എന്റെ കൈയിലുണ്ടായിരുന്ന ആഭരണവും വിറ്റിരിക്കുന്നു. എല്ലാ വസ്തുക്കളും എടുത്ത് ചന്ദയിൽ കൊടുക്കുകയാണ്." ഒരുപക്ഷേ, വീട്ടുകാര്യങ്ങൾ നടത്തുന്നതിന് ആഭരണങ്ങൾ വിൽക്കേണ്ടി വന്നപ്പോൾ അതല്ലെങ്കിൽ എന്തെങ്കിലും ആവശ്യം വന്നപ്പോൾ ആഭരണങ്ങൾ വിൽക്കേണ്ടി വന്നിട്ടുണ്ടാകും. പറയുന്നു: 'പിതാവിനും പരാതിയാണ്, ഭാര്യയ്ക്കും പരാതിയാണ്.' തുടർന്ന് മസീഹ് മൗഊദ് ؑനോടു പറഞ്ഞു: ഞാൻ കാണുന്നത് ഇപ്പോൾ ഞാൻ ഖാദിയാനിൽ വന്നിരിക്കുന്നു, ഇവിടെയുള്ള കാഴ്ചകൾ ജമാഅത്തിനെ സേവിക്കുന്നതിനുവേണ്ടി അങ്ങയുടെ ശിഷ്യന്മാർ ആയിരക്കണക്കിന് രൂപ ചെലവഴിക്കാൻ സന്നദ്ധരായിരിക്കുന്നതാണ്. അങ്ങ് ദുആ ചെയ്താലും. അല്ലാഹു എനിക്ക് ഇരട്ടിയോ മൂന്നിരട്ടിയോ ശമ്പളം കിട്ടുകയാണെങ്കിൽ ഞാനും അങ്ങയുടെ സേവനം ചെയ്തുകൊണ്ടിരിക്കുന്നതാണ്. ഈ പരാതികൾ പരാമർശിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: 'ജനങ്ങളുടെ മാതൃകകൾ കാണാൻ കഴിയുന്നു. അപ്പോൾ എന്റെ ഹൃദയത്തിലുണ്ടാകുന്ന ആഗ്രഹം ഞാൻ അതിനെക്കാൾ അധികം നൽകണമെന്നാണ്. പിന്നെ അല്ലാഹു അതിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്തു. അദ്ദേഹത്തിന് മറ്റു രാഷ്ട്രങ്ങളിൽ ജോലി ലഭിക്കുകയും ശംബളം വർധിക്കുകയും ചെയ്തു. അദ്ദേഹം സാമ്പത്തികമായി സഹായിച്ചു, കുടുംബക്കാരേയും സഹായിച്ചു. *(സ്വഹാബത്തിന്റെ (പ്രസിദ്ധീകരിക്കാത്ത)രജിസ്റ്റർ നമ്പർ 15, പേജ് 105, നിവേദനം ഹദ്റത്ത് സൂഫീ നബി ബഖ്ശ് സാഹിബ്)*

ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ പരിശുദ്ധ ശക്തിയുടെ ഫലമായി ഇക്കാലഘട്ടത്തിലും അതായത് അന്നും ഭൗതികശക്തിയുടെ കാലഘട്ടമായിരുന്നു, ഭൗതികമായ കാര്യങ്ങൾ ആധിപത്യം പുലർത്തിയിരുന്നു, എന്നിട്ടും അവർ ത്യാഗങ്ങൾ ചെയ്തു കൊണ്ടിരുന്നു. ഇന്നും ഈ മാതൃകകൾ നമുക്ക് കാണാൻ കഴിയുന്നുണ്ട്. ഇപ്പോഴാകട്ടെ ഭൗതികതയുടെ കാലഘട്ടം വളരെയേറെ ആധിപത്യം പുലർത്തിയിരിക്കുന്നു. എന്നിട്ടും ദൈവമാർഗത്തിൽ അവർ ചെലവഴിക്കുന്നു. ചില ദരിദ്രരായ ആളുകളുണ്ട്. അവർ എങ്ങനെയാണ് ഇന്നും ത്യാഗങ്ങൾ ചെയ്യുന്നതെന്ന് നമുക്കു നോക്കാം. ആഫ്രിക്കയിലെ ചിലയാളുകൾ തങ്ങളുടെ സംഭവങ്ങൾ അയച്ചു തന്നിട്ടുണ്ട്. പക്ഷേ, ഞാനാദ്യം ഹദ്റത്ത് മസീഹ് മൗഊദ് ؑന്റെ കാലഘട്ടത്തിലുണ്ടായിരുന്ന പാവപ്പെട്ട ആളുകളുടെ ഉദാഹരണങ്ങൾ സമർപ്പിക്കാം.

ഹദ്റത്ത് ഖാളി ഖമറുദ്ദീൻ സാഹിബ്ؓ സാഈൻ ദിവാൻ ശാനെ കുറിച്ച് ഒരു സംഭവം വിവരിക്കുന്നു. ഞാൻ സാഈൻ സാഹിബിനോടു താങ്കൾക്ക് ഖാദിയാനിൽ പോകുന്നതിന് പ്രത്യേകിച്ച് വല്ല കാരണവുമുണ്ടോ എന്ന് ഇടയ്ക്കിടെ അന്വേഷിച്ചിരുന്നു. അദ്ദേഹം ഒരുപാടുതവണ ഖാദിയാനിൽ പോയിരുന്നു. സാഈൻ സാഹിബ് അദ്ദേഹത്തിന്റെ അതായത് ഖാളീ സാഹിബിന്റെ ഗ്രാമത്തിലൂടെയാണ് ഖാദിയാനിൽ പോയിരുന്നത്. പോകുന്ന വഴിയിൽ അവിടെ തങ്ങിയിരുന്നു. പറയുന്നു: "സാഈൻ ദീവാൻ ശാഹ് സാഹിബ് നാരോവാൾകാരനായിരുന്നു. നടന്നാണ് ഖാദിയാനിൽ പോയിരുന്നത്. നാരോവാൾ മുതൽ ഖാദിയാൻവരെയും ഒരുപാടു മൈൽ ദൂരം അദ്ദേഹത്തിന് പോകേണ്ടി വന്നിരുന്നു. ഇനി ഇടവഴിയിലൂടെ ഷോട്ട് കട്ട് പോവുകയാണെങ്കിലും ഏകദേശം 100 മൈൽ കാൽനടയായി താണ്ടണമായിരുന്നു. അദ്ദേഹം സാഈൻ സാഹിബിനോടു ചോദിച്ചു: 'ഖാദിയാനിൽ പ്രത്യേക ഉദ്ദേശ്യത്തോടെയാണോ പോകുന്നത്? അതല്ല ഹദ്റത്ത് മസീഹ് മൗഊദ്ؑനെ മുലാഖാത്ത് ചെയ്യാനുള്ള ആഗ്രഹം കൊണ്ട് മാത്രമോ?' സാഈൻ സാഹിബ് പറഞ്ഞു: 'ഞാൻ ദരിദ്രനാണ്. ഒന്ന്, ഹദ്റത്ത് മസീഹ് മൗഊദ്ؑനെ കാണാനുള്ള ഉൾക്കടമായ ആഗ്രഹം. രണ്ട്, ഞാൻ പാവപ്പെട്ടവനാണ്. ധനികരായ ആളുകൾ നൽകുന്നതുപോലെ നൂറും ആയിരങ്ങളും ഒന്നും ചന്ദ കൊടുക്കാൻ കഴിവില്ല. ഞാൻ ലങ്കർ ഖാനയിൽ പോയി (കയർ കൊണ്ടുള്ള)കട്ടിൽ മടഞ്ഞു കൊടുക്കും. എന്റെ ശിരസ്സിൽ നിന്നും ചന്ദ ഒഴിയുകയും ചെയ്യും. അതായത് കട്ടിലുകൾ സൗജന്യമായി മടഞ്ഞു കൊടുക്കും. അങ്ങനെ ചന്ദയുടെ ഭാരം കുറയുകയും ചെയ്യും. ചന്ദ കൊടുക്കുന്ന ഒരു ചിന്തകൊണ്ടുള്ള ഭാരം ഇറങ്ങിപ്പോകുന്നതാണ്."

കട്ടിലുകൾ മടഞ്ഞു കൊടുക്കുന്ന ജോലി കാരണം എനിക്ക് സംതൃപ്തി കിട്ടുന്നു. കട്ടിലുകൾ മടഞ്ഞു കൊടുക്കുന്നു, അങ്ങനെ കൂലിപ്പണി കൊണ്ട് എനിക്ക് തൃപ്തി കിട്ടുന്നു. അതുതന്നെയാണ് എന്റെ ചന്ദയും.

## • ഹദീഥുന്നബ്‌വിﷺ •

**'പ്രായപൂർത്തിയായ ഓരോരുത്തരും വെള്ളിയാഴ്ച കുളിക്കേണ്ടത് നിർബന്ധമാകുന്നു. അവൻ ദന്തധാവിനി ഉപയോഗിക്കേണ്ടതും കഴിയുമെങ്കിൽ സുഗന്ധദ്രവ്യം ഉപയോഗിക്കേണ്ടതുമാകുന്നു.'**(ബു. 11:3)

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM.

## • ഹദീഥുന്നബ്‌വിﷺ •

**"കപടവിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു: അവൻ പറയുമ്പോൾ കള്ളം പറയുന്നു. അവനൊരു വാഗ്ദാനം ചെയ്താൽ അത് ലംഘിക്കുന്നു. അവനെ അമാനത്തുമുതൽ ഏല്പിച്ചാൽ വിശ്വാസവഞ്ചന കാണിക്കുന്നു.'** (ബു. 2:23)

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ഈ ആത്മാവാണ് അക്കാലത്തെ ദരിദ്രരായവരിലും ഉണ്ടായിരുന്നത്. ഇക്കാലഘട്ടത്തിലും അല്ലാഹു എങ്ങനെയാണ് ഈ ആത്മാവ് മനസ്സുകളിൽ സൃഷ്ടിച്ചിട്ടുള്ളതെന്ന് നോക്കുക. വിദൂര രാജ്യങ്ങളിലെ ആളുകൾക്ക് ഏതാനും വർഷം മുമ്പേയാണ് അഹ്മദിയ്യത്തിനെ പറ്റി അറിയാൻ കഴിഞ്ഞത്. അവർ ഇസ്‌ലാം സ്വീകരിച്ച് അഹ്മദിയ്യത്തിൽ പ്രവേശിച്ചു. അവരുടെ ധനത്യാഗത്തിന്റെ താൽപര്യത്തിനുള്ള അത്ഭുതാവഹമായ കാഴ്ചകളും കാണാൻ കഴിയുന്നു. 1400 വർഷം മുമ്പേയുള്ള ആവേശം അവരിൽ കാണപ്പെടുന്നു. ഹദ്റത്ത് മസീഹ് മൗഊദ് അലയ്സ്സലാം തന്റെ കാലഘട്ടത്തിൽ വിവരിച്ച മഹാത്മാക്കളിൽ കാണുന്ന ആവേശം അവരിൽ കാണപ്പെടുന്നു. പ്രസ്തുത ആത്മാവാണ് ഇസ്‌ലാമിനെ സ്വീകരിച്ച ശേഷം വിശ്വാസത്തിന്റെ പുതുമ മുഖേന ഉണ്ടായിട്ടുള്ളത്.

മാർഷൽ ഐലൻഡിലെ മുബല്ലിഗ് എഴുതുന്നു:"ഇവിടെയുള്ള നിസ്വാർഥയായ അഹ്മദി ലാഡറി ആർസുക് സാഹിബ ജമാഅത്തിന്റെ ലങ്കർ നടത്തുന്നതിന് കഠിനാധ്വാനം ചെയ്യുന്നുണ്ട്. ഇവിടെ എല്ലാ ദിവസവും രണ്ടുനേരം ഭക്ഷണം തയ്യാറാക്കുന്നു. ഇവർ വന്ന് സേവനമെന്ന നിലയ്ക്ക് ഭക്ഷണം പാകം ചെയ്യുന്നു. പക്ഷേ, അവർക്ക് ശമ്പളം കിട്ടിയാലുടൻ തന്റേയും പൗത്രന്മാരും പൗത്രിമാരുമായ അഞ്ചുപേരുടേയും ചന്ദ നല്കി ധനത്യാഗം ചെയ്യുന്നു. ജമാഅത്തിൽ ഏറ്റവുമധികം വഖ്ഫെ ജദീദ് ചന്ദ കൊടുക്കുന്നത് ഇവരാണ്. മുറബ്ബി സാഹിബ് പറയുന്നു: 'വളരെ നിർധനമായ വീടാണ്. ഇവരുടെ വീടുകൾ കാണുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ പരിശുദ്ധ വാക്കുകൾ ഓർമ വരുന്നു; 'മുത്തഖിയായ ഒരാൾ ഒരു കുടിലിൽപോലും സന്തോഷവാനായിരിക്കും. അത് ഭൗതികനായ ഒരാൾക്ക് ഉന്നതമായ കൊട്ടാരങ്ങളിൽ പോലും കിട്ടുകയില്ല."

ഇതുപോലെ അവിടെയുള്ള മറ്റൊരു സ്ത്രീ ലോറീൻ സാഹിബയും മാർഷൽ ഐലൻഡ് ജമാഅത്തിലെ ലങ്കറിൽ ജോലി ചെയ്യുന്നു. പറയുന്നു: ഞാൻ വഖ്ഫെ ജദീദ് ചന്ദയെ കുറിച്ച് ഓർമപ്പെടുത്തി.വർഷം തീരുകയാണ്. നമ്മുടെ ചന്ദ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് കുറവാണ് എന്നും പറഞ്ഞു. അതിനു ശേഷം പറയുന്നു: ജുമുഅക്കുശേഷം ലോറീൻ സാഹിബ ഓഫീസിൽ വന്നു. തന്റെ വഖ്ഫെ ജദീദ് ചന്ദ നൽകി. നമുക്ക് കഴിഞ്ഞവർഷത്തെ കുറവു നികത്താനും അല്ലെങ്കിൽ അതിനെക്കാൾ കൂടുതൽ നല്കാനും സാധിക്കുമാറാകട്ടെ.

ഖസാഖ്സ്താനിലെ മുബല്ലിഗ് അയാൻ പറയുന്നു: ഇയാൻ ഇബ്റാഈഫ് സാഹിബ് ചന്ദയെ സംബന്ധിച്ച് പറയുന്നു: ഞാൻ ജീവിതത്തിൽ ഒരു സമയം കണ്ടിട്ടുണ്ട്. ഇയാൻ ഇബ്റാഈഫ് സാഹിബ് പറയുന്നു, എന്റെ കൈയിൽ റൊട്ടി വാങ്ങാൻ പോലും പൈസ ഉണ്ടായിരുന്നില്ല. എനിക്ക് ഭക്ഷണസാധനങ്ങൾ കടമായി വാങ്ങേണ്ടി വന്നിരുന്നു. എന്റെ ഭാര്യ എങ്ങനെയാണ് ജീവിതം മുന്നോട്ട് കൊണ്ടുപോകുക എന്ന കാര്യത്തിൽ വളരെ അസ്വസ്ഥയായിരുന്നു. പക്ഷേ, ആ അവസ്ഥയിലും പറയുന്നു, ഞാൻ ചന്ദ കൊടുക്കാൻ തുടങ്ങി. ഇപ്പോഴും എന്റെ രീതിയനുസരിച്ച് എന്റെ കൈയിൽ പണം വരുമ്പോൾ ഏറ്റവുമാദ്യം ചന്ദ കൊടുക്കുന്നു. എന്നാൽ, അല്ലാഹുവിന്റെ അത്ഭുതപ്പെടുത്തുന്ന സൽപ്പെരുമാറ്റം എന്നോടൊപ്പമുണ്ട്. ഞാൻ ചന്ദ കൊടുക്കുമ്പോൾ അല്ലാഹു എനിക്ക് നല്ല സാമ്പത്തിക സാഹചര്യങ്ങൾ നൽകുന്നു. എന്റെ ഭാര്യ ചില സമയത്ത് ചോദിക്കാറുണ്ട്, ഈ പണം എവിടെന്നാണ് വരുന്നതെന്ന്? ഞാൻ അവളോടു പറയുന്നു, ഇതെല്ലാം ചന്ദയുടെ അനുഗ്രഹങ്ങളാകുന്നു. അല്ലാഹു ആരുടെയും കടം ബാക്കിയാക്കുന്നതല്ല. അല്ലാഹു പറയുന്നു, നിങ്ങൾ സമ്പത്ത് എന്റെ തൃപ്തി ആഗ്രഹിച്ച് ചെലവഴിക്കുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് വർധിപ്പിച്ചു നൽകുന്നതാണ്. അല്ലാഹു അവന്റെ വാഗ്ദാനം പൂർത്തിയാക്കുന്നു."

കാമറൂണിലെ പട്ടണമായ മർവയുടെ അടുത്ത് ഒരു ജമാഅത്തുണ്ട്. അവിടെയുള്ള മുഹമ്മദ് യൂസൻ സാഹിബ് പറയുന്നു: ഞാൻ വളരെ ദരിദ്രനായിരുന്നു. ആളുകളുടെ ഫാമുകളിലാണ് ജോലി ചെയ്തിരുന്നത്. പക്ഷേ, അഹ്മദിയായതിനുശേഷം ചന്ദ കൊടുത്തു തുടങ്ങി. ചന്ദയുടെ അനുഗ്രഹംമൂലം അല്ലാഹു എന്റെ ചന്ദ സ്വീകരിക്കുക മാത്രമല്ല ചെയ്തത്. മറിച്ച് എനിക്ക് സ്വന്തമായി ഫാമും നല്കിയിരിക്കുന്നു. അത് ഞാൻ നല്കിയത് സ്വീകരിച്ചിരിക്കുന്നുവെന്ന സമാധാനം എനിക്ക് നൽകുന്നു. എന്തെന്നാൽ, അല്ലാഹു എന്നെ ഒരുപാട് അനുഗ്രഹിച്ചിരിക്കുന്നു. എന്നെ ഫാമിന്റെ ഉടമസ്ഥനാക്കിയിരിക്കുന്നു. ഞാൻ കൂലിപ്പണി ചെയ്തിരുന്ന കാലം എവിടെ? ഇപ്പോൾ ഞാൻ ഫാമിന്റെ ഉടമയായ കാലം എവിടെ?

നൈജർ ഒരു സാധു ജമാഅത്താണ്. ഇവിടുത്തെ മുബല്ലിഗ് എഴുതുന്നു: ഒരു അഹ്മദി ലാവുലി സാഹിബ് പറയുന്നു: ഞാൻ ടൈഗർനട്ട് കൃഷി ചെയ്യുന്നു. പത്തിലൊന്ന് ചന്ദ കൊടുക്കാമെന്ന് പറഞ്ഞിട്ടൊന്നുമില്ലെങ്കിലും പക്ഷേ, മനസ്സിൽ ആഗ്രഹമുണ്ടായിരുന്നു. സാഹചര്യങ്ങൾ നന്നാവുകയും കൃഷി ഇറക്കിയശേഷം നല്ലപോലെ മഴ കിട്ടുകയും ചെയ്തു. കൃഷി നശിക്കുമോ എന്ന് ആശങ്കയുണ്ടായിരുന്നു. കാരണം വെള്ളത്തിന്റെ ആവശ്യം അത്രമാത്രമുണ്ടായിരുന്നില്ല. എല്ലാവരുടേയും കൃഷി നശിച്ചിരുന്നു, അല്ലെങ്കിൽ വിളവ് വളരെ കുറഞ്ഞുപോയിരുന്നു. പക്ഷേ, അല്ലാഹു എന്റെ കൃഷിയിൽ ഒരുപാട് അനുഗ്രഹം നൽകി. പലയാളുകൾക്കും എനിക്കുള്ളതിനേക്കാളും കൂടുതൽ സ്ഥലത്തുനിന്ന് അഞ്ചോ ആറോ ചാക്ക് അധികം കിട്ടിയിരുന്നു. അവിടെ എനിക്ക് 10 ചാക്ക് ധാന്യം ലഭിച്ചു. 11 ചാക്കുകളാണ് എനിക്ക് കൃഷിയിടത്തുനിന്ന് കിട്ടിയിരുന്നത്. അത്തരം അവസ്ഥയിൽ കൃഷി നശിക്കുമ്പോൾ വിലയും കൂടുന്നു. മാർക്കറ്റിൽ ആളുകൾക്ക് നല്ലപോലെ പണം സമ്പാദിക്കാൻ കഴിയും. പക്ഷേ, അദ്ദേഹം പണത്തിന്റെ ആർത്തി കാണിച്ചില്ല. അദ്ദേഹം മനസ്സിൽ അല്ലാഹുവുമായി വാഗ്ദാനം ചെയ്തിരുന്നു. ആരോടും പറഞ്ഞിട്ടില്ല. മനസ്സിൽ അല്ലാഹുവിനോടു വാഗ്ദാനം ചെയ്തതാണ്. അതുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യാൻ തയ്യാറായി. തന്റെ വാഗ്ദാനമനുസരിച്ച് പതിനൊന്നാമത്തെ ചാക്ക് ജമാഅത്തിന് ചന്ദയായി കൊടുത്തു. സമ്പത്തിനോടുള്ള സ്നേഹം അദ്ദേഹത്തെ അതിജയിച്ചില്ല. ഇങ്ങനെ ത്യാഗം ചെയ്യുന്ന ആളുകളിന്നും ജമാഅത്തിലുണ്ട്. എല്ലാ രാജ്യത്തും കാണപ്പെടുന്നുമുണ്ട്.

ഗാംബിയയിലെ ഒരു ജമാഅത്താണ് യൂറോ ബാവൽ. ഇവിടുത്തെ സ്വദ്ർ സാഹിബ് പറയുന്നു; അദ്ദേഹത്തിന് എവിടെനിന്നോ കുറച്ചു തുക കിട്ടി. അത് അദ്ദേഹം രണ്ടായി പകുത്തു. ഒരു ഭാഗം ചന്ദ കൊടുക്കാൻ മാറ്റിവെച്ചു. മറ്റേഭാഗം തന്റെ ആവശ്യങ്ങൾക്കു വേണ്ടിയും. പറയുന്നു:ദൗർഭാഗ്യവശാൽ സ്വന്തം ആവശ്യത്തിനുവേണ്ടി മാറ്റിവച്ച തുക എവിടെയോ നഷ്ടപ്പെട്ടു. ഇനി അദ്ദേഹത്തിന്റെ പക്കൽ ചന്ദകൊടുക്കാൻ മാറ്റിവെച്ച പണം മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളൂ. പക്ഷേ, എന്നിട്ടും, ആവശ്യങ്ങളു ണ്ടായിരുന്നിട്ടും അദ്ദേഹം ചന്ദയുടെ തുക വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഉപയോഗിച്ചില്ല. അദ്ദേഹത്തിനു മേൽ സമ്പത്തിന്റെ സ്നേഹം അതിജയിച്ചില്ല. പണം നഷ്ടപ്പെട്ടതാണ്, അതുകൊണ്ട് അതിൽനിന്ന് പകുതി എടുത്തു ചെലവാക്കാമെന്ന അദ്ദേഹം ഒഴികഴിവും പറഞ്ഞില്ല. അദ്ദേഹം പറഞ്ഞു: ഇല്ല ഈ തുക ചന്ദകൊടുക്കാൻ മാറ്റിവെച്ചതാണ്. അത് ചന്ദയിൽത്തന്നെ കൊടുക്കുന്നതാണ്. പറയുന്നു: അത് ഞാൻ ചന്ദയിൽ കൊടുക്കുകയും ചെയ്തു. പക്ഷേ, അല്ലാഹു ചെയ്തതു നോക്കുക; കുറച്ചു കാലത്തിനു ശേഷം നഷ്ടപ്പെട്ട തുക തിരിച്ചുകിട്ടി. അദ്ദേഹത്തിന്റെ ആവശ്യങ്ങൾ പൂർത്തിയാകുകയും ചെയ്തു. ഇത്തരം ഘട്ടങ്ങളിൽ ആവശ്യങ്ങളുണ്ടാകുമ്പോൾ സമ്പത്തിനോടുള്ള സ്നേഹം തീർച്ചയായും ഉയർന്നുവരുന്നു. പക്ഷേ, ആളുകളുടെ ആശ്ചര്യാവഹമായ ആത്മാർഥതയാണിത്. അല്ലാഹുവിനോടു വാഗ്ദാനം ചെയ്തിരി

ശേഷം പേജ് 12 ൽ

**• ഹദീഥുന്നബ്‌വിﷺ •**

**'എന്റെ സമുദായത്തിനുമേൽ വലിയ ഒരു ചുമടു ഞാൻ ചുമത്തുകയില്ലായിരുന്നെങ്കിൽ ഓരോ വുളുവിനും ദന്തധാവനം ഞാൻ അവരോടു ആജ്ഞാപിക്കുമായിരുന്നു.'** (ബു. 30:27)

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വിﷺ •**

**'ശുദ്ധീരണമില്ലാതെ നമസ്കാരമോ നിയമവിരുദ്ധ മാർഗങ്ങളിൽകൂടി സമ്പാദിച്ചതിൽ നിന്നുള്ള ധർമമോ സ്വീകരിക്കപ്പെടുന്നതല്ല.'** (മിശ്ക്കാത്ത് 3:1)

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

സ്പെഷൽ

# നിസ്സാര കാര്യങ്ങളിൽ ഖുലയും ത്വലാഖുംവരെ കാര്യമെത്തിക്കുന്നത് അങ്ങേയറ്റം ഭയാനകവും അനിഷ്ടകരവുമായ കാര്യമാകുന്നു.

(1946 ജൂൺ 21–ന് ചെയ്ത പ്രസംഗം)

തശഹ്ഹുദും തഅവ്വുദും ഫാതിഹ പാരായണത്തിനും ശേഷം ഖലീഫത്തുൽമാസിഹ് ഥാനിﷺ പപറഞ്ഞു:

മാനുഷികമായ ജീവിതത്തിന്റെ സുപ്രധാനമായ കാര്യങ്ങളിൽപ്പെട്ടതാണ് ഭാര്യാഭർത്താക്കന്മാരുടെ ഭാഗം. ഭൗതികജീവിതത്തിന് മനുഷ്യന് നിർബന്ധമായ കാര്യങ്ങളുണ്ട്. അവ മുഖേന സൗഖ്യവും സമാധാനവും കരസ്ഥമാക്കാവുന്നതാണ്, അതാണ് ഭാര്യാഭർത്താക്കന്മാരുടെ ബന്ധം. ഭാര്യാഭർത്താക്കന്മാരുടെ ബന്ധങ്ങളിൽനിന്ന്, മനുഷ്യന് ലഭിക്കുന്ന സമാധാനവും സൗഖ്യവും അവന് മറ്റൊരു മാർഗത്തിലൂടെയും കരസ്ഥമാക്കാൻ സാധിക്കുകയില്ല. വിശുദ്ധ ഖുർആനിൽ അല്ലാഹു ഈ സാന്നിദ്ധ്യങ്ങളെ പരസ്പരമുള്ള ശക്തിയുടേയും സമാധാനത്തിന്റേയും മാർഗമായി നിശ്ചയിച്ചിരിക്കുന്നു. ഇപ്രകാരം ബൈബിളിൽ വന്നിരിക്കുന്നു; ദൈവം ആദമിനുവേണ്ടി ഹവ്വയെ സൃഷ്ടിച്ചു. അവൾ ആദമിന്റെ സൗഖ്യത്തിനും സമാധാനത്തിനും നിമിത്തമാകുന്നതിനുവേണ്ടി. അതായത് ഹവ്വയെക്കൂടാതെ ആദമിന് സൗഖ്യത്തിന്റേയും സമാധാനത്തിന്റേയും മാതൃക മറ്റൊന്നുമുണ്ടായിരുന്നില്ല. പക്ഷേ, പരസ്പരമുള്ള സമാധാനത്തിനും സൗഖ്യത്തിനും സുഖത്തിനും നിമിത്തമാകുന്ന ഈ രണ്ടു സാന്നിദ്ധ്യങ്ങൾക്കിടയിൽ ചില കാര്യങ്ങൾ വല്ലപ്പോഴുമൊക്കെ വഴക്കിനും കലഹത്തിനും കാരണമാക്കിക്കീർക്കാറുണ്ട്. അവിടെ സുഖത്തിനുംസമാധാനത്തിനും പകരം ഭർത്താവിനെ ഭാര്യയും ഭാര്യയെ ഭർത്താവും ലോകത്ത് ഏറ്റവുമധികം വിഷമിപ്പിക്കുന്നതിന് നിമിത്തമായിത്തീരുന്നു. തങ്ങളുടെ ഭാര്യമാരെ ഏറ്റവും മോശമായി ബുദ്ധിമുട്ടിക്കുന്നതിന് നിമിത്തമാകുന്ന ആയിരക്കണക്കിന് ഭർത്താക്കന്മാരുണ്ട്. തങ്ങളുടെ ഭർത്താക്കന്മാരെ ഏറ്റവും മോശമായി ബുദ്ധിമുട്ടിക്കുന്നതിന് നിമിത്തമാകുന്ന ആയിരക്കണക്കിന് ഭാര്യമാരുമുണ്ട്. അത്തരം അവസ്ഥകളുണ്ടാകുമ്പോൾ നമുക്ക് ഉന്നതമായ മാർഗനിർദേശങ്ങളാണ് നല്കുന്നത്. വാസ്തവത്തിൽ ഈ കൽപ്പനകൾ ഉണ്ടായിരിക്കുമ്പോൾ നമുക്ക് പരിഭ്രമിക്കാനും ചിന്തിക്കാനും ഒരു കാരണവും അവശേഷിക്കുന്നില്ല. പക്ഷേ, പ്രശ്നമതല്ല! ഇസ്‌ലാമിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കാൻ എത്രപേരാണ് തയ്യാറായിട്ടുള്ളത്? അമുസ്‌ലിമീങ്ങൾ ആദ്യമെ മുതൽത്തന്നെ ഇസ്‌ലാമികാധ്യാപനങ്ങൾക്കെതിരിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ടിരിക്കുന്നു. ഇസ്‌ലാമികാധ്യാപനങ്ങളിൽ വിശ്വസിക്കുന്ന മുസ്‌ലിമീങ്ങളും അതിൽനിന്ന് വളരെ ദൂരത്തായി ക്കഴിഞ്ഞിരിക്കുന്നു; വിശുദ്ധ ഖുർനിലേക്ക് വരാൻ ഇഷ്ടപ്പെടുന്നില്ല. പ്രത്യുത മറ്റു കോടതികൾ മുഖേന തങ്ങൾക്കിടയിൽ വിധി നടത്തിക്കാനാഗ്രഹിക്കുന്നു. ഏതെങ്കിലും ഭാര്യയും ഭർത്താവും തമ്മിൽ വഴുക്കുണ്ടാകുകയും അവരോടു ഖുർആനികാധ്യാപനമനുസരിച്ച് ഈ വഴക്ക് അവസാനിപ്പിക്കുക എന്നു പറയുകയും ചെയ്യുമ്പോൾ ബന്ധുക്കൾക്ക് ഇടയ്ക്ക് ചാടി വീഴുന്നു. ഇക്കാര്യങ്ങളനുസരിച്ച് പ്രവർത്തിച്ചാൽ ജീവിക്കാനെങ്ങനെ കഴിയുമെന്ന് പറയാൻ തുടങ്ങുന്നു. നമ്മൾ അതനുസരിച്ച് എങ്ങനെ തീരുമാനമെടുക്കാനാണ്? അതായത് അവരുടെ നോട്ടത്തിൽ വിശുദ്ധ ഖുർആൻ ലൈബ്രറിയുടെ സൗന്ദര്യത്തിനുവേണ്ടിവെക്കുന്ന കഥാപുസ്തകമാണ്. അതനുസരിച്ച് പ്രവർത്തിക്കരുതത്രെ! വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ പ്രാവർത്തികമാക്കാൻ പറ്റാത്തതാണെന്ന് മനസ്സിലാക്കുന്നവർ, ഇസ്‌ലാമിക വൃത്തത്തിനുള്ളിൽ നിൽക്കേണ്ട ആവശ്യമെന്താണ്? അത്തരം വ്യക്തി ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ വിട്ടൊഴിഞ്ഞു പോകേണ്ടവരാണ്. തനിക്ക് പ്രവർത്തിക്കാൻ കഴിയുമെന്ന് തോന്നുന്ന ഏതെങ്കിലും മതം അന്വേഷിക്കേണ്ടതാണ്. കുറഞ്ഞപക്ഷം തന്റെ മനഃസ്സാക്ഷിയെങ്കിലും സ്വതന്ത്രമായിരിക്കുമല്ലോ? അവൻ ഇസ്‌ലാമികാധ്യാപനങ്ങളെ തെറ്റായും അനിഷ്ടകരമായും കരുതുന്നുവെങ്കിൽ അപ്പോൾപ്പിന്നെ മനഃസ്സാക്ഷിയെ കൊന്നുകൊണ്ട് അതിലെന്തിനാണ് പിടിച്ചുതൂങ്ങി നിൽക്കുന്നത്? എന്തുകൊണ്ട് അതുപേക്ഷിച്ച് പോകുന്നില്ല?

ഞാനെന്റെ ജമാഅത്തിനോടു പറയുകയാണ്. നമ്മുടെ ജമാഅത്തിൽ ഭാര്യാ-ഭർത്താക്കന്മാരുടെ വഴക്ക് മുമ്പേയുള്ളതിനെ അപേക്ഷിച്ച് കൂടിക്കൊണ്ടിരിക്കുകയാണ്. വഴുക്കുകളെ സംബന്ധിച്ച് പറയുമ്പോൾ, വഴക്കുണ്ടാകുക എന്നത് ചീത്തക്കാര്യമൊന്നുമല്ല. കാരണം അതു മനുഷ്യന്റെ പ്രത്യേകതയാണ്. ഭാര്യാഭർത്താക്കന്മാരിൽ ഇടയ്ക്കൊക്കെ വഴക്കുണ്ടാകാറുണ്ട്. പക്ഷേ, വഴക്കുണ്ടായതിനുശേഷം ഇസ്‌ലാമികാധ്യാപനങ്ങളെ അവഗണിക്കുക വളരെ മോശപ്പെട്ട കാര്യമാണ്. ഞാൻ കണ്ടിട്ടുണ്ട്, ആളുകൾ അത്തരം അവസ്ഥകളിൽ പൊതുവെ ഇസ്‌ലാമികാധ്യാപനങ്ങളെ പിൻപുറം തള്ളിക്കളയുന്ന അതിരുവരെ എത്തുന്നു. ഇസ്‌ലാമികാധ്യാപനങ്ങളെ മറന്നു കളയുന്നു. എനിക്ക് ഈ അവസ്ഥ വളരെ വിഷമമുണ്ടാക്കുന്നതാണ്. നമുക്കുള്ളത് നബിﷺതിരുമേനിയുടെ മാതൃകയാണ്. നമ്മൾ നബിﷺ തിരുമേനിയെയാണ് നോക്കുന്നത്. അവിടന്ന് ഭർത്താവായിരുന്നുവെന്നു മാത്രമല്ല പ്രത്യുത നബിയുമായിരുന്നു. നബിﷺതിരുമേനി സിദ്ധനുമായിരുന്നു. അവിടന്ന് യജമാനനുമായിരുന്നു. പക്ഷേ, ഇതെല്ലാമായിരുന്നിട്ടും അവിടത്തെ അവസ്ഥ ഇങ്ങനെയായിരുന്നു. ഒരിക്കൽ അവിടന്ന് തന്റെ ഒരു ഭാര്യയോടു രഹസ്യമായൊരു കാര്യം പറഞ്ഞു. ഇത് ആരോടും പറയരുതെന്നും പറഞ്ഞു. പക്ഷേ, അവർ നബിﷺതിരുമേനിയുടെതന്നെ ചില ഭാര്യമാരായ കൂട്ടുകാരികളോടു അതു പറഞ്ഞു. അല്ലാഹു നബിﷺതിരുമേനിയോടു ഇൽഹാമിലൂടെ, അങ്ങയുടെ ആ ഭാര്യം ആ രഹസ്യം അങ്ങയുടെ ചില ഭാര്യമാരോടു പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞു. അതുകേട്ട് നബിﷺതിരുമേനി അവർക്ക് മുന്നറിയിപ്പു നല്കുന്നതിന് തീരുമാനിച്ചു. അവിടന്ന് താൻ ഇനി മസ്ജിദിൽത്തന്നെ കഴിയുന്നതായിരിക്കുമെന്ന് പറഞ്ഞു. വീടുകളിൽ ഭാര്യമാരുടെ അടുത്തു താമസിക്കുകയില്ല.അവിടന്ന് മസ്ജിദിൽ കൂടാരംകെട്ടുന്നതിന് കൽപ്പിച്ചു. അവിടത്തെ കൽപ്പനാൽ മസ്ജിൽ കൂടാരംകെട്ടി. നബിﷺ തിരുമേനി അവിടെ താമസിക്കാൻ തുടങ്ങി. മക്കക്കാർ തങ്ങളുടെ ഭാര്യമാരോടു മയത്തോടെ പെരുമാറാറുണ്ടായിരുന്നില്ല. പ്രത്യുത എപ്രകാരം പഞ്ചാബികൾക്ക് ഭാര്യമാരെ നേരെയാക്കുന്നതിന് ഒരേയൊരു ശുശ്രൂഷയെ അറിയുമായിരുന്നുള്ളു. വടിയെടുക്കുക, അടിച്ചടിച്ച് നേരെയാക്കുക. ഇപ്രകാരം മക്കക്കാർ തങ്ങളുടെ ഭാര്യമാരോടു നിഷ്ഠൂരമായി പെരുമാറിയിരുന്നു. ഏതെങ്കിലും കാര്യത്തിൽ അഭിപ്രായം പറയാനോ അല്ലെങ്കിൽ ഭർത്താക്കന്മാരോടു സംസാരിക്കാനോ ഉള്ള സ്വാതന്ത്ര്യം അവർക്കുണ്ടായിരുന്നില്ല. മദീനയിൽ മക്കയെ അപേക്ഷിച്ച് ഒരു പരിധിവരെ സ്ത്രീകൾക്ക് കൂടുതൽ സ്വാതന്ത്ര്യമുണ്ടയിരുന്നു. എന്തായാലും അല്ലാഹു നബിﷺതിരുമേനി മുഖേന ഏതൊരു സ്വാതന്ത്ര്യമാണോ സ്ത്രീകൾക്ക് നൽകിയിരുന്നത് അത് ആദ്യമെയുണ്ടായിരുന്ന സ്വാതന്ത്ര്യത്തെക്കാൾ വളരെയധികമായിരുന്നു. എന്തായാലും മദീനയിലെ സ്ത്രീകൾ ഇടയ്ക്കിടെ തങ്ങളുടെ ഭർത്താക്കന്മാരുടെ മുമ്പിൽ സംസാരിക്കുമായിരുന്നു. പക്ഷേ, മക്കക്കാരിൽ അതിനിഷ്ഠൂരമായ പ്രവർത്തിതന്നെയാണുണ്ടായിരുന്നത്. നബിﷺതിരുമേനി മസ്ജിദിൽ കൂടാരം നാട്ടിയപ്പോൾ സ്വഹാബാക്കളിൽ കുശുകുശുപ്പുണ്ടാകാൻ തുടങ്ങി. അതായത് അവിടന്ന് തന്റെ ഭാര്യമാരെ ത്വലാഖ് ചൊല്ലിയിരിക്കുന്നു എന്നു തുടങ്ങിയ സംസാരം നടന്നു. അങ്ങനെ ഒരു സ്വഹാബി പരിഭ്രമിച്ചുകൊണ്ട് ഹദ്റത്ത് ഉമർرضിന്റെ അടുത്തെത്തി. ഹദ്റത്ത് ഉമർرضമദീനയിൽനിന്ന് രണ്ടുമൂന്നു മൈൽ വെളിയിലുള്ള ഒരു ഗ്രാമത്തിലാണ് താമസിച്ചിരുന്നത്. ഹദ്റത്ത് ഉമർرضപറയുന്നു:ആ ദിവസങ്ങളിൽ ഞങ്ങൾ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതുതന്നെ വളരെ ഞെരുക്കത്തിലായിരുന്നു. അതുകൊണ്ട് എനിക്ക് നിത്യവും നബിﷺതിരുമേനിയുടെ സന്നിധിയിൽ പോകാൻ കഴിഞ്ഞിരുന്നില്ല. പ്രത്യുത ഞങ്ങൾ ഊഴം നിശ്ചയിച്ചിരുന്നു. ഒരു സ്നേഹിതൻ പോകും. അയാൾ ദിവസം മുഴുവൻ നബിﷺതിരുമേനിയുടെ സ്വുഹ്ബത്തിലിരിക്കും വൈകുന്നേരം തിരിച്ചുവന്ന് നബിﷺതിരുമേനിയുടെ മജ്‌ലിസിൽ നടന്ന എല്ലാ കാര്യങ്ങളും തന്റെ കൂട്ടുകാരോടു പറയും. രണ്ടാമത്തെ ദിവസം അയാൾ ജോലി ചെയ്യും. ആദ്യദിവസം പോകാതിരുന്ന കൂട്ടുകാരൻ നബിﷺതിരുമേനിയുടെ സന്നിധിയിൽ പോകും. അവിടന്ന് പറയുന്ന കാര്യങ്ങൾ കേൾക്കും. വൈകുന്നേരം തിരിച്ചുവന്ന് അവിടെ നടന്ന കാര്യങ്ങൾ കൂട്ടുകാരെ കേൾപ്പി

ക്കും. ഏതു ദിവസമാണോ ഈ സംഭവമുണ്ടായത് അന്ന് ഹദ്റത്ത് ഉമറിന്റെ കൂട്ടുകാരന്റെ ഊഴമായിരുന്നു. അദ്ദേഹം മദീനയിൽനിന്ന് തിരിച്ചെത്തിയപ്പോൾ ഹദ്റത്ത് ഉമറിനോടു പറഞ്ഞു: ഉമറേ! മദീനയിലെന്താണുണ്ടായതെന്ന് നിനക്കറിയുമോ? അദ്ദേഹം പറഞ്ഞു: നബിﷺതിരുമേനി തന്റെ ഭാര്യമാരെ ത്വലാഖ് ചൊല്ലിയിരിക്കുന്നു. അദ്ദേഹം പറഞ്ഞ ഇക്കാര്യം കേട്ട് അദ്ദേഹം ഒരുപാട് പരിഭ്രമിച്ചു. കാരണം നബിﷺതിരുമേനിയുടെ ഭാര്യമാരിൽ ഹദ്റത്ത് ഉമറിന്റെ മകൾ ഹഫ്സ്വയുമുണ്ടായിരുന്നു. ഹദ്റത്ത് ഉമർؓമദീനയിൽ പോയി. ചെന്നുടനെ ഹദ്റത്ത് ഹഫ്സ്വയുടെ വീട്ടിൽ പ്രവേശിച്ചു. എത്തിയപ്പോൾ ഹദ്റത്ത് ഹഫ്സ്വ ഇരുന്നു കരയുകയായിരുന്നു. ഹദ്റത്ത് ഉമർؓചെന്നുടനെ ഹദ്റത്ത് ഹഫ്സ്വയോടു പറഞ്ഞു:വിഡ്ഢി! നബിﷺതിരുമേനിയോടു മര്യാദയോടെ പെരുമാറണമെന്നും ആഇശയെ അനുകരിക്കരുതെന്നും നിന്നോടു പറഞ്ഞിരുന്നില്ലേ. ആഇശയുടെ സ്ഥാനം വളരെ ഉന്നതമാണ്. നിന്റെ സ്ഥാനം വേറെയാണ്. എന്നാൽ, ഞാൻ പറഞ്ഞത് നീ കേട്ടില്ല. ഇപ്പോൾ ഫലം പുറത്തുവന്നിരിക്കുന്നു. പിന്നീട് ഹദ്റത്ത് ഹഫ്സ്വയോടു ചോദിച്ചു:നബിﷺതിരുമേനി എല്ലാ ഭാര്യമാരേയും ത്വലാഖ് ചൊല്ലി എന്ന കാര്യം ശരിയാണോ? ഹദ്റത്ത് ഹഫ്സ്വ പറഞ്ഞു, ഇല്ല. ത്വലാഖ് ചൊല്ലിയിട്ടില്ല. എന്നാൽ, ദ്വേഷപ്പെട്ടു ഇറങ്ങിപ്പോയി. ഹദ്റത്ത് ഉമർ അവിടെ നിന്നിറങ്ങുകയും നബിﷺതിരുമേനിയുടെഹാജരാകുകയും അകത്തു വരാൻ അനുവാദം ചോദിക്കുകയും ചെയ്തു. നബിﷺതിരുമേനി അദ്ദേഹത്തിന് ഉള്ളിൽ കയറാൻ അനുവാദം നല്കി. അപ്പോൾ അവിടന്ന് ഉള്ളിൽ കയറി. ഹദ്റത്ത് ഉമർؓപറയുന്നു:ഞാൻ ഉള്ളിൽച്ചെന്നപ്പോൾ അവിടന്ന് ഒരു പായയിൽ കിടക്കുകയായിരുന്നു. പായ പരുപരുത്തതായിരുന്നു. ഞാൻ ചെന്നപ്പോൾ അവിടന്ന് എഴുന്നേറ്റിരുന്നു. ശരീരം മുഴുവൻ പായയുടെ അടയാളം പതിഞ്ഞിരുന്നു. ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്!സുഖത്തിന്റേയും ആനന്ദത്തിന്റേയും എല്ലാ വിഭവങ്ങളുമുള്ളത് ഖയ്സ്വറിന്റേയും കിസ്റായുടേയും കൈയിലാണ്. അവർ തങ്ങളുടെ ജീവിതത്തിന്റേ ദിനങ്ങൾ സുഖഭോഗത്തോടും സൗഖ്യത്തോടുംകൂടിയാണ് കഴിച്ചുകൂട്ടുന്നത്. അങ്ങയ്ക്കാണെങ്കിൽ വിശ്രമിക്കാൻപോലും ഒന്നുമില്ലല്ലോ? അങ്ങയ്ക്കുള്ളത് ഈ പായാണ്. അതിന്റെ പാട് അങ്ങയുടെ ശരീരം മുഴുവൻ പതിഞ്ഞിരിക്കുന്നു. ഹദ്റത്ത് ഉമർؓപറയുന്നു: നബിﷺതിരുമേനിയ്ക്ക് എന്തെങ്കിലും ദ്വേഷമുണ്ടെങ്കിൽ അകന്നോട്ടെ എന്ന നിലയിൽ ഞാനിക്കാര്യം അറിഞ്ഞുകൊണ്ടുതന്നെയാണ് പറഞ്ഞത്. ഞാനിത് പറഞ്ഞപ്പോൾ അവിടന്ന് ചിരിച്ചു. ഞാൻ ആ അവസരം മുതലെടുത്തുകൊണ്ട് പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങ് അങ്ങയുടെ എല്ലാ ഭാര്യമാർക്കും ത്വലാഖ് കൊടുത്തെന്ന് കേട്ടത് ശരിയാണോ? അവിടന്ന് പറഞ്ഞു: ഇല്ല. ത്വലാഖൊന്നും കൊടുത്തിട്ടില്ല. പിന്നീട് ഹദ്റത്ത് ഉമർؓപറഞ്ഞു:നീ ആഇശയെ അനുകരിക്കരുതെന്നും അങ്ങയെ ഒരുപാട് ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുകയെന്നും പറഞ്ഞ് ഞാൻ ഹഫ്സ്വയ്ക്ക് മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരിക്കുന്നു. പിന്നീട് പറഞ്ഞു: യാറസൂലല്ലാഹ്! മക്കക്കാരുടെ മുമ്പിൽ ഞങ്ങളുടെ ഭാര്യമാർ സംസാരിക്കാറുണ്ടായിരുന്നില്ലെന്നത് അങ്ങയിൽനിന്ന് മറഞ്ഞ കാര്യമല്ല. ഒരു ദിവസം ഏതോ കാര്യത്തിന് എന്റെ ഭാര്യ എനിക്ക് അഭിപ്രായം പറഞ്ഞുതരാൻ പോകുകയായിരുന്നു. ഞാനവളോടു പറഞ്ഞു:നീ നിന്റെ സ്ഥാനം നോക്കുക. എനിക്ക് ഉപദേശം നല്കാൻ നിനക്കെന്താണ് ജോലി? പക്ഷേ, നമ്മുടെ സ്ത്രീകളേയും പതുക്കെപ്പതുക്കെ മദീനയിലെ സത്രീകൾ ചീത്തയാക്കിയിരിക്കുന്നു. ഒരിക്കൽ ഞാൻ സംസാരിക്കുകയായിരുന്നു. എന്റെ ഭാര്യ ഏതോ കാര്യത്തിൽ എന്നെ ഉപദേശിക്കാൻ ശ്രമിച്ചു. ഞാൻ അവളെ തടഞ്ഞപ്പോൾ നബിﷺതിരുമേനിയുടെ വീട്ടിൽ അദ്ദേഹത്തിന്റെ ഭാര്യമാർ അദ്ദേഹത്തിനോടു അഭിപ്രായം പറയാറുണ്ടെന്ന് പറഞ്ഞ് അവൾ എനിക്കു മറുപടി നല്കി. നിങ്ങളാരാണ് ഞങ്ങളെ തടയാൻ എന്നവൾ ചോദിച്ചു. ഇപ്രകാരം ഹദ്റത്ത് ഉമർؓഅങ്ങേയറ്റം സൂക്ഷ്മമായ നിലയിൽ അങ്ങുതന്നെയാണ് സ്ത്രീകൾക്ക് സ്വാതന്ത്ര്യം നല്കിയതെന്നും അവരിൽനിന്ന് എന്തെങ്കിലും തെറ്റുണ്ടായിട്ടുണ്ടെങ്കിൽ അവർ മാപ്പിന്നർഹരാണെന്നും സൂചിപ്പിക്കുകയായിരുന്നു. എന്നാൽ, ഇക്കാര്യങ്ങളൊക്കെയായിരുന്നിട്ടും നബിﷺതിരുമേനി സ്ത്രീകളുടെ അവകാശങ്ങൾ ഉന്നതമായ നിലയിൽ സംരക്ഷിച്ചു. എത്രത്തോളമെന്നാൽ അവിടന്ന് തന്റെ അവസാനത്തെ പ്രസംഗത്തിലും വസിയ്യത്ത് ചെയ്തു:സ്ത്രീകളോടു നല്ല നിലയിൽ പെരുമാറുക. നിങ്ങളുടെ അടിമകളെ നിങ്ങളുടെ സഹോദരങ്ങളെന്ന് നിലയിൽ വെക്കുക. വഹിക്കാൻ പറ്റാത്ത ജോലി അവരെക്കൊണ്ട് ചെയ്യിക്കരുത്.

എന്തായാലും ഇസ്‌ലാം സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിച്ചതുപോലെ മറ്റൊരു മതവും സംരക്ഷിച്ചിട്ടില്ല. പക്ഷേ, മനുഷ്യൻ എന്നു പറയുന്നത് എല്ലാംകൂടി ചേർന്ന ഒരു അസ്തിത്വമാണ്. അവനിൽ വിവിധതരത്തിലുള്ള ശീലങ്ങളും ആഗ്രഹങ്ങളുമുണ്ടാകും. അതുകൊണ്ട് ഭാര്യാഭർത്താക്കന്മാരിൽ ഇടയ്ക്കിടെ അഭിപ്രായ ഭിന്നതകളുണ്ടാകുന്നതാണ്. അവരുടെ ബന്ധങ്ങൾ ഒരേയൊരു അവസ്ഥയിലിരിക്കുകയില്ല. ഇനി ഈ അഭിപ്രായ ഭിന്നത ക്രൂരതയുടെ രൂപം പ്രാപിക്കുകയാണെങ്കിൽ അത്തരം അവസ്ഥയ്ക്കുവേണ്ടി ഇസ്‌ലാമിന്റെ കൽപ്പനയാണ് പുരുഷൻ സ്ത്രീക്ക് ത്വലാഖ് കൊടുക്കുക. അല്ലെങ്കിൽ സ്ത്രീ പുരുഷനിൽനിന്ന് ഖുലഅ് വാങ്ങുക. പക്ഷേ, ത്വലാഖിനും ഖുലയ്ക്കും മുമ്പേ കുറച്ച് കൽപ്പനകൾ വിവരിക്കപ്പെട്ടിട്ടുണ്ട്. അതു മുന്നിൽവെക്കേണ്ടത് പുരുഷന്റേയും സ്ത്രീയുടേയും ഖാളിമാരുടേയും നിർബന്ധ കടമയായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ത്വലാഖും ഖുലയും സാധാരണയാകാതിരിക്കാനാണിത്. നബിﷺതിരുമേനി പറയുന്നു:ഇന്ന ബഅളൽ ഹലാലി യിൻദല്ലാഹിൽത്ത്വലാഖു അതായത് അനുവദനീമായ കാര്യങ്ങളിൽ ഏറ്റവുമധികം അനിഷ്ടകരമായ കാര്യമാണ് അല്ലാഹുവിന്റെ പക്കൽ ത്വലാഖ്. ത്വലാഖ് അനുവദനീമായ കാര്യങ്ങളിൽ ഏറ്റവുമധികം അനിഷ്ടകരമായ കാര്യമാകുമ്പോൾ അല്ലാഹുവിനോടു സ്നേഹമുള്ള ഒരു മുഅ്മിന്റെ ഹൃദയം, അല്ലാഹുവിന്റെ പക്കൽ കഠിനമായും ഇഷ്ടകരമല്ലാത്ത ഒന്നിന്റെയടുത്ത് എങ്ങനെ പോകാനാണ്. അനുവദനീയമായിട്ടുള്ള എല്ലാ കാര്യങ്ങളും ചെയ്യണമെന്നത് നിർബന്ധമുള്ള കാര്യമല്ല. നിങ്ങളിലുള്ള ഓരോരോ വ്യക്തിക്കും ബനാറസ്, കൊൽക്കൊത്ത, മദ്രാസ്, മുംബെയിൽ തുടങ്ങിയ സ്ഥലത്ത് പോകുന്നത് അനുവദനീയമാണെന്ന് അറിയാം. പക്ഷേ, ഈ സ്ഥലങ്ങളിൽ പോയിട്ടുള്ള എത്രപേരുണ്ട്? അനുവദനീയമെന്നതിന്റെ അർഥം തീർച്ചയായും പോകണമെന്നാണെങ്കിൽ അവിടെപ്പോകാൻ പണമില്ലെങ്കിൽ അവൻ തന്റെ ഭൂസ്വത്തുക്കൾ വിറ്റിട്ടാണെങ്കിലും ആ അനുവദനീയമായകാര്യം ചെയ്യണമെന്നാണോ? പക്ഷേ, ആളുകൾ അങ്ങനെ ചെയ്യാത്തതുതന്നെ പറയുന്നത് ഏതൊരു കാര്യമാണോ അനുവദനീയമായിട്ടുള്ളത് അതെല്ലാം ചെയ്യേണ്ടത് നിർബന്ധമല്ലെന്നാണ്. സ്ഥലവും ഉചിതമായ അവസരവും സന്ദർഭവും ഗൗനിക്കേണ്ടത് നിർബന്ധമാണ്. ഒരു അനുവദനീയമായ കാര്യം ചെയ്യുന്നതുകൊണ്ട് അനിഷ്ടകരമായ സാഹചര്യമുണ്ടാകുകയാണെങ്കിൽ അത് എന്തായാലും ചെയ്യാതിരിക്കേണ്ടതാണ്. ഉദാഹരണത്തിന് ഉള്ളി തിന്നുന്നത് അനുവദനീയമാണ്. എന്നാൽ മസ്ജിദിൽ ഉള്ളി തിന്നുകൊണ്ടു പോകുന്നത് നിഷിദ്ധമാണ്. കാരണം അവിടെ ആളുകൾക്ക് അതിന്റെ മണം ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇപ്രകാരം പച്ചനിറത്തിലുള്ള വസ്ത്രം ധരിക്കുകയോ അല്ലെങ്കിൽ ഊദനിറമുള്ള വസ്ത്രം ധരിക്കുകയോ മഞ്ഞനിറുമുള്ള വസ്ത്രം ധരിക്കുകയോ ചെയ്യുന്നത് അനുവദനീയമാണ്. ഈ മഞ്ഞനിറമുള്ള വസ്ത്രം വാങ്ങിക്കൊള്ളുക എന്ന് ആരുടെയെങ്കിലും സുഹൃത്ത് പറഞ്ഞാൽ അവൻ പറയുന്നു എനിക്ക് മഞ്ഞ നിറമുള്ള വസ്ത്രം ഇഷ്ടമല്ലെന്ന്. അപ്പോൾ അവന്റെ പക്കൽ അനുവദനീയമെന്നു പറയുന്നത് അവന്റെ ഇഷ്ടമനുസരിച്ച് അവന്റെ സ്വഭാവത്തിന് നല്ലതെന്ന് തോന്നുന്നതാണ്.

ഭക്ഷണത്തെ സംബന്ധിച്ച് അല്ലാഹുവിന്റെ കല്പനയാണ് ഹലാലും ത്വയ്യിബും അതായത്

**• ഹദീഥുന്നബ്‌വിﷺ •**

'നിങ്ങൾ വസ്ത്രം ധരിക്കുമ്പോഴും വുളു ചെയ്യുമ്പോഴും വലത്തുഭാഗം മുതൽ ആരംഭിക്കുക.'

(മിശ്ക്കാത്ത് 3:4)

ത്വാലിബെ ദുആ **RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വിﷺ •**

**യാത്ര ചെയ്യുന്ന ഒരാൾക്ക് മൂന്നു പകലും രാത്രിയും യാത്രയിലല്ലാത്ത ഒരാൾക്ക് ഒരുപകലും രാത്രിയും അവൻ ശുദ്ധമായിരുന്നപ്പോൾ ഇട്ടതാണെങ്കിൽ അവന്റെ ബൂട്ട്സു തടകുവാൻ (കാലു കഴുകുന്നതിനു പകരം) അവിടന്ന് അനുവദിച്ചു.** (മിശ്ക്കാത്ത് 3:9)

ത്വാലിബെ ദുആ **P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

അനുവദനീയവും പരിശുദ്ധവുമായിട്ടുള്ള വസ്തുക്കൾ തിന്നുക എന്നത്. പക്ഷേ, ചിലയാളുകൾ വഴുതനങ്ങ തിന്നുകയില്ല. ചിലയാളുകൾ കുമ്പളങ്ങ ഇഷ്ടപ്പെടുന്നില്ല. നിങ്ങളെന്തുകൊണ്ടാണ് വഴുതനങ്ങ് തിന്നാത്തതെന്ന് ചോദിച്ചാൽ അവർ പറയുന്നത് തങ്ങൾക്കത് ഇഷ്ടമല്ലെന്നാണ്. അല്ലെങ്കിൽ മറ്റൊരാളോടു അതേ കാര്യം ചോദിച്ചാൽ തന്റെ ഭാര്യ അതിഷ്ടപ്പെടുന്നില്ലെന്ന് അയാൾ പറയുന്നു. ഇപ്രകാരം ആളുകൾ വീടുണ്ടാക്കുമ്പോൾ തങ്ങളുടെ ഇഷ്ടവും സ്വഭാവവുമനുസരിച്ചായിരിക്കും ഉണ്ടാക്കുക. ചിലർ ഒരു നില കെട്ടിടമുണ്ടാക്കുന്നു. ചിലർ രണ്ടുനില കെട്ടിടമുണ്ടാക്കുന്നു. ചിലർ മൂന്നുനില കെട്ടിടമുണ്ടാക്കുന്നു. ചിലർ വീട്ടിൽ തോട്ടങ്ങൾ ഇഷ്ടപ്പെടുന്നു. ചിലർ തോട്ടമില്ലാത്ത വീടാണ് ഇഷ്ടപ്പെടുന്നത്. ഇപ്പോൾ നമ്മൾ നോക്കിയാൽ ഈ വസ്തുക്കളും അനുവദനീയമാണ്. അവരൊന്നും ഇതെല്ലാമനുസരിച്ച് പ്രവർത്തിക്കുന്നിവരല്ല. ഇതിന്റെ അർഥം അനുവദനീയമായ എല്ലാ കാര്യങ്ങളുമനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബന്ധമല്ലെന്നാണ്. പക്ഷേ, ഭാര്യയെ ത്വലാഖ് ചൊല്ലുന്ന പ്രശ്നം വരുമ്പോൾ ഭാര്യയെ ത്വലാഖ് ചൊല്ലുന്നത് അനുവദനീയമാണെന്ന് പറഞ്ഞുകൊണ്ട് ക്ഷണത്തിൽ ഒന്നും ചിന്തിക്കാതെ, മനസ്സിലാക്കാതെ എടുത്തു ചാടി ത്വലാഖ് കൊടുക്കുന്നു. വാസ്തവത്തിൽ ചില അനുവദനീയമായ കാര്യങ്ങൾ മനുഷ്യൻ തന്റെ ശരീരേച്ഛയ്ക്കുവേണ്ടി, ചിലത് തന്റെ സ്നേഹിതന്മാർക്കുവേണ്ടി ചിലത് സൊസൈറ്റിയ്ക്കുവേണ്ടി എപ്പോഴും ഉപേക്ഷിച്ചുകൊണ്ടിരിക്കുന്നു. വാസ്തവത്തിൽ അത്തരം അവസരത്തിൽ ഒരു സത്യവിശ്വാസിയുടെ അവസ്ഥ ആ ആനുവദനീയമായതിനെ അല്ലാഹുവിനുവേണ്ടി ഉപേക്ഷിക്കുന്നുവെന്നതാണ്. ഈ പ്രവൃത്തി തന്റെ ദൈവത്തിനിഷ്ടമല്ല അതുകൊണ്ട് താനിത് ചെയ്യുകയില്ലെന്നാണ്. തന്റെ ദൈവം തന്നെ വെറുക്കരുത്!

അതിനാൽ സദാചാരമാർഗവും നേർവഴികാണിക്കലുമെന്ന് പറയുന്നത് ത്വലാഖിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയെന്നതാണ്. ഹലാൽ എന്നതിന്റെ അർഥം വേണമെങ്കിൽ ചെയ്യാമെന്നാണ്. നിയമപരമായി തടസ്സമൊന്നുമില്ല. പക്ഷേ,നിങ്ങൾ മറ്റുള്ളവരെ കുറിച്ചുള്ള ചിന്തകൾ, മറ്റുള്ളവരുടെ വികാരങ്ങൾ, മറ്റുള്ളവരോടുള്ള സഹാനുഭൂതി, അതുപോലെ മറ്റുള്ളവരുടെ സ്നേഹത്തേയും പരിഗണിക്കേണ്ടതാണ്. ഏതൊരു അനുവദനീയമായ കാര്യമനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ട് മറ്റുള്ളവരുടെ ചിന്താഗതികൾ, മറ്റുള്ളവരുടെ വികാരങ്ങൾ മറ്റുള്ളവരുടെ സഹതാപവും മറ്റുള്ളവരുടെ സ്നേഹവും ഹനിക്കപ്പെടുന്നുവോ അത് ഹലാൽ അഥവാ അനുവദനീയമല്ല. പ്രത്യുത അത്തരം ഹലാൽ ഒരു വശത്തൂടെ നോക്കുമ്പോൾ ഹലാലാണെങ്കിൽത്തന്നെയും മറ്റൊരു വശത്തൂടെ നോക്കുമ്പോൾ ഹറാം അഥവാ നിഷിദ്ധമാണ്. ആളുകൾ തങ്ങളുടെ സ്നേഹിതന്മാരുടെ വെറുപ്പ്, സമൂഹത്തിന്റെ വെറുപ്പ്, ജനങ്ങളുടെ വെറുപ്പ് തുടങ്ങിയവ ശ്രദ്ധിക്കുമ്പോൾ അല്ലാഹുവിന്റെ വെറുപ്പിൽ മാത്രമാണോ അവൻ കൂസലില്ലാത്തവനാകേണ്ടത്? അല്ലാഹുവിന്റെ വെറുപ്പ് മനുഷ്യന് ശ്രദ്ധാർഹമായിട്ടില്ലാത്തത്ര ദുർബലമാണോ? ഭൗതികപരവും നിസ്സാരപരവുമായ നിലയിൽ സ്നേഹിക്കുന്നവർ തന്റെ പ്രിയപ്പെട്ടവന്റെ ചെറുതിൽ ചെറുതായ പിണക്കംപോലും ഭയപ്പെടുകയും അവന് വെറുക്കാനുള്ള അവസരം കൊടുക്കാതിരിക്കുകയും ചെയ്യുമ്പോൾ, ഈമാനിന്റെ മാധുര്യം നുകർന്നിട്ടുള്ള മുഅ്മിൻ അല്ലാഹുവിന്റെ വെറുപ്പിനെ ഭയപ്പെടാതിരിക്കുന്നതെങ്ങനെ? ഹദീഥുകളിൽ വന്നിരിക്കുന്നു: ഒരിക്കൽ ഹദ്റത്ത് ഉമറുംؓഹദ്റത്ത് അബൂബക്റും തമ്മിൽ ഏതോ കാര്യത്തിൽ വഴിക്കായി. അതു വളർന്നു. ഹദ്റത്ത് ഉമറിന്റെ സ്വഭാവം തീക്ഷ്ണമായിരുന്നു. അതുകൊണ്ട് വഴക്ക് വർധിക്കാതിരിക്കാൻ താൻ അപ്പോൾ അവിടെനിന്ന് പോകുന്നതാണ് നല്ലതെന്ന് ഹദ്റത്ത് അബൂബക്ർ മനസ്സിലാക്കി. ഹദ്റത്ത് അബൂബക്ർؓപോകാൻ ശ്രമിച്ചപ്പോൾ ഹദ്റത്ത് ഉമർؓമുന്നോട്ടുനീങ്ങി തന്റെ കാര്യത്തിന് മറുപടി നല്കിയിട്ട് പോയാൽ മതിയെന്ന് പറഞ്ഞ് ഹദ്റത്ത് അബൂബക്റിന്റെ ജുബ്ബയിൽ കയറി പിടിച്ചു. ജുബ്ബ കീറിപ്പോയി. അദ്ദേഹം അവിടെനിന്ന് തന്റെ വീട്ടിൽപ്പോയി. പക്ഷേ, ഹദ്റത്ത് ഉമറിന് സംശയം തോന്നി. ഹദ്റത്ത് അബൂബക്ർ തന്നെക്കുറിച്ച് നബിﷺതിരുമേനിയോടു പരാതിപ്പെടാൻ പോയതാണെന്ന് അദ്ദേഹം ധരിച്ചു. അദ്ദേഹം പിന്നാലെ പിന്നാലെ പോയി. തന്റെ ഒഴികഴിവ് നബിﷺതിരുമേനിയോടു പറയാമെന്ന് കരുതി. പക്ഷേ, വഴിയിൽവെച്ച് ഹദ്റത്ത് അബൂബക്ർؓ, ഹദ്റത്ത് ഉമറിന്റെ ദൃഷ്ടിയിൽനിന്ന് അപ്രത്യക്ഷമായി. ഹദ്റത്ത് അബൂബക്ർ തന്നെ കുറിച്ച് നബിﷺതിരുമേനിയോടു പരാതിപ്പെടാൻ പേയതാണെന്ന് ഹദ്റത്ത് ഉമർؓകരുതി. അദ്ദേഹവും നേരെ നബിﷺതിരുമേനിയുടെ തിരുസന്നിധിയിലെത്തി. അവിടെ ചെന്നപ്പോൾ അബൂബക്റിനെ കണ്ടില്ല. പക്ഷേ, അദ്ദേഹത്തിന്റെ മനസ്സിൽ നാണക്കേടു തോന്നിയിരുന്നു. അതുകൊണ്ടു പറഞ്ഞു:"യാ റസൂലല്ലാഹ്! എനിക്ക് തെറ്റുപറ്റിയിരിക്കുന്നു. ഞാൻ അബൂബക്റിനോടു കഠിനമായി പെരുമാറി. അബൂബക്റിന്റെ തെറ്റൊന്നുമുണ്ടായിരുന്നില്ല. തെറ്റ് എന്റേതു തന്നെയായിരുന്നു." ഉമർؓ, നബിﷺതിരുമേനിയുടെ അടുത്തുവന്നപ്പോൾ ആരോ പോയി ഹദ്റത്ത് അബൂബക്റിനോടു അങ്ങയെ കുറിച്ച് പരാതിപ്പെടാൻ ഹദ്റത്ത് ഉമർ നബിയുടെ അടുത്ത് പോയിട്ടുണ്ടെന്ന് പറഞ്ഞു. അപ്പോൾ തനിക്കും നിരപരാധിത്വം തെളിയിക്കണമെന്ന് ഹദ്റത്ത് അബൂബക്റിനും തോന്നി. ഏകപക്ഷീയമായ കാര്യം മാത്രമാകാൻ പാടില്ല. എനിക്കും എന്റെ കാര്യം അവതരിപ്പിക്കണം! ഹദ്റത്ത് അബൂബക്ർؓ, നബിﷺതിരുമേനിയുടെ മജ്ലിസിലെത്തിയപ്പോൾ ഹദ്റത്ത് ഉമർؓപറയുകയായിരുന്നു, 'യാ റസൂലല്ലാഹ്!എനിക്കു തെറ്റുപറ്റി. ഞാൻ അബൂബക്റിനോടു വഴക്കിട്ടു. അദ്ദേഹത്തിന്റെ ജുബ്ബ കീറിപ്പോയി.' നബിﷺതിരുമേനി ഇക്കാര്യം കേട്ടപ്പോൾ ദ്വേഷം അവിടത്തെ മുഖത്ത് പ്രകടമായി. അവിടന്ന് പറഞ്ഞു: "ജനങ്ങളേ!നിങ്ങൾക്കെന്തുപറ്റി? ലോകം മുഴുവൻ എന്നെ നിഷേധിച്ചപ്പോൾ, നിങ്ങളും എന്റെ എതിരാളികളായിരുന്നപ്പോൾ അബൂബക്ർ മാത്രമാണ് എന്നെ വിശ്വസിച്ചത്. എല്ലാ വിധത്തിലും അദ്ദേഹം എന്നെ സഹായിച്ചു." പിന്നീട് വളരെ വിഷമത്തോടെ പറഞ്ഞു:"നിങ്ങളിപ്പോഴും എന്നെയും അബൂബക്റിനേയും വെറുതെ വിടുകയില്ലേ?" നബിﷺതിരുമേനി ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഹദ്റത്ത് അബൂബക്ർؓകടന്നു വന്നു. ഇതാണ് സത്യസന്ധമായ സ്നേഹത്തിന്റെ മാതൃക. അതായത് യാ റസൂലല്ലാഹ്! തെറ്റ് എന്റേതല്ലായിരുന്നു, ഉമറിന്റേതായിരുന്നു എന്ന ഒഴികഴിവ് പറയുന്നതിനുപകരം, നബിﷺതിരുമേനിക്ക് വിഷമമുണ്ടാകുന്നുവെന്ന് കണ്ടപ്പോൾ സത്യവാനായ പ്രേമി എന്ന നിലയിൽ താൻ കാരണം നബിﷺതിരുമേനിക്ക് വിഷമമുണ്ടാകുന്നത് അദ്ദേഹത്തിന് അത് സഹിക്കാൻ പറ്റുമായിരുന്നില്ല. വന്നുടനെ നബിﷺതിരുമേനിയുടെ മുമ്പിൽ ചമ്രം പടിഞ്ഞിരുന്നു. എന്നിട്ടു പറഞ്ഞു:"യാ റസൂസല്ലാഹ്! തെറ്റ് ഉമറിന്റേതല്ലായിരുന്നു. എന്റേതായിരുന്നു." നോക്കുക! ഹദ്റത്ത് അബൂബക്ർ എത്രമാത്രം വലിയ പ്രേമിയായിരുന്നു;തന്റെ പ്രേമഭാജനത്തിന്റെ മനസ്സിൽ വിഷമമുണ്ടാകുന്നത് അദ്ദേഹത്തിന് സഹിക്കാൻ പറ്റുമായിരുന്നില്ല. നബിﷺതിരുമേനി ഉമറിനോടു വെറുപ്പ് പ്രകടിപ്പിച്ചുവെന്ന് കണ്ട് ആവേശഭരിതനായില്ല. പൊതുവെ ആളുകളിലുണ്ടാകുന്ന ശീലമാണ് തന്റെ എതിരിലുള്ള ആളെ വഴക്കുപറയുമ്പോൾ 'നല്ലവണ്ണം കിട്ടി'എന്നു പറഞ്ഞ് ആവേശം കൊള്ളുന്നത്! പക്ഷേ, അല്ലാഹുവിന്റെ റസൂലിന്റെ ഈ സത്യവാനായ പ്രേമി നബിﷺതിരുമേനിയുടെ മനസ്സു വിഷമിക്കുന്നത് ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല;അതെന്തു കാരണമായാലും ശരി. അവിടന്ന് പറഞ്ഞു, ഞാൻ കുറ്റവാളിയായി മാറുകയാണ്. പക്ഷേ, ഞാനെന്റെ പ്രേമഭാജനത്തിന്റെ മനസ്സ് വിഷമിപ്പിക്കാൻ വിടുകയില്ല. അങ്ങേയറ്റം കേണപേക്ഷിച്ചുകൊണ്ട് പറഞ്ഞു, "യാ! റസൂലല്ലാഹ്! ഉമറിന്റെ തെറ്റല്ല, തെറ്റ് എന്റേതാണ്." നബിﷺതിരുമേനിയുടെ മനസ്സിലെ വിഷമം അകറ്റുന്നതിനുവേണ്ടി ഹദ്റത്ത് അബൂബക്ർؓതന്നിൽ അക്രമമമുണ്ടായിട്ടും സ്വയം അക്രമിയാണെ

## • അല്ലാഹുവിന്റെ കലാം •

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

**(വിശുദ്ധ ഖുർആൻ 54:18)**

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

## • ഹദീഥുന്നബ്വിﷺ •

**'ശുദ്ധി വിശ്വാസത്തിന്റെ നേർ പകുതിയാകുന്നു.'**

**(മുസ്ലിം. മിശ്ക്കത്ത് 3)**

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

ന്ന് സമ്മതിക്കുകയാണ്. അപ്പോൾ പ്പിന്നെ ഒരു മുഅ്മിനായ ദാസൻ തന്റെ അല്ലാഹുവിന്റെ സന്തോഷ ത്തിനായി അല്ലാഹുവിന്റെ തൃപ്തിയുടെ അടുത്തെത്തിക്കുന്ന പ്രവൃത്തി ചെയ്യാതിരിക്കുന്നതെങ്ങനെ? നബിﷺതിരുമേനി തങ്ങൾക്ക് പ്രിയപ്പെട്ടവാനാണെന്നതിൽ ഒരു സംശയവുമില്ല. ഞാൻ അല്ലാഹുവിനുശേഷം ആരോടും ഇത്രമാത്രം സ്നേഹം കാണിക്കാൻ തയ്യാറല്ല. പക്ഷേ, എന്നിട്ടും ദൈവം ദൈവംതന്നെയാണ്. റസൂൽകരീംﷺ റസൂൽകരീംﷺതന്നെയാണ്. ഒരു മനുഷ്യനും ലഭിക്കാത്ത ഉന്നതമായ സ്ഥാനമാണ് അദ്ദേഹത്തിനുള്ളതെന്ന് ഞങ്ങൾക്കറിയാം. പക്ഷേ, എന്നിട്ടും അദ്ദേഹം ദാസനാണ്. അല്ലാഹു ആരാധിക്കപ്പെടുന്നവനാണ്. അവിടന്ന് സൃഷ്ടിയാണ്. അല്ലാഹു സ്രഷ്ടാവാണ്. അവിടന്ന് അല്ലാഹുവിന്റെ പുണ്യകർമങ്ങളുടെ കീഴെയാണുള്ളത്. അല്ലാഹു ഉപകാരിയാണ്. നബിﷺതിരുമേനി നശ്വരനാണ്. അല്ലാഹു അനശ്വരനാണ്. അനാദ്യനും ആദ്യന്തരഹിതനുമാണ്. അവിടന്ന് അല്ലാഹുവിന്റെ ആശ്രിതനായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നവനാണ്. അവിടന്ന് ദുർബലനായിരുന്നു. അല്ലാഹു അതിരറ്റ ശക്തികളുടെ ഉമടമസ്ഥനാണ്. അങ്ങനെ അബൂബക്റിന്റെ മനസ്സ് നബിﷺതിരുമേനിയുടെ വിഷമം കണ്ട് പിടയ്ക്കുമ്പോൾ ഒരു മുഅ്മിന് നബിﷺതിരുമേനിയുടെ ഇന്ന അബ്ഗളുൽ ഹലാലി യിൻദല്ലാഹിത്ത്വലാഖ് അതായത് അനുവദനീയമായ കാര്യങ്ങളിൽ അല്ലാഹുവിന് ഏറ്റവും അനിഷ്ടകരമായ കാര്യമാണ് ത്വലാഖ് എന്ന ഹദീഥ് വായിച്ച് അല്ലെങ്കിൽ കേട്ട് എങ്ങനെയാണ് വേഗം അതിന്നെതിരിൽ പ്രവർത്തിക്കാൻ തന്റേടമുണ്ടാകുക. നിങ്ങൾ ഈ അബ്ഗളു ഹലാലി സ്വീകരിക്കുന്നതിൽനിന്ന് പിന്മാറുക എന്ന് ശരീഅത്ത് പറയുമ്പോൾ എല്ലാ സത്യവിശ്വാസികളുടേയും നിർബന്ധ കടമയാണ് അവൻ അത്തരം കാര്യങ്ങളിൽ കുറവുണ്ടാക്കാൻ ശ്രമിക്കുക എന്നത്. വൈമനസ്യത്തിന്റെ നേരത്ത് ഇക്കാര്യം ഭാര്യാഭർത്താക്കന്മാർ മറക്കാൻ പാടില്ല.

ഇക്കാര്യം ഓർമ വെക്കേണ്ടതാണ്. ത്വലാഖും ഖുലയും വാസ്തവത്തിൽ ഒരേയൊരു അർഥമുൾക്കൊള്ളുന്നതാണ്. ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കുമ്പോൾ ത്വലാഖ് എന്ന് പറയപ്പെടും. ഭാര്യ ഭർത്താവിനോടു തന്നെ സ്വതന്ത്രയാക്കാൻ ആവശ്യപ്പെടുമ്പോൾ അത് ഖുലയെന്നു പറയപ്പെടുന്നു. ഖുലയും അബ്ഗളുൽഹലാലി അനുസരിച്ചുതന്നെ വരും. മാനുഷികമായ അവകാശങ്ങളെ സംബന്ധിച്ച പ്രശ്നം നോക്കുകയാണെങ്കിൽ ത്വലാഖും ഖുലയും രണ്ടുംതന്നെ മുസ്‌ലിമീങ്ങളുടെ ഉള്ളിൽനിന്ന് നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു. മുസ്‌ലിമീങ്ങൾ അതനുസരിച്ച് പ്രവർത്തിക്കാൻ ഒരിക്കലും തയ്യാറായിരുന്നില്ല. ഇക്കാരണത്താൽ സ്ത്രീകൾക്ക് അങ്ങേയറ്റം ബുദ്ധിമുട്ട് നേരിടേണ്ടിവന്നിരുന്നു. ആ അവകാശങ്ങളില്ലാത്ത കാരണത്താൽ അവർക്കേറ്റിരുന്ന ആ ബുദ്ധിമുട്ടുകളിൽനിന്ന് അഹ്മദിയ്യത്ത് ഈ രണ്ടു അവകാശങ്ങളും സ്ഥാപിച്ചുകൊണ്ട് സ്ത്രീകളെ മോചിപ്പിച്ചു. അതിനോടൊപ്പം ഈ ഹദീഥിലെ വിഷയത്തേയും ജനങ്ങളുടെ മുമ്പിൽ വ്യക്തമായും വിശദീകരിച്ചു. അവരോടു പറഞ്ഞു:ഈ രണ്ടുവഴികളേയും സ്വീകരിക്കുക എന്നത് അല്ലാഹുവിന്റെ പക്കൽ 'അബ്ഗളുൽഹലാലാണ്.' പക്ഷേ, ഈ അവകാശമിപ്പോൾ പുതിയതായി കിട്ടിയതാണ്. നമ്മുടെ രാജ്യത്ത് ഈ സമ്പ്രദായമാണുള്ളത്. അതായത് എല്ലാ പുതിയ അവകാശവും ആളുകൾ നല്ലവണ്ണം ഉപയോഗിക്കാൻ ശ്രമിക്കുന്നു. ഇക്കാരണത്താൽ നമ്മുടെ ജമാഅത്ത് ഈ രണ്ടു വഴിയും സ്വീകരിക്കുന്നതിൽ തിടുക്കംകൂട്ടി പ്രവർത്തിച്ചു. ജമാഅത്തിന്റെ ഒരു വിഭാഗം ത്വലാഖിലേക്കും ഖുലയിലേക്കും ചാഞ്ഞു. വാസ്തവത്തിൽ വിശുദ്ധ ഖുർആന്റെ കൽപ്പന ഇതാണ്: ഭാര്യഭർത്താക്കന്മാർ തമ്മിൽ എന്തെങ്കിലും വഴക്കുണ്ടായാൽ അതകറ്റുന്നതിനുവേണ്ടി മധ്യസ്ഥനെ നിശ്ചയിക്കുക. അദ്ദേഹം അവരുടെ വഴക്കു തീർക്കുന്നതിനുവേണ്ടി ശ്രമിക്കുക. ആദ്യത്തെപോലെ സ്നേഹത്തോടെയുള്ള ജീവിതം തുടങ്ങുക. ഇനി രഞ്ജിപ്പിന്റെ അവസ്ഥ ഉണ്ടാകാത്ത സ്ഥിതിയാണെങ്കിൽ പിന്നീട് ഖുലയുടെ രൂപത്തിൽ അതിനു തീരുമാനം കൽപ്പിക്കാൻ ഖാളിയെ ഇക്കാര്യം ചുമതലപ്പെടുത്തുക. ഇങ്ങനെ നിസ്സാരമായ കാര്യങ്ങളിൽ ഖുലയിലേക്കും ത്വലാഖിലേക്കും കാര്യമെത്തിക്കുക എന്നത് അങ്ങേയറ്റം വേദനാജനകമാണ്. ഇത് എത്രമാത്രം ഭയാനവും അനിഷ്ടകരവുമായ കാര്യമാണെന്നാൽ മാന്യന്മാരെല്ലാം ഇതിനെ വെറുക്കേണ്ടതാണ്. ഭാര്യഭർത്താക്കന്മാരുടെ ഐക്യം നിസ്സാരമായ ഐക്യമല്ല. ഭാര്യഭർത്താക്കന്മാരുടെ ബന്ധങ്ങൾ നിസ്സാരമായ ബന്ധങ്ങളുമല്ല. ഭാര്യഭർത്താക്കന്മാരുടെ ബന്ധങ്ങൾ എങ്ങനെയുള്ള ബന്ധങ്ങളാണെന്നാൽ പിതാവും മക്കളുംതമ്മിലുള്ള ബന്ധങ്ങൾപോലും അങ്ങനെയുള്ളതല്ല. പിതാവിന്റേയോ മാതാവിന്റേയോ മുന്നിൽ കാണിക്കാത്ത ശരീരഭാഗങ്ങൾ ഭർത്താവ് തന്റെ ഭാര്യയുടെ മുമ്പിൽ കാണിക്കുന്നു. ഇപ്രകാരം പിതാവിന്റേയോ മാതാവിന്റേയോ സഹോദരിസഹോദരന്മാരുടേയോ മുമ്പിൽ കാണിക്കാത്ത ശരീരഭാഗങ്ങൾ ഭർത്താവിന്റെ മുമ്പിൽ ഭാര്യ വെളിവാക്കുന്നു. ഇത്തരത്തിലുള്ള ബന്ധങ്ങൾക്കുശേഷം ഒരു ഭർത്താവ് തന്റെ ആദ്യഭാര്യയെ ത്വലാഖ് ചൊല്ലാനാഗ്രഹിക്കുകയും അല്ലെങ്കിൽ ഭാര്യ ഖുല വാങ്ങാനാഗ്രഹിക്കുകയും ചെയ്താൽ അപ്പോൾ അവരിരുവരും ഭാര്യഭർതൃ ബന്ധങ്ങളുടെ യാഥാർഥ്യം മനസ്സിലാക്കിയിട്ടില്ല. അവരുടെ പക്കൽ ഇതൊരു കളിയാണ്;കളിച്ചു കഴിഞ്ഞു. ഒരു സ്ത്രീ ഖുല വാങ്ങാനാഗ്രഹിക്കുമ്പോൾ അല്ലെങ്കിൽ ഒരു പുരുഷൻ തന്റെ ഭാര്യയെ മൊഴിചൊല്ലി അവളിൽനിന്ന് വേർപിരിയാനാഗ്രഹിക്കുമ്പോൾ അവരിരുവരും ഇസ്‌ലാമികാധ്യാപനത്തെ കളിതമാശയാക്കി മനസ്സിലാക്കി. ഖുല വാങ്ങാനാഗ്രഹിക്കുന്ന സ്ത്രീ അവസാനം ഖുല ചെയ്യിക്കുന്നതെന്തിനാണ്? മറ്റൊരു പുരുഷനെ വിവാഹം കഴിക്കുന്നതിനാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ അതിന്റെ ചുരുക്കം ഇങ്ങനെയായിരിക്കും; അതായത് അവൾ തന്നെ ചന്തയിൽ വിൽക്കാനാഗ്രഹിക്കുന്നു. വാസ്തവത്തിൽ ഇസ്‌ലാം അവൾക്ക് വളരെ വലിയ മാന്യതയാണ് സ്ഥാപിച്ചുകൊടുത്തിട്ടുള്ളത്. മൊഴിചൊല്ലി സ്ത്രീകളുടെ മാന്യതയെ നശിപ്പിക്കാനാഗ്രഹിക്കുന്ന പുരുഷന്മാർ സദാചാരങ്ങളിൽ അമുസ്‌ലിമീങ്ങളിൽനിന്നുപോലും പിന്നിലാണ്. കാരണം ഓരോ സൊസൈറ്റിയിലും ഓരോ മതത്തിലും എല്ലാ വിഭാഗത്തിലും അത് മതത്തിലാണെങ്കിലും വേണ്ടില്ല, മതമില്ലാത്തവരിലാണെങ്കിലും വേണ്ടില്ല, സംസ്കാരമുള്ളവരിലാണെങ്കിലും ഇല്ലാത്തവരിലാണങ്കിലുംവേണ്ടില്ല സ്ത്രീയുടെ അന്തസ്സ് അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. അവളെ ഒരു പരിശുദ്ധ അസ്തിത്വമായി നിശ്ചയിച്ചിട്ടുള്ളതാണ്. അതുകൊണ്ട് ഒരു പുരുഷൻ അകാരണമായി തന്റെ ഭാര്യയെ മൊഴി ചൊല്ലുമ്പോൾ അയാൾ ധാർമികതയിൽ അമുസ്‌ലിമീങ്ങളെക്കാളും പിന്നിലായി മനസ്സിലാക്കപ്പെടുന്നതായിരിക്കും. ഏതെങ്കിലും സ്ത്രീ അകാരണമായി ഖുല വാങ്ങാനാഗ്രഹിച്ചാൽ അവൾ തന്റെ അന്തസ്സ് നിലനിറുത്തുന്നതിനുപകരം തന്നത്താൻ ചന്തയിൽ വിൽക്കാൻ തീരുമാനിച്ചുവെന്നാണ്. തന്റെ പരിപവിത്രാമയ സ്ഥാനം അവൾ മറന്നുപോയി. അതുകൊണ്ട് അത്തരക്കാരെല്ലാം ഇക്കാര്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാത്ത സാമൂഹികമായ ധാർമികതയെ നശിപ്പിക്കുന്നവരാണ്. ത്വലാഖിന്റേയും ഖുലയുടേയും തിക്ത ഫലങ്ങളെക്കുറിച്ച് ആളുകൾക്ക് പറഞ്ഞു കൊടുക്കുക എന്നത് ജമാഅത്തിന്റെ നിർബന്ധമായ കടമയാണ്. സാധാരണമാകുന്നതിൽനിന്ന് അതിനെ തടയുക. എന്റെയടുത്ത് ചില കേസ്സുകൾ വരാറുണ്ട്. എത്രമാത്രം ചെറിയ ചെറിയ കാര്യങ്ങളെയാണ് ആളുകൾ തെറ്റിപ്പിരിഞ്ഞുപോകുന്നതിന് നിമിത്തമാക്കുന്നതെന്നോർത്ത് ഞാൻ അത്ഭുതപ്പെട്ടുപോകാറുമുണ്ട്. ഭർത്താവ് പറയുന്നു, എന്റെ ഭാര്യ പോകുമ്പോൾ ഉണ്ടായിരുന്ന ഒരു ട്രങ്കുകൂടി എടുത്തുകൊണ്ടുപോയി. ഭാര്യ പറയുന്നു, അയാളെന്റെ കമ്മൽ കൊണ്ടുപോയി. തിരിച്ചു തരുന്നില്ല. ഇത്തരം ചെറിയചെറിയ കാരണത്താൽ ബന്ധങ്ങൾ വഷളാക്കുക ബുദ്ധിമാന്മാരുടെ പണിയല്ല. എന്റെ അഭിപ്രായത്തിൽ ഭാര്യയിൽ എന്തെങ്കിലും തെറ്റു കണ്ടാൽ അവളുടെ സ്വഭാവം നല്ലതാക്കേണ്ടതാണ്. പക്ഷേ, അവരെ ഉപേക്ഷിക്കുന്നതിൽ അമിതാവേശം കാണിക്കാതിരിക്കേണ്ടതാണ്. ഹെഡ്മാസ്റ്റർ കുട്ടികൾക്ക് പാഠം നല്കുന്നു. പാഠം ചെയ്യാതെ വന്ന കുട്ടിയെ സ്കൂളിൽനിന്ന് പുറത്താക്കുമോ? അതുപോലെ മനുഷ്യരിൽനിന്ന് തെറ്റുകളുണ്ടാകുന്നു. വീഴ്ചകളുണ്ടാകുന്നു. ബലഹീനതകളുണ്ടാകുന്നു. എന്നാൽ, സത്യവിശ്വാസിയുടെ പണി അവ ദൂരീകരിക്കാൻ ശ്രമിക്കുക എന്നതാണ്. അല്ലാഹു പരിശുദ്ധമാക്കിയ ആ സാധനത്തെ ചന്തയിൽ വിൽക്കുന്ന സാധനമാക്കാതിരിക്കുക.

അതുകൊണ്ട് ഞാൻ അഹ്മദിയ്യ ജമാഅത്തിനെ ഉപദേശിക്കാനാഗ്രഹിക്കുകയാണ്, അങ്ങനെയുണ്ടാകുന്ന വഴക്കുകൾ അങ്ങേയറ്റം സൗമ്യതയോടുകൂടി പരിഹരിക്കാൻ ശ്രമിക്കുക. ഞാൻ ഖാളിമാരേയും ഉപദേശിക്കുകയാണ്, അവർ ഇത്തരം കാര്യങ്ങളിൽ അങ്ങേയറ്റം സൂക്ഷ്മതയോടെ പ്രവർത്തിക്കണം. ഞാൻസ അത്ഭുതപ്പെടുകയാണ്! ഖാളിമാരും ഇക്കാര്യങ്ങൾ തമാശയായിമാത്രം മനസ്സിലാക്കുന്നു. പരിഹാരാവസ്ഥ ഉണ്ടാക്കുന്നതിനുപകരം കേസ്സുകൾ നീട്ടിനീട്ടി കൊണ്ടുപോകുന്നു. സമയം കൂടുതൽ എടുക്കുന്തോറും മനസ്സുകളിൽ സംശയങ്ങളും സന്ദേഹങ്ങളും വർധിച്ചുകൊണ്ടിരിക്കുന്നു. ഞാൻ ഖാളിമാരോടും നിർദേശിക്കുകയാണ്. അത്തരം കാര്യങ്ങളിൽ അവരേതെങ്കിലും കക്ഷിയുടെ വക്കീലിനെ അടുത്തു വരാൻപോലും അനുവദിക്കരുത്. അവർ ഖാളിയാകുന്നതിനുപകരം പിതാവാകാൻ ശ്രമിക്കേണ്ടതാണ്. ആൺകുട്ടിയെ തന്റെ മകനായി മനസ്സിലാക്കുക. പെൺകുട്ടിയെ തന്റെ മകളായി മനസ്സിലാക്കുക. പിതാവ് തന്റെ

കുട്ടികൾക്ക് കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുന്നതു പോലെ മനസ്സിലാക്കിക്കൊടുക്കുക. ശരീഅത്തിന്റെ മസ്അലകൾ അവർക്ക് പറഞ്ഞുകൊടുക്കുക. ത്വലാഖിന്റേയും ഖുലയുടേയും നഷ്ടങ്ങൾ അവരോടു പറയുക. അതായത് സാധാരണയാകുന്നതോടുകൂടി ജനതയുടെ സദാചാരമൂല്യങ്ങൾ തകർന്നുപോകുന്നു. നിലവിലുള്ള കുട്ടികൾ വലുതാകുമ്പോൾ അവരെ അതെങ്ങനെ ബാധിക്കുമെന്ന് വിശദീകരിച്ചുകൊടുക്കുക. അതായത് തങ്ങളുടെ മാതാപിതാക്കൾ നിസ്സാരകാര്യങ്ങൾക്കുവേണ്ടി വേർപിരിഞ്ഞു.അവർ തങ്ങളുടെ മാതാപിതാക്കളുടെ എന്തു നല്ല മാതൃക സ്വീകരിക്കാനാണ്. അത്തരം മക്കൾ എങ്ങനെ പുരോഗതി കൈവരിക്കാനാണ്. അതിനാൽ ഇക്കാര്യങ്ങളൊന്നും നന്നാക്കിതീർക്കുന്നവയല്ല. പ്രത്യുത സൽസ്വഭാവങ്ങളെ നിശിപ്പിച്ചു കളയുന്നവയാണ്. ജമാഅത്ത് ഇതിന്റെ പ്രാധാന്യം മനസ്സിലാക്കിയിരിക്കണം. കാരണം എന്റെ പക്കൽ ഇത് സുപ്രധാനമായ കാര്യങ്ങൾക്കുമതതീമാണ്. ഖാളിയുടെ അടുത്ത് ഏതെങ്കിലും കാര്യം അവതരിപ്പിക്കപ്പെട്ടാൽ, അല്ലാഹുവിന്റെ വെറുപ്പിന് പാത്രമാകാതെ ഇതിനൊരു തീരുമാനം തന്നിൽനിന്നുണ്ടാകണമെന്നോർത്ത് അയാളുടെ മനസ്സ് വിറകൊള്ളേണ്ടതാണ്. സകല കാര്യങ്ങളും വസ്തുനിഷ്ഠമായി പരിശോധിച്ച് വിധി പറയേണ്ടതാണ്. അത്തരമെന്തെങ്കിലും വഴക്കുണ്ടായാൽ ഭർത്താവിന്റെ പിതാവും മാതാവും ഭാര്യയുടെ പിതാവും മാതാവും അതിൽ കൈകടത്താൻ ശ്രമിക്കരുത്. ഖാളിയെ പൂർണമായും വിശ്വസിക്കുക. അദ്ദേഹത്തിന്റെ വിധിയിലെന്തെങ്കിലും സംശയമുണ്ടെങ്കിൽ അത് നമ്മളെ എഴുതി അറിയിക്കാവുന്നതാണ്. ഈ വിധിയിലെന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് ഞങ്ങൾ പുനഃപരിശോധിക്കുന്നതായിരിക്കും. ഇങ്ങനെ പതുക്കെപ്പതുക്കെ ഖാളിമാരുടെ ബുദ്ധിയും തീക്ഷ്ണമായിത്തീരും.

വിവാഹശേഷം മാതാപിതാക്കളുടെ അവകാശങ്ങൾ ഇല്ലാതാകുന്നില്ല. എന്നല്ല വിവാഹത്തിനുശേഷവും മാതാപിതാക്കളുടെ അവകാശങ്ങൾ മക്കളിലുണ്ടാകുന്നു. ഒരു സ്ത്രീയെ സേവിക്കാൻ അവരുടെ ഒരു മകളല്ലാതെ മറ്റാരുമില്ലെങ്കിൽ അവളുടെ വിവാഹം കഴിപ്പിക്കുമ്പോൾ ഭർത്താവിന്റെ നിർബന്ധ കടമയാണ് ഒന്നുകിൽ അവളുടെ മാതാവിനെ സേവിക്കാൻ അവസരം കൊടുക്കുകയും മാതാവിന്റെ അടുത്ത് താമസിപ്പിക്കുകയും ചെയ്യുക എന്നത്. അല്ലെങ്കിൽ അയാൾ തന്റെ ഭാര്യയെ തന്നോടൊപ്പം നിറുത്താനാണ് ആഗ്രഹിക്കുന്നതെങ്കിൽ അവളുടെ വയസ്സായ മാതാവിന്റെ ഭാരവും വഹിക്കേണ്ടതാണ്. കാരണം യഥാർഥത്തിൽ ഈ ഭാരം വഹിക്കുകയെന്നത് അവന്റെ ഭാര്യയുടെ ചുമതലയാണ്. പക്ഷേ, തന്റെ ഭാര്യ തന്നോടൊപ്പം കഴിയണമെന്ന് അയാളാഗ്രഹിക്കുന്നെങ്കിൽ അയാൾക്ക് തന്റെ ഭാര്യാമാതാവിന്റെ ഭാരവും വഹിക്കേണ്ടിവരും. ഇപ്രകാരംതന്നെ ഭർത്താവിന്റെ മാതാപിതാക്കൾ വൃദ്ധരാണെങ്കിലും അവരേയും സേവിക്കേണ്ട ആവശ്യമുണ്ട്. അപ്പോൾ പെൺകുട്ടിയുടെ നിർബന്ധ കടമയാണ് അവരെ സേവിക്കുക എന്നത്. അവരോടു നല്ല രീതിയിൽ പെരുമാറുക എന്നത്. ഈ ചുമതലകൾ ഭാര്യാഭർത്താക്കന്മാർ ഇരുവരിലും ഉണ്ടാകുന്നു. ചിലയാളുകൾ അത്തരം അവസരത്തിൽ തങ്ങളുടെ ചെലവുകളെ സംബന്ധിച്ച് ഒഴികഴിവ് പറയാറുണ്ട്. പക്ഷേ, എന്റെ പക്കൽ ഈ ഒഴികഴിവ് ഔചിത്യമുൾക്കൊള്ളുന്നില്ല. ഇതെന്റെ അനുഭവമാണ്. ദരിദ്രരുടെ വീടുകളിലാണ് സന്താനങ്ങൾ കൂടുതലുണ്ടാകുന്നത്. എന്തായാലും അവരും ജീവിച്ചുപോകുന്നുണ്ട്. സാധുക്കളായിട്ടുള്ള ആളുകൾക്ക് ധാന്യങ്ങൾ വിതരണം ചെയ്യേണ്ട അപേക്ഷകൾ എന്റെയടുത്ത് വരാറുണ്ട്. അവരിലധികംപേരും ആറേഴെട്ട് മക്കളുള്ളവരാണ്. ഞാൻ അത്ഭുതപ്പെട്ടു. അപേക്ഷർക്കെല്ലാം എട്ടൊമ്പത് മക്കളുണ്ട്. ഇവർ അതിരകവിഞ്ഞ് പ്രവർത്തിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയത്. പക്ഷേ, ഞാൻ അന്വേഷിച്ചപ്പോൾ കാര്യം ശരിയാണെന്ന് തെളിഞ്ഞു. ഇപ്പോൾ ഇവർ എട്ടെട്ട് ഒമ്പതൊമ്പത് മക്കൾക്ക് ജന്മം നല്കുകയും അവരെ പോറ്റുന്നതിന് പരിശ്രമിക്കാതിരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ മാതാപിതാക്കളെ പോറ്റുന്നതിന് പരിഭ്രമിക്കുന്നതെന്തിന്? ഒന്നു രണ്ടു പേരുടെ ഭാരം ചുമക്കുന്നത് എന്റെ അഭിപ്രായത്തിൽ പ്രയാസമുള്ള കാര്യമൊന്നുമല്ല. മനുഷ്യൻ അതു തീരുമാനിക്കണമെന്നുമാത്രം! നിങ്ങൾ നിങ്ങളുടെ ഭാര്യമാരുടെ മാതാപിതാക്കളെ സേവിക്കുകയും അവരോടു നല്ല രീതിയിൽ പെരുമാറുകയും ചെയ്താൽ നിങ്ങളുടെ ഭാര്യ ഹൃദയംകൊണ്ട് നിങ്ങളോടു കൂറുകാണിക്കുന്നവളായിത്തീരും. നിങ്ങളെ കൂടുതൽ സ്നേഹിക്കും. ആദ്യത്തെക്കാൾ കൂടുതൽ നിങ്ങളെ അനുസരിക്കുകയും ചെയ്യും. പക്ഷേ, ഇക്കാര്യം എപ്പോഴും ഓർക്കുക, അവരുടെ മാതാപിതാക്കളെ നിങ്ങളുടെ അടുത്ത് വെക്കുകയാണെങ്കിൽ ജോലിക്കാരാക്കി വെക്കരുത്. പ്രത്യുത അവരെ നിങ്ങളുടെ നേതാവാക്കി വെക്കുക. ജോലിക്കാരെപോലെ അവരോടു പെരുമാറരുത്. ഞാൻ കണ്ടിട്ടുണ്ട്, ചിലയാളുകൾ തന്റേയോ തന്റെ ഭാര്യയുടേയോ മാതാപിതാക്കളെ തങ്ങളുടെ കൂടെ പാർപ്പിക്കുന്നു. പക്ഷേ, തങ്ങളുടെ ജോലികൂടി അവർ ചെയ്യണമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഇതിഷ്ടകരമായ രീതിയല്ല.

മിക്കപ്പോഴും കണ്ടിട്ടുണ്ട് പെൺകുട്ടിയുടെ മാതാപിതാക്കൾ അവൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നത് ആൺകുട്ടിയുടെ മാതാപിതാക്കളെ അവരോടൊപ്പം നിൽക്കാൻ വിടരുതെന്നാണ്. ആൺകുട്ടിയുടെ മാതാപിതാക്കൾ ആൺകുട്ടിയക്ക് മനസ്സിലാക്കിക്കൊടുക്കുന്നത് പെൺകുട്ടിയുടെ മാതാപിതാക്കളെ കൂടെ താമസിക്കാൻ വിടരുതെന്നാണ്. അവരുടെ മാർഗനിർദേശമനുസരിച്ച് ആൺകുട്ടിയും പെൺകുട്ടിയും പ്രവർത്തിക്കാൻ തുടങ്ങുന്നു. അതിന്റെ ഫലമായി അവരിൽ വഴക്കും ശണ്ഠയുമുണ്ടാകുന്നു. ആൺകുട്ടി പറയുന്നു, ഇവൾ എന്റെ മാതാപിതാക്കളെ മോശമായി മനസ്സിലാക്കുന്നു. പെൺകുട്ടി പറയുന്നു, ഇവർ എന്റെ മാതാപിതാക്കളെ ആദരിക്കുന്നില്ല. എല്ലാ മാതാപിതാക്കളും തങ്ങളുടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും നിർദേശം കൊടുക്കുന്നത് അവർ തങ്ങളുടെ മക്കളുടെ നന്മ ആഗ്രഹിക്കുന്നവരല്ലെന്നാണ്. അതുകൊണ്ട് അവർ തങ്ങളുടെ മക്കളുടെ ഏറ്റവും വലിയ ശത്രുവായി കരുതുന്നു. എന്റെ പക്കൽ അവർ ശയ്ത്വാന്റെ സ്ഥാനമുൾക്കൊള്ളുന്നവരാണ്. കാരണം ശയ്ത്വാന്റെ പണിയാണ് തമ്മിലടിപ്പിക്കുക എന്നത്. അവൻ വഴക്കും ലഹളയും ഇഷ്ടപ്പെടുന്നു. അത്തരക്കാർ ഓർക്കേണ്ടതാണ്, അവരും മറ്റുള്ള ആരുടെയെങ്കിലും ആൺകുട്ടിയേയും പെൺകുട്ടിയേയും ആദരിപ്പിക്കാൻ വിടുന്നില്ല. മാതാപിതാക്കൾത്തന്നെ ഇത്തരം അനാവശ്യമായ ഉപദേശങ്ങൾ നല്കുമ്പോൾ ബന്ധങ്ങളെങ്ങനെയാണ് ശരിയായ നിലയിൽ മുന്നോട്ടുപോകുക. ആൺകുട്ടിളുടേയും പെൺകുട്ടികളുടേയും ആയുസ്സു നശിപ്പിക്കുന്നതിൽ ഏറ്റവുമധികം പങ്കുള്ളത് അവരുടെ മതാപിതാക്കൾക്കാണ്. കാരണം മാതാപിതാക്കൾ ഇതൊക്കെയാണ് അവരെ പറഞ്ഞു പഠിപ്പിച്ചിട്ടുള്ളത്. അതായത് മാതാപിതാക്കളെ അടുത്തുവരാൻ അനുവദിക്കരുതെന്ന്! അതുകൊണ്ട് വിവാഹശേഷം ഒരിക്കൽ ഭാര്യാഭർത്താക്കന്മാർക്കിടയിൽ തീർച്ചയായും വൈമനസ്യമുണ്ടാകാം. ചിലപ്പോൾ ആ വഴക്ക് ത്വലാഖും ഖുലവരേയുമെത്തുകയും ചെയ്യും. അവരിൽ ഒരാൾ വിജയിക്കുകയും മറ്റെയാൾ പരാജയപ്പെടുകയും ചെയ്യുമ്പോൾ വിജയിക്കുന്നവൻ ഇതരന്റെ മാതാപിതാക്കൾക്കുള്ള മറുപടി കൊടുടക്കുന്നു. എന്തായാലും ഇതൊരു അപമാനത്തിന്റെ പ്രശ്നമാണ്. ഈ രീതി എന്റെ നോട്ടത്തിൽ അങ്ങേയറ്റം അക്രമപരമാണ്.ഭാര്യതന്റെ ഭർത്താവിനുമേൽ വിജയിച്ചുവെന്ന് സങ്കല്പിക്കുക. അയാൾ തന്റെ മാതാപിതാക്കളുമായുള്ള ബന്ധം വിച്ഛേദിച്ചു. അവരിൽ സേവിക്കുന്നതിൽനിന്ന് മുഖം തിരിച്ചു. അപ്പോൾ ആ ആൺകുട്ടിയുടെമേൽ അല്ലാഹുവിന്റെ ശാപമുണ്ടാകും. പക്ഷേ, അതിനോടൊപ്പംതന്നെ പെൺകുട്ടിയുടെ മേലും അല്ലാഹുവിന്റെ ശാപമുണ്ടാകും. കാരണം അവളാണ് ഇക്കാര്യത്തിൽ, മാതാപിതാക്കളെ ഉപേക്ഷിക്കാൻ അവനെ നിർബന്ധിച്ചത്. പെൺകുട്ടി തന്റെ മാതാപിതാക്കളെ ഉപേ

**• അല്ലാഹുവിന്റെ കലാം •**

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."
(വിശുദ്ധ ഖുർആൻ 51:57)

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

**• അല്ലാഹുവിന്റെ കലാം •**

എനിക്ക് ആഹാരവും പാനീയവും നല്കുന്നവനാണ് അവൻ (അല്ലാഹു). ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നല്കുന്നു (26:80–81)



ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ക്ഷിച്ചാൽ അവളുടെമേൽ അല്ലാഹുവിന്റെ ശാപമുണ്ടാകും. അതിനോടൊപ്പംതന്നെ അവന്റെമേലും അല്ലാഹുവിന്റെ ശാപമുണ്ടാകും. കാരണം അവൻ അങ്ങേയറ്റം അവളെ നിർബന്ധിച്ചു. പെൺകുട്ടി കാരണത്തിൽ ആൺകുട്ടി തന്റെ മാതാപിതാക്കളെ ഉപേക്ഷിച്ചാൽ ആൺകുട്ടിയും ശപിക്കപ്പെട്ടവനായി. പെൺകുട്ടിയും ശപിക്കപ്പെട്ടവളായി. ഇക്കാര്യം നാലുഭാഗത്തുനിന്നും അല്ലാഹുവിന്റെ വെറുപ്പിന് ഇരയാക്കുന്നു. ഇതിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കേണ്ടത് മുഅ്മിന്റെ നിർബന്ധ കടമയാണ്.

രാവുംപകലും ഈ പ്രശ്നങ്ങൾ ജനങ്ങളുടെ മുമ്പിൽ വിവരിക്കുക എന്നതാണ് നമ്മുടെ ഉലമാ ചെയ്യേണ്ടത്. ഇക്കാര്യങ്ങൾ ജനങ്ങളുടെ മനസ്സിൽ രൂഢമൂലമാകുന്നതിന് ഇസ്ലാമികാധ്യാപനങ്ങൾ നിരന്തരം അവർക്ക് പറഞ്ഞുകൊടുക്കുക. ത്വലാഖും ഖുലയും അങ്ങേയറ്റം അനിഷ്ടകരമായ കാര്യമാണ്. ഒരു തരത്തിലുള്ള രഞ്ജിപ്പും നടക്കാത്ത അവസ്ഥയുണ്ടാകുമ്പോൾ മാത്രമെ അതനുസരിച്ച് പ്രവർത്തിക്കാവൂ. ഖാളിമാരും പിതാവായിക്കൊണ്ട് സമാധാനമുണ്ടാക്കാൻ ശ്രമിക്കുക. ഒരു കക്ഷിയുടേയും വക്കീലിനെ ഇടപെടാൻ അനുവദിക്കരുത്. സഹതാപവും സ്നേഹവും അലിവോടുംകൂടി വഴക്കില്ലാതാക്കാൻ ശ്രമിക്കേണ്ടതാണ്. ചില നേരങ്ങളിൽ അവസ്ഥ വളരെ മോശമായിത്തീരാറുണ്ട്. ബാഹ്യമായി നോക്കുമ്പോൾ ഹരിഹാരത്തിനുള്ള ഒരു മാർഗവും കാണുകയില്ല. എന്നാൽ, ആത്മാർഥതയോടെ ആ വഴക്ക് പരിഹരിക്കാൻ തീരുമാനിക്കുകയാണെങ്കിൽ അല്ലാഹു തന്റെ ഫള്ലുകൊണ്ട് ആ അവസ്ഥകൾ ശരിയാക്കിത്തരുന്നതായിരിക്കും.

ഒരിക്കൽ എന്റെയടുത്ത് അങ്ങനെ ഒരു വഴക്കു വന്നു. ഭർത്താവിന്റേയും ഭാര്യയുടേയും മനസ്സിൽ ഒരാൾക്ക് മറ്റൊരാളോടു കഠിനമായ വെറുപ്പുണ്ടായിക്കഴിഞ്ഞിരുന്നു. ഞാൻ അവരിരുവരേയും വിളിച്ചു. സ്നേഹത്തോടുകൂടി കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്തു. പക്ഷേ, ആൺകുട്ടി പറഞ്ഞു, ഞാനവളെ വെക്കാനൊരിക്കലും തയ്യാറല്ല! അവളെന്റെ സഹോദരനെ കഠിനമായി അപമാനിച്ചു. പെൺകുട്ടി പറഞ്ഞു: ഞാനിവന്റെ മുഖംപോലും കാണാൻ തയ്യാറല്ല. കാരണം അവനെന്റെ പിതാവിനെ ചീത്ത പറഞ്ഞു. ഞാനവരെ സ്വരുമയിലാക്കാൻ ഒരുപാട് ശ്രമിച്ചു. പക്ഷേ, അവരിലത് ഒരു സ്വാധീനവുമുണ്ടാക്കിയില്ല. രഞ്ജിപ്പിന്ന് തയ്യാറായതുമില്ല. ഞാൻ അവരെ പറഞ്ഞുവിട്ടു. നമസ്കാരസമയം ആയിക്കഴിഞ്ഞിരുന്ന്ു. ഞാൻ നമസ്കരിക്കാൻ പോയി. നമസ്കാരത്തിൽ അവരുടെ പിടിവാശി കണ്ട് എന്നിൽ തേങ്ങലുണ്ടായി. ഞാൻ അല്ലാഹുവിനോടു ദുആ ചെയ്തു. യാ ഇലാഹീ! ഞങ്ങളുടെ ജമാഅത്തിന്റെ സ്വഭാവങ്ങൾക്കെന്താണ് പറ്റിയത്? അവർ ചെറിയ ചെറിയ കാര്യങ്ങൾ വലിച്ചുനീട്ടിക്കൊണ്ടു പോകുന്നു. രണ്ടാം ദിവസം ആ പെൺകുട്ടി എന്റെയടുത്തുവന്നു. അവൾ ചിരിക്കുകയായിരുന്നു. ചിരിച്ചുകൊണ്ട് അസ്സലാമുഅലയ്ക്കു പറഞ്ഞു. കാര്യമെന്താണെന്ന് ഞാൻ ചോദിച്ചു.അവൾ പറഞ്ഞു, ഞാൻ അദ്ദേഹത്തെ കൊണ്ടുപോകാൻ വന്നിരിക്കുകയാണ്. ഞാൻ പോകുകയാണ്. അങ്ങനെ അതിനുശേഷം ദമ്പതികൾക്കു തമ്മിൽ സ്നേഹമുണ്ടായി. ഇപ്പോൾ അവർക്ക് ധാരാളം മക്കളുമുണ്ടായിട്ടുണ്ട്.

അതിനാൽ ഖാളിമാരുടെ നിർബന്ധ കടമയാണ് അവർ പിതാവായിക്കൊണ്ട് കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ശ്രമിക്കുക. പെൺകുട്ടിയുടെ ഭർത്താവ് തന്റെ മകനാണെന്ന് അവർ മനസ്സിലാക്കുക;പെൺകുട്ടി തന്റെ മകളാണെന്നും. ഈ നേരത്ത് എന്റെ മകൾ തെറ്റുചെയ്താൽ ഞാനെന്തായിരിക്കും ചെയ്യുക. തന്റെ മകളെക്കുറിച്ച് അവർക്കുണ്ടാകുന്ന വിഷമം മറ്റുള്ളവർക്കുവേണ്ടിയുമുണ്ടാകേണ്ടതാണ്. ഖാളിമാരുടെ മനസ്സിൽ വിഷമമുണ്ടാകുകയാണെങ്കിൽ മറ്റുള്ളവരുടെ മനസ്സിലും വിഷമമുണ്ടാകുമെന്നത് തീർച്ചയാണ്. ദമ്പതിമാരുടെ ഇടയിലുണ്ടാകുന്ന വഴക്ക് കൊടുക്കൽവാങ്ങൽ കേസ്സുപോലെയല്ല. ഖാളി ഒരു മജിസ്ട്രേട്ട് എന്ന നിലയിൽ വിധി പറയാതിരിക്കുക. ഇവിടെ ജനതയുടേയും ധാർമികതയുടേയും പ്രശ്നമാണ്. അതുകൊണ്ട് ഒരു വിധത്തിലും താൻ മാനുഷികമായ ധാർമികതയെ നശിക്കാൻ വിടുകയില്ലെന്ന കാര്യം ഖാളി ശ്രദ്ധിക്കേണ്ടതാണ്. വിധി പറയാൻ തുടങ്ങുമ്പോൾ അയാൾക്ക് കാണാൻ കഴിയണം തന്റെ മകന്റെ, തന്റെ മകളുടെ ആയുസ്സ് നശിക്കുന്ന പ്രശ്നമായിത്തീരരുത് അതെന്ന്. എപ്പോഴെങ്കിലും അയാൾക്ക് ത്വലാഖ് അല്ലെങ്കിൽ ഖുലയ്ക്ക് അനുവാദം നില്കേണ്ടിവരും. പക്ഷേ, അത്തരം സന്ദർഭത്തിൽ സൽസ്വഭാവങ്ങൾ നശിക്കുന്ന സാധ്യത കുറവായിരിക്കും. അത്തരം സന്ദർഭത്തിൽ അല്ലാഹുവിന്റെ അസംതൃപ്തിയുടെ ഒരു വശവും അയാളിലുണ്ടാകുകയില്ല.”*(അൽഫള്ൽ 1946 ജൂലായ് 25)*

പേജ് 6 ൽ നിന്ന്


ക്കുന്നു, അത് തീർച്ചയായും പൂർത്തിയാക്കേണ്ടതാണ്.

മറ്റൊരു സംഭവമുണ്ട്. അവിടെ സമ്പത്തിന്റെ ആവശ്യം സമ്പത്തിനോടുള്ള സ്നേഹം ത്യാഗത്തിനു മേൽ അതിജയിക്കാൻ സമ്മതിക്കുന്നില്ല. നൈജീരിയയിലെ മറാവി റീജ്യണിലുള്ള ഒരു ജമാഅത്തിൽ അഹ്മദ് ഥാനി സാഹിബ് എല്ലാവർഷവും വളരെ കൃത്യമായി വഖ്ഫെ ജദീദ് ചന്ദ കൊടുത്തിരുന്നു. ഈ വർഷം റീജ്യണിൽ വെള്ളപ്പൊക്കമുണ്ടായപ്പോൾ കൃഷി എല്ലാം നശിച്ചു. ആളുകൾക്ക് കൂടുതൽ ചന്ദ കൊടുക്കാൻ കഴിയില്ലെന്ന് തോന്നിയിരുന്നു. ഒരുപാട് മഴയും വെള്ളപ്പൊക്കവും കാരണം കൃഷി നശിച്ചിട്ടുണ്ടായിരുന്നു. വെള്ളപ്പൊക്കം കാരണം നല്ലപോലെ വിളവെടുപ്പും കിട്ടിയില്ല. പക്ഷേ, ആ കാരണം കൊണ്ട് ചന്ദയിൽ കുറവുവരുത്തിയില്ല. എത്രയാണോ മുമ്പേ നൽകിക്കൊണ്ടിരുന്നത് അതിനേക്കാളധികം അദ്ദേഹം നൽകി.

ഇനി ആവശ്യങ്ങളുണ്ടായിട്ടും ത്യാഗത്തിന് മുൻഗണന നൽകിയ മറ്റൊരു കഥയുണ്ട്. നൈജറിലെ ഡിപ്സു ജമാഅത്തിലാണത്. അവിടെ മഴ കുറവായിരുന്നു. അതുകൊണ്ട് കൃഷിയെ കാര്യമായി അത് ബാധിച്ചു. ചില സ്ഥലങ്ങളിൽ മഴ കൂടുതലായി കിട്ടിയിരുന്നു, ചില സ്ഥലങ്ങളിൽ കുറവുമായിരുന്നു. നമ്മുടെ ആഫ്രിക്കയിലെ അധിക ജമാഅത്തുകളും ഗ്രാമ പ്രദേശങ്ങളിലാകുന്നു. മാത്രമല്ല അവിടെയുള്ള രാഷ്ട്രീയ സാഹചര്യവും വളരെ മോശമാണ്. വിലവർധന വളരെയധികം കൂടിയിരിക്കുന്നു. ഈ അവസ്ഥകളെല്ലാം കണ്ട് മുഅല്ലിം സാഹിബ് പറയുന്നു: ‘ആളുകളുടെ കൈയിൽ പണമില്ല. അവരെങ്ങനെയാണ് ചന്ദ കൊടുക്കുക? എന്ന കാര്യത്തിൽ എനിക്ക് പ്രയാസം തോന്നിയിരുന്നു. പക്ഷേ, ഗ്രാമീണരായ ആളുകളോടു പറഞ്ഞു: ‘വഖ്ഫെജദീദ് വർഷം അവസാനിച്ചു കൊണ്ടിരിക്കുകയാണ്.’അവിടെ ശാഫി ഏങ്കു എന്ന പേരിൽ ഒരാളുണ്ട്. അദ്ദേഹം എഴുന്നേറ്റു പറഞ്ഞു: എല്ലാവർഷവും നമ്മൾ കൃത്യമായി ചന്ദ കൊടുക്കുന്നുണ്ട്. പക്ഷേ, നമ്മൾ ചന്ദ കൊടുക്കുകയും അല്ലാഹു അതിനെ ഇരട്ടിയായി തിരിച്ചു തരാതിരിക്കുകയും ചെയ്ത ഒരു വർഷവും കഴിഞ്ഞുപോയിട്ടില്ല. അതുകൊണ്ട് ചന്ദയുടെ അനുഗ്രഹങ്ങൾ മുഖേന അല്ലാഹു നമ്മളെ അനുഗ്രഹിച്ചു കൊണ്ടിരിക്കുന്നു. നമ്മളുടെ സാമ്പത്തികാവസ്ഥയും നല്ലതായിക്കൊണ്ടിരിക്കുന്നു. ഒരുപാട് പ്രയാസങ്ങളുണ്ടെങ്കിലും നമ്മൾ നല്ല നിലയിലാണ്. അതുകൊണ്ട് ഞങ്ങൾ പിന്മാറുന്നതല്ല. ഞങ്ങൾ ചന്ദ കൊടുക്കുന്നതാണ്. അങ്ങനെ അവർ അതു കൊടുത്തു. ഇവിടെയും സമ്പത്തിനോടുള്ള സ്നേഹം അവരെ അതിജയിക്കുകയുണ്ടായില്ല.

ടൻസാനിയായിലെ ഇബ്റാഹിം സാഹിബ് പറയുന്നു: എനിക്ക് ചന്ദയുടെ അനുഗ്രഹത്തെ സംബന്ധിച്ച് അറിവു കിട്ടിയപ്പോൾ ഞാൻ എല്ലാ മാസവും കൃത്യമായൊരു പങ്ക് സാമ്പത്തിക ത്യാഗത്തിന് നിശ്ചയിച്ചു. അതിന്റെ അനുഗ്രഹ ഫലമായി എന്റെ ജോലികളിൽ വർധന ഉണ്ടാകുകയും അല്ലാഹു എന്റെ ഉപജീവനം വർധിപ്പിക്കുകയും ചെയ്തു. പറയുന്നു: ഒരിക്കൽ ചന്ദ കൊടുക്കാൻ എന്നോടു പറഞ്ഞു. എന്റെ കൈയിലുണ്ടായിരുന്ന അല്പം തുക ഞാനൊരു ജോലി ആവശ്യാർഥം വെച്ചതായിരുന്നു. കച്ചവടമായിരുന്നു. അതുകൊണ്ട് പൈസ മാറ്റിവെച്ചതാണ്. പക്ഷേ, ചന്ദ കൊടുക്കാൻ ആഹ്വാനമുണ്ടായപ്പോൾ ഞാൻ

ഹദീസുന്നബവി
“എനിക്കുമുമ്പേ ആർക്കും അനുവദിക്കപ്പെടാത്ത 5 കാര്യങ്ങൾ എനിക്ക് അനുവദിച്ചിരിക്കുന്നു.....എനിക്കുവേണ്ടി ഭൂമി ഒരു മസ്ജിദായിട്ടും ശുദ്ധീകരണത്തിനുള്ള ഒരു മാർഗമായിട്ടും ആക്കിയിരിക്കുന്നു(ബു. 7:1).”
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

അല്ലാഹുവിന്റെ കലാം
“എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല.”
(വിശുദ്ധ ഖുർആൻ 51:57)
tectona

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

ആ തുക അതിൽ കൊടുത്തു. അടുത്ത ദിവസം ഫോൺ ചെയ്ത് എന്റെ സാധനങ്ങൾ വാങ്ങാൻ വരുന്നവരോടു പറഞ്ഞു, എന്റെ കൈയിൽ ഇപ്പോൾ പൈസയില്ല. അതുകൊണ്ട് നിങ്ങളിൽനിന്ന് എനിക്ക് സാധനം എടുക്കാൻ സാധ്യമല്ല, അപ്പോൾ അയാൾ എന്നോടു പറഞ്ഞു, അതു സാരമില്ല നിങ്ങൾ തരാനുള്ള പൈസയുടെ പകുതി തുക എനിക്കു കിട്ടിയിരിക്കുന്നു, ബാക്കി പണം നിങ്ങൾ പിന്നീട് തന്നാൽ മതി. പറയുന്നു: പകുതി പണം ആരാണ്, എവിടെ നിന്നാണ് അയാൾക്ക് കിട്ടിയതെന്ന് എനിക്കറിയില്ല. ഇന്നും ആ രഹസ്യം എനിക്ക് മനസ്സിലായിട്ടില്ല. അല്ലാഹു ചിലപ്പോൾ ഇങ്ങനെയും സഹായിക്കാറുണ്ട്. എന്തെന്ന് നമുക്കറിയാൻ സാധിക്കുകയില്ല. ചിലയാളുകൾക്ക് അല്ലാഹു സാമ്പത്തിക ത്യാഗം ചെയ്യുന്നതുകൊണ്ട് ജോലികളും സംഘടിപ്പിച്ചു കൊടുക്കുന്നു. ചെക്ക് റിപ്പബ്ലിക്കിൽ നിന്നുള്ള ഒരു ഖാദിം പറയുന്നു: അദ്ദേഹം അവിടുത്തെ തദ്ദേശവാസിയാണ്. അല്ലാഹു എങ്ങനെയാണ് എനിക്ക് സാമ്പത്തിക ത്യാഗത്തിന്റെ തത്ത്വം പഠിപ്പിച്ചുതന്നതെന്ന് നോക്കുക, പറയുന്നു: എനിക്ക് സാമ്പത്തിക ത്യാഗം മുഖേന ഒരു പുതിയ ആത്മീയ ജീവിതം കിട്ടിയിരിക്കുന്നു. ഞാനെന്റെ കൂടെയുള്ള വിദ്യാർഥികളെ കാണുന്നു. അവർ ഒരുപാട് പ്രശ്നങ്ങളിൽ അകപ്പെട്ടവരാണ്. എല്ലാവരും പണം സ്വരൂപിക്കുന്നതിൽ വ്യാപൃതരാണ്. അവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ സ്വഭാവം കൈയിൽ വരുന്ന പണം അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യുക എന്നതായിരുന്നു. എന്റെ സുഹൃത്തുക്കൾ, അതുകൊണ്ട് ഒരു പ്രയോജനവുമുണ്ടാകുകയില്ലെന്ന് പറയുമായിരുന്നു. പക്ഷേ, എന്റെ അല്ലാഹു സാക്ഷിയാണ്, എന്റെ ജീവിതം അവനുമായി ബന്ധപ്പെട്ടിരിക്കുന്നു. ഞാൻ എന്റെ ഫീൽഡിൽ ജോലി അന്വേഷിക്കുകയായിരുന്നു. പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. ചന്ദയുടെ ബർക്കത്ത് കാരണം അത് അകന്നുപോയി. താമസിക്കാൻ സ്ഥലമില്ലായിരുന്നു, അല്ലാഹു താമസത്തിന് സംവിധാനമൊരുക്കിത്തന്നു. പറയുന്നു: ആദ്യം എന്റെ പോക്കറ്റ് എല്ലാ സമയത്തും കാലിയായിരുന്നു. പക്ഷേ, ഇപ്പോൾ എന്റെ പോക്കറ്റ് എപ്പോഴും നിറഞ്ഞിരിക്കുന്നു. ചന്ദയും കൊടുക്കുന്നു. അല്ലാഹു അത് നിറച്ച് തരുകയും ചെയ്യുന്നു.

ഇന്ത്യയിൽനിന്നുള്ള ഒരു ഇൻസ്പെക്ടർ എഴുതുന്നു: ഒരു സുഹൃത്തുണ്ട്. അദ്ദേഹത്തിന്റെ വഖ്ഫു ജദീദ് ചന്ദ 24000 ആയിരുന്നു. ഏതാനും ദിവസം മാത്രമേ ബാക്കിയുള്ളൂ. അദ്ദേഹം പറയുന്നു: എന്റെ പക്കൽ കുറച്ചു പൈസയുണ്ട്. ഞാൻ അത് ഒരു അത്യാവശ്യ കാര്യത്തിന് വെച്ചതാണ്. ഞാൻ പറഞ്ഞു: ഇപ്പോൾ വഖ്ഫ് ജദീദിന്റെ വർഷം അവസാനിക്കുന്നു. നിങ്ങൾ നോക്കുക, ഉചിതമായ തീരുമാനമെടുക്കുക, അല്ലെങ്കിൽ പിന്നീട് കൊടുക്കുക. അദ്ദേഹം പറഞ്ഞു: ഞാൻ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നു. തുക ചന്ദയിൽ നൽകുകയും ചെയ്തു. അടുത്ത ദിവസംതന്നെ അദ്ദേഹത്തിന്റെ ഫോൺ വന്നു. അദ്ദേഹത്തിന് എവിടെയോ കച്ചവടത്തിൽ കുടുങ്ങിക്കിടന്നിരുന്ന ഒരു വലിയ തുക പെട്ടെന്ന് കിട്ടി എന്നറിയിച്ചു. മുഴുവൻ സംഖ്യയും ഇല്ലെങ്കിൽ പോലും അതിൽ നിന്ന് 50,000 രൂപ ലഭിച്ചു. ബാക്കി പൈസയും എത്രയും പെട്ടെന്ന് നൽകാമെന്ന് വാഗ്ദാനം ചെയ്തു. നോക്കുക! അല്ലാഹു പറയുന്നു: നിങ്ങളെന്നെ മുന്നിൽ കണ്ടുകൊണ്ട് സമ്പത്തിനോടുള്ള സ്നേഹം ഒഴിവാക്കുകയാണെങ്കിൽ നിങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങളെ ഒഴിവാക്കിക്കൊണ്ട് ജമാഅത്തുപരമായ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ ശ്രമിക്കുകയാണെങ്കിൽ ഞാൻ നിങ്ങളെ സഹായിക്കുന്നതാണ്. അങ്ങനെ അല്ലാഹു ഈ രീതിയിൽ സഹായിക്കുന്നു.

ജമാഅത്തിലുണ്ടാകുന്ന ചെലവുകൾ പറഞ്ഞതുപോലെ, ലോകത്ത് ഒരു നബിയും ജമാഅത്ത് പരമായ പ്രവർത്തനത്തിനു വേണ്ടി സാമ്പത്തിക ത്യാഗത്തിനാഹ്വാനം നടത്താതിരുന്നിട്ടില്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ്ﷺപറഞ്ഞതുപോലെ, അഹ്മദിയ്യാ ജമാഅത്തിലും ജമാഅത്തിന്റെ പ്രവർത്തനത്തിനുവേണ്ടി ധനത്യാഗം ചെയ്യാൻ പറഞ്ഞുകൊണ്ടിരിക്കുന്നു.

ലോകത്ത് നമുക്ക് ഒരുപാട് മിഷനുകളുണ്ട്. തഹ്‌രീക്കെ ജദീദിന്റെയും വഖ്ഫെ ജദീദിന്റെയും വരവ് മാത്രമാണ് കേന്ദ്രത്തിൽ വരുന്നത്. ബാക്കി തദ്ദേശ രാജ്യങ്ങളിൽത്തന്നെ ചെലവാക്കപ്പെടുന്നു. ആഫ്രിക്കയിൽ ഒരുപാടാളുകൾ സാമ്പത്തിക ഭദ്രതയുള്ളവരല്ല. എന്നിട്ടും അവർ ചന്ദ കൊടുക്കുന്നു. ചെലവുകളും ധാരാളമുണ്ട്. മിഷൻ ഹൗസുകളും മസ്ജിദുകളുമുണ്ട്. ഇപ്പോൾ ആഫ്രിക്കയിൽ 7953 മസ്ജിദുകളുണ്ട്. 306 മസ്ജിദുകൾ നിർമാണത്തിലാണ്. അതുപോലെ എല്ലാ വർഷവും ഡസൻ കണക്കിന് മസ്ജിദുകളുടെ പദ്ധതി തയ്യാറാക്കുന്നുണ്ട്. 1860 മിഷൻ ഹൗസുകൾ പ്രവർത്തിക്കുന്നു. ചിലത് വാടകയ്ക്കാണ്. നമ്മുടെ 400 കേന്ദ്ര മുബല്ലിഗുമാർ അവിടെ പ്രവർത്തിക്കുന്നുണ്ട്. 2000 മുഅല്ലിമീങ്ങൾ ജോലി ചെയ്തുവരുന്നു.

പിന്നെ ഖാദിയാനുണ്ട്. സൗത്ത് അമേരിക്കൻ രാജ്യങ്ങളിലെ ദ്വീപുകളിലെ കേന്ദ്രങ്ങൾക്കു വേണ്ടിയും പണം ചെലവഴിക്കപ്പെടുന്നു. അവിടെ അവർക്കുള്ള ചെലവുകൾ പൂർത്തിയാകുന്നില്ല. മിഷനുള്ള ചെലവുകൾ പൂർത്തിയാക്കുന്നതിനു വേണ്ടി റണ്ണിംഗ് എക്സ്പൻഡീച്ചർ വളരെ കൂടുതലാണ്. സാഹിത്യങ്ങൾ വിതരണം ചെയ്യുന്നതിനും ചെലവുണ്ട്. പുസ്തകങ്ങൾ ഇവിടെനിന്ന് ചിലപ്പോൾ അയച്ചു കൊടുക്കുന്നു. അതിൽ വലിയ പുസ്തകങ്ങൾ ഒഴികെ മറ്റുള്ളവ സൗജന്യമായാണ് വിതരണം ചെയ്യുന്നത്. ലഘുലേഖകൾ സൗജന്യമാണ്. കുറച്ച് പുസ്തകങ്ങൾ അവിടെ പ്രസിദ്ധീകരിക്കുന്നുമുണ്ട്. ഈ എല്ലാ തുകയും അല്ലാഹു തന്റെ അനുഗ്രഹത്താൽ ചെലവഴിക്കാൻ നൽകുന്നു. ചില സമയത്ത് ചെറിയ വരുമാനത്തിൽ ഇത്രയും വലിയ പ്രോഗ്രാമുകളും വലിയ ചെലവുകളും എങ്ങനെ പൂർത്തിയാകുമെന്ന് തോന്നാറുണ്ട്. തഹ്‌രീക്കെ ജദീദിന്റെയും വഖ്ഫെ ജദീദിന്റെയും ചന്ദകൾ പൂർണമായും പൂർണമായും കേന്ദ്രത്തിൽ വരുന്നു. ഇത് ഏറെക്കുറെ 30,31 മില്യൺ പൗണ്ട് വരും. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ചെലവും നടക്കുന്നു. 106 രാജ്യങ്ങൾക്കു നൽകുന്ന വാർഷിക ഗ്രാന്റും ഏറെക്കുറെ തുല്യമായിരിക്കും. പിന്നെ ജാമിഅകളുണ്ട്. അവയ്ക്കും മില്യൺ കണക്കിന് ഗ്രാന്റ് നൽകപ്പെടുന്നു. എം.ടി.എ ക്കും മില്യൺ കണക്കിന് ചെലവുണ്ട്. പിന്നെ കേന്ദ്രത്തിന്റെ ഈ ചെലവുകളെല്ലാം എങ്ങനെയാണ് പൂർത്തിയാകുന്നതെന്ന് മനസ്സിലാകുന്നില്ല. ചില സമയത്ത് കൂടുതൽ ചെലവുകൾ അതെങ്ങനെ പൂർത്തിയാകുമെന്ന ആശങ്കയുണ്ടാകാറുണ്ട്. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ചെലവുകൾ നടക്കുന്നു. അതിൽ ഒരു കുറവും അവൻ വരുത്തിയിട്ടില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ മിഷൻ നടന്നു കൊണ്ടിരിക്കുന്നു. അതിലെ പ്രവർത്തനങ്ങളും നടക്കുന്നു. ഞാൻ നിനക്ക് ധാരാളം സമ്പത്ത് നൽകുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്ﷺനോട് അല്ലാഹു പറഞ്ഞിട്ടുണ്ട്. അത് അല്ലാഹു നൽകുകയും ചെയ്യുന്നു. അത് ശരിയായി വിനിയോഗിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. അതിൽ ഒരു വിധത്തിലുള്ള ക്രമക്കേടും ഉണ്ടാകാതിരിക്കട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്ﷺപറയുന്നു: "സമ്പത്തിനോടും അല്ലാഹുവിനോടും ഒരുപോലെ സ്നേഹം കാണിക്കാൻ നിങ്ങൾക്ക് സാധ്യമല്ല. ഒന്നിനെ മാത്രമേ സ്നേഹിക്കാൻ കഴിയൂ. ആയതിനാൽ അല്ലാഹുവിനോടു സ്നേഹം പുലർത്തുന്നവൻ സൗഭാഗ്യവാൻ! നിങ്ങൾ അല്ലാഹുവിനോടുള്ള സ്നേഹം നിമിത്തം അവന്റെ മാർഗത്തിൽ ചെലവഴിക്കുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് ഉറപ്പ് നൽകുന്നു, അവന്റെ സമ്പത്തിൽ മറ്റുള്ളവരെ അപേക്ഷിച്ച് അധികമായി അനുഗ്രഹം ചൊരിയപ്പെടുന്നതാണ്. കാരണം സമ്പത്ത് സ്വയം വന്നു ചേരുന്നില്ല. അല്ലാഹുവിന്റെ ഇച്ഛ അനുസരിച്ചാണ് വരുന്നത്. അല്ലാഹുവിനുവേണ്ടി തന്റെ സമ്പത്തിന്റെ ഒരു ഭാഗം ഒഴിവാക്കുന്നവൻ തീർച്ചയായും അത് പ്രാപിക്കുകതന്നെ ചെയ്യും! പക്ഷേ, ആരാണോ സമ്പത്തിനോടുള്ള സ്നേഹം നിമിത്തം അല്ലാഹുവിന്റെ മാർഗത്തിൽ യഥാവിധി സേവനം ചെയ്യാത്തത് അവൻ തീർച്ചയായും ആ സമ്പത്തിനെ നഷ്ടപ്പെടുത്തുന്നതായിരിക്കും. സമ്പത്ത് നിങ്ങളുടെ പരിശ്രമം കൊണ്ട് വരുന്നതാണെന്ന് ഒരിക്കലും ചിന്തിച്ചു പോകരുത്. പ്രത്യുത അല്ലാഹുവിൽ നിന്നാണ് അത് വരുന്നത്. നിങ്ങളെന്തെങ്കിലും സമ്പത്ത് നൽകിക്കൊണ്ട് അതല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ സേവനം ചെയ്തുകൊണ്ട് അല്ലാഹുവിന്റെ വരിഷ്ഠ ദാസനു മേൽ ഔദാര്യം ചെയ്തുവെന്ന് ഒരിക്കലും കരുതരുത്. മറിച്ച് സേവനം ചെയ്യാൻ നിങ്ങളെ വിളിച്ചുവെന്നത് അവന്റെ നിങ്ങൾക്കുമേലുള്ള ഔദാര്യമാകുന്നു. ഞാൻ സത്യമായും സത്യമായും പറയുന്നു: നിങ്ങളെല്ലാവരും എന്നെ ഒഴിവാക്കുകയും സേവനവും സഹായവും പിൻവലിക്കുകയുമാണെങ്കിലും അവൻ മറ്റൊരു സമൂഹത്തെ കൊണ്ടുവരുകയും സേവനങ്ങൾ ചെയ്യുന്നതുമാണ്. നിങ്ങൾ ഉറപ്പായും അറിഞ്ഞുകൊള്ളുക; ഇത് വാനലോകത്ത് നിന്നുള്ള കാര്യങ്ങളാകുന്നു. നിങ്ങളുടെ സേവനം നിങ്ങളുടെ നന്മയ്ക്കു വേണ്ടി മാത്രമാകുന്നു. നിങ്ങളുടെ ഹൃദയത്തിൽ അഹങ്കാരം വരികയും നിങ്ങളെന്തെങ്കിലും സാമ്പത്തികപരമായോ അല്ലാതെയോ സഹായം ചെയ്യുന്നുവെന്ന് ധരിക്കുകയും ചെയ്യരുത്. ഞാൻ നിരന്തരം നിങ്ങളോട് പറയുന്നു, അല്ലാഹു നിങ്ങളുടെ സേവനത്തിനൊരിക്കലും ആശ്രിതനല്ല. നിങ്ങൾക്ക് സേവനം ചെയ്യാൻ അവസരം നൽകിയത് നിങ്ങൾക്കുമേലുള്ള അവന്റെ അനുഗ്രഹമാകുന്നു. *(മജ്മൂഅ ഇശ്തിഹാറാത്ത്*

*വാള്യം 3, പേജ് 49-498)*

ഈ വികാരവും ചിന്തയുമാണ് ഹദ്റത്ത് മസീഹ് മൗഊദ്ﷺജമാഅത്തിലുണ്ടാക്കിയത്. ഇന്നേക്ക് 135 വർഷം കഴിഞ്ഞിട്ടും ഈ വികാരം ജമാഅത്തിലെ അംഗങ്ങൾക്കുള്ളിൽ, യുവാക്കളിലും പുതുതായി വരുന്നവരിലും നിലനിൽക്കുന്നു. അവർ ത്യാഗങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു. അതിന്റെ ചില സംഭവങ്ങളാണ് ഞാൻ കേൾപ്പിച്ചത്. അതായത് എങ്ങനെയാണ് അല്ലാഹു അവരുടെ സമ്പത്തിൽ അനുഗ്രഹം നൽകുന്നത്. അതിന്റെ ആത്മാവ് മനസ്സിലാക്കിയവരാണവർ. അതിനുവേണ്ടി അവർ സകല ത്യാഗത്തിനും തയ്യാറാണ്. അല്ലാഹു അവരുടെ സമ്പത്തിലും സന്തതികളിലും അനുഗ്രഹം ചൊരിയുമാറാകട്ടെ.

ഇതോടനുബന്ധിച്ച് ഞാൻ വഖ്ഫെ ജദീദിന്റെ ഈ വർഷത്തെ റിപ്പോർട്ടും സമർപ്പിക്കുന്നതാണ്. അതിൽനിന്ന് ഈ വർഷം ജമാഅത്ത് എത്രമാത്രം ത്യാഗം ചെയ്തുവെന്ന് മനസ്സിലാക്കാൻ കഴിയുന്നതായിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫ് ജദീദിന്റെ 67-ാമത്തെ വർഷം ഡിസംബർ 31-ന് അവസാനിച്ചു. ആഗോള അഹ്മദിയ്യാ ജമാഅത്ത് 1,36,81,000 പൗണ്ട് അതായത് ഏകദേശം 14 മില്യൺപൗണ്ട് സാമ്പത്തിക ത്യാഗം സമർപ്പിച്ചിരിക്കുന്നു. ഈ തുക കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് 7,36,000 പൗണ്ട് അധികമാണ്. അൽഹംദുലില്ലാഹ്.

ഇതിൽ ത്യാഗത്തിന്റെ അടിസ്ഥനത്തിൽ അതായത് തുകയുടെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്ത് ബ്രിട്ടനാകുന്നു. ഇവർക്ക് കാനഡയുമായി ശക്തമായ മത്സരമാണുള്ളത്. കാനഡയും തങ്ങളുടെ ത്യാഗങ്ങളിൽ വർധന വരുത്തിയിട്ടുണ്ട്. പക്ഷേ, ബ്രിട്ടനെ അപേക്ഷിച്ച് പിന്നിൽ തന്നെയാകുന്നു. പിന്നെ മൂന്നാം സ്ഥാനത്ത് ജർമനിയാണ്. തുടർന്ന് അമേരിക്ക പിന്നെ ഭാരതം ശേഷം ആസ്ട്രേലിയ തുടർന്ന് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത് അതിനുശേഷം ഇന്തൊനേഷ്യ, വീണ്ടും മിഡിൽ ഈസ്റ്റിലെ ജമാഅത്ത് അതു കഴിഞ്ഞാൽ ബെൽജിയം.

ആഫ്രിക്കയിൽ പൊതുവായ പിരിവിന്റെ അടിസ്ഥാനത്തിലുള്ള ജമാഅത്തുകൾ, ഇതിൽ ഒന്നാം സ്ഥാനത്ത് ഘാനയാകുന്നു. പിന്നെ മൊറേഷ്യസ്, മൂന്നാം സ്ഥാനത്ത് ബുർക്കിനോഫാസോ, ഇവിടെയും അവസ്ഥകൾ വളരെ മോശമാണ്. എന്നിട്ടും അവർ ത്യാഗം ചെയ്തു കൊണ്ടിരിക്കുന്നു അവിടെയുള്ള ഒരുപാട് സ്ഥലങ്ങളിലെ റിപ്പോർട്ടുകൾ വന്നിട്ടില്ല. കാരണം അവരുമായി ബന്ധപ്പെടാൻ കഴിയുന്നില്ല. ശേഷം ടാൻസാനിയ, പിന്നീട് ലൈബിരിയ. ഗാംബിയ. പിന്നെ നൈജീരിയ, സിയറ ലിയോൺ, ബെനിൻ, കോംഗോകൺഷാസാ

ഇവിടെ കിട്ടിയ റിപ്പോർട്ടുകൾ അനുസരിച്ച് സാമ്പത്തിക ത്യാഗത്തിൽ പങ്കെടുത്തവരുടെ എണ്ണം 15 ലക്ഷത്തി അമ്പത്തിയൊന്നായിരമാകുന്നു. കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ചന്ദ കൊടുക്കുന്നവരുടെ എണ്ണത്തിൽ വർധന ഉണ്ടായിട്ടുണ്ട്. മോശമായ അവസ്ഥയായിരുന്നിട്ടുകൂടി പാക്കിസ്താനിലെ ആളുകളുടെ എണ്ണം വർധിച്ചിട്ടുണ്ട്. നൈജീരിയ, കാമറോൺ, സിയറ ലിയോൺ, ഗാംബിയ, കോങ്കോ ബ്രാസ്വിൽ,

ത്യാഗം ചെയ്തവരിൽ ബ്രിട്ടനിലെ ആദ്യത്തെ 10 ജമാഅത്തുകൾ: ഒന്നാം സ്ഥാനത്ത് Farnham, പിന്നെ Worcester Park, ]innെ Islamabad, പിന്നെ Walsall, പിന്നെ Aldershot South, പിന്നെ Ash, പിന്നെ Cheam South, പിന്നെ Gillingham, പിന്നെ Aldershot North, പിന്നെ Ewellആദ്യത്തെ 5 റീജനുകൾ: ഒന്നാം സ്ഥാനത്ത് ഇസ്ലാമാബാദ്, പിന്നെ ബയ്ത്തുൽ ഫുതൂഹ്, പിന്നെ മിഡ്ലന്റ്സ്, പിന്നെ മസ്ജിദ് ഫള്ൽ, പിന്നെ ബയ്ത്തുൽ ഇഹ്സാൻ.

വഖ്ഫ് ജദീദിന്റെ അത്ഫാൽ ലഡ്ജർ വേറെ തന്നെയുണ്ട്. അതിൽ ആദ്യത്തെ 10 ജമാഅത്തുകൾ; ഒന്നാം സ്ഥാനത്ത് Aldershot, പിന്നെ Aldershot North, പിന്നെ Farnham, പിന്നെ Ash, പിന്നെ Aldershot പിന്നെ South Bardon, പിന്നെ Cheem South, പിന്നെ Islamabad, പിന്നെ Roehampton Vale, പിന്നെ Mangester North, പിന്നെ Wallsal.

പിരിവിന്റെ അടിസ്ഥാനത്തിൽ കാനഡയിലെ ആദ്യത്തെ 10 ഇമാറത്തുകൾ: ഒന്നാം സ്ഥനത്ത് വാൻ, പിന്നെ കാൽഗരി, പിന്നെ പീസ് വില്ലേജ്, പിന്നെ വാങ്കോവർ, പിന്നെ ബ്രാംടൺ ഈസ്റ്റ്, പിന്നെ ടൊറോന്റോ.

പിന്നീട് കാനഡയിലെ 10 വലിയ ജമാഅത്തുകൾ: ഒന്ന് ഹമൽടൻ, പിന്നെ അഡ്മിന്റൻ വെസ്റ്റ്, പിന്നെ ഹമൽടൻ മൗണ്ടൻ, പിന്നെ മിൽട്ടൻ വെസ്റ്റ്, പിന്നെ ബയ്ത്തുർറഹ്മാൻ സിസ്കാട്ടൂൻ, പിന്നെ ഡുർഹം വെസ്റ്റ്, പിന്നെ റജയിന, പിന്നെ മോൻട്രിയാൽ വെസ്റ്റ്, പിന്നെ ബയ്ത്തുൽ ആഫിയത്ത് സിസ്കാട്ടൂൻ, പിന്നെ വെനിപേഗ്, പിന്നെ ഏഡ്രി, പിന്നെ ലാഇഡ് മൻസ്റ്റർ, ന്യൂ ഫൗണ്ട് ലാന്റ്.

അത്ഫാൽ ലഡ്ജറിൽ ആദ്യത്തെ സ്ഥാനത്തുള്ള ഇമാറത്തുകൾ: ഒന്നാം സ്ഥാനത്ത് വാൻ,പിന്നെ ടൊറന്റൊ വെസ്റ്റ്, പിന്നെ വെങ്കൊവർ, പിന്നെ പീസ് വില്ലെജ്, പിന്നെ കാൽഗരി, പിന്നെ മിസിസ്വാഗാ, പിന്നെ ബ്രാംടൻ ഈസ്റ്റ്, പിന്നെ ബ്രാംടൻ വെസ്റ്റ്, പിന്നെ ടൊറന്റൊ.

അത്ഫാൽ ലഡ്ജറിൽ ആദ്യത്തെ സ്ഥാനത്തുള്ള ജമാഅത്തുകൾ : ഡർഹം വെസ്റ്റ്, ഹദീഖ അഹ്മദ്, ബ്രേഡ് ഫോർഡ് ഈസ്റ്റ്, മോൺട്രിയാൽ വെസ്റ്റ്, ഹിമൽടൺ ഈസ്റ്റ്, ഹിമൽടൺ, ഹിമൽടൺ മൗണ്ടൻ, ഇൻസഫീൽ, മിൽട്ടൺ വെസ്റ്റ്, വെന്റ്സർ.

ജർമനിയിലെ ആദ്യത്തെ 5 ലോക്കൽ ഇമാറത്തുകൾ: ഒന്നാം സ്ഥാനത്ത് ഹംബർഗ്, പിന്നെ ഫ്രങ്ക് ഫർട്ട്, പിന്നെ വേസ്ബാദൻ, പിന്നെ ഗ്രോസ്ഗ്രൗ, റിഡ്സ്റ്റാറ്റ്.

ജർമനിയിലെ ആദ്യത്തെ 10 ജമാഅത്തുകൾ. ആദ്യം ഇമാറത്തുകൾ ആണ് പറഞ്ഞത്. ജമാഅത്തുകൾ :റോഡ്ഗ്രൗ, നിഡ്ഡാ, റോഡർമാർക്ക്, ഫ്ളോറസ് ഹായിം, നോയിവേഡ്, കോബ്ലെൻസ്, വയിൻ ഗാർട്ടൺ, പിന്നെബർഗ്, ബർലിൻ, നോയിസ്.

അത്ഫാൽ ലഡ്ജറിലെ ആദ്യത്തെ 5 റീജണുകൾ: അവയിലൊന്നാം സ്ഥാനം വേസ്ബാദൻ, പിന്നെ ഹംബർഗ്, ഹെസൻ സോദ് ഈസ്റ്റ്, വെസ്റ്റ് ഫാലിൻ, ഡെട്സൺ ബാഗ്

അമേരിക്കയിലെ ആദ്യത്തെ 10 ജമാഅത്തുകൾ: ഒന്നാം സ്ഥാനത്ത് മെരിലാന്റ്, പിന്നെ ലോസ് ഏഞ്ചൽസ്, നോർത്ത് വെർജീനിയ, സിലിക്കോൺ വാലി, സീട്ടിൽ, ഡെട്രൈറ്റ്, ചിക്കാഗൊ, ഡേൽസ്, സൗത്ത് വെർജീനിയ, ഹൗസ്റ്റൺ.

അത്ഫാൽ ലഡ്ജറിലെ ആദ്യത്തെ 10 ജമാഅത്തുകൾ: സീട്ടിൽ, ഫിലാഡൽഫിയ, നോർത്ത് വെർജീനിയ, ജോർജിയ, കേറൊലാഇന, ചിക്കാഗോ, ആസ്റ്റൺ, ഡേൽസ്, ഓൾകോശ്, ഡെട്രൈറ്റ്, മെരിലാന്റ്.

പാക്കിസ്താൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ലപോലെ പ്രയത്നിക്കുകയും ത്യാഗങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഒന്നാം സ്ഥാനത്ത് ലാഹോർ, രണ്ടാം സ്ഥാനത്ത് റബ്വ, മൂന്നാം സ്ഥാനത്ത് കറാച്ചി.

ജില്ലകൾ: ഇസ്ലാമാബാദ്, സിയാൽക്കോട്ട്, ഫയ്സലാബാദ്, ഗുജ്റാത്ത്, ഗുജറൻവാലാ, സർഗോധാ, ഉമർക്കോട്ട്, മുൾത്വാൻ, ഹൈദരാബാദ്, മീർപൂർഖാസ്.

ആദ്യത്തെ 10 ജമാഅത്തുകൾ: ഇസ്ലാമാബാദ്, പിന്നെ ടൗൺഷിപ്പ്(ലാഹോർ)പിന്നെ ദാറുദിക്ർ(ലാഹോർ), അസീസബാദ് കറാച്ചി, അല്ലാമ ഇഖ്ബാൽ ടൗൺ(ലാഹോർ), സമനാബാദ്(ലാഹോർ), ബയ്ത്തുൽ ഫള്ൽ( ഫയ്സ്വലാബാദ്), മുൽത്വാൻ ശഹ്ർ, ഡല്ലിഗേയ്റ്റ്(ലാഹോർ), ഗോജറൻവാലാ ശഹ്ർ.

അത്ഫാൽ വലിയ ജമാഅത്തുകൾ: ഒന്നാം സ്ഥാനം ലാഹോർ, രണ്ട് റബ്വ, മൂന്നു കറാച്ചി.

ദഫ്തർ അത്ഫാലിൽ ജില്ലയിലെ പൊസിഷൻ ഇങ്ങനെയാണ്: ഒന്നാം സ്ഥാനം ഇസ്ലാമാബാദ്, പിന്നെ സിയാൽക്കോട്ട്, പിന്നെ നാരോവാൽ, പിന്നെ ഉമർക്കോട്ട് പിന്നെ റാവൽപിണ്ടി, പിന്നെ ഗുജ്റൻവാല, മീർപൂർ ഖാസ്, ഗുജ്റാത്ത്, ഹൈദരാ ബാദ്, ശെയ്ഖ് പുരാ, അസാധാരണമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച ജമാഅത്തുകളുമുണ്ട്.

ഭാരതത്തിലെ ആദ്യത്തെ പത്തു ജമാഅത്തുകളിൽ സംസ്ഥാനാടിസ്ഥാനത്തിൽ കേരള, തമിൾനാട്, ജമ്മു കശ്മീർ, കർണാടക, തെലുങ്കാന, ഒഡിഷ, പഞ്ചാബ്, വെസ്റ്റ് ബംഗാൾ, മഹാരാഷ്ട്ര, ഉത്തർ പ്രദേശ്.

പത്തുജമാഅത്തുകൾ: ഒന്ന് കോയമ്പത്തൂർ, ഖാദിയാൻ, ഹൈദ്രാബാദ്, കോഴിക്കോട്, മഞ്ചേരി, ബാംഗ്ലൂർ, മേലപ്പാളയം, കൊൽക്കത്ത, കേരംഗ്, കരുളായി.

ആസ്ട്രേലിയായിലെ 10 ജമാഅത്തുകൾ:നമ്പർ ഒന്ന് കാസിൽ ഹിൽ, മൽബറൻ ലാംഗ്വാറിൻ, മാർസഡൻ പാർക്ക്, മൽബറൻ ക്ലൈഡ്, ലോഗൺ ഈസ്റ്റ്, മൽബറൻ ബർവിക്, പെൻറിത്ത്, പേർത്ത്, എഡിലയ്ഡ്, എഡിലയ്ഡ് വെസ്റ്റ്.

ബാലിഗാനിൽ ആസ്ട്രേലിയായിലെ 10 ജമാഅത്തുകൾ:കാസിൽ ഹിൽ, മൽബറൻ ലാംഗ്വാറിൻ, മാർസഡൻ പാർക്ക്, ലോഗൻ ഈസ്റ്റ്, മൽബറൻ പേറിക്, മൽബറൻ ക്ലൈഡ്, പെൻറിത്ത്, മൽബറൻ വെസ്റ്റ് മാർസഡൻ പാർക്, ബ്രസ്ബെൻ സെൻട്രൽ, മൽബറൻ പേറിക്.

അല്ലാഹു ത്യാഗം ചെയ്തവരുടെ സമ്പത്തിലും സന്താനങ്ങളിലും ഒരുപാട് അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. ദുആ ചെയ്യുക; 2025 വർഷം അനുഗ്രഹങ്ങളുടെ വർഷമായി തീരട്ടെ. അല്ലാഹു എല്ലാ ദ്രോഹങ്ങളിൽനിന്നും ജമാഅത്തിനെ സംരക്ഷിക്കുമാറാകട്ടെ. പാക്കിസ്താനിൽ ഉഗ്രവാദികളുടെ സംഘങ്ങൾ ഇടക്കിടെ തല പൊ

ക്കുന്നു. നിയമത്തിന്റെ മറയിൽ ജമാഅത്തിനെതിരിൽ എല്ലാത്തരത്തിലുള്ള ദ്രോഹങ്ങളും ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നു. അവിടെ കബർസ്ഥാനുകളും വീടുകളും ഒന്നും സുരക്ഷിതമല്ല. അല്ലാഹു ഈ ദ്രോഹികളെ പിടിക്കുന്നതിന് എത്രയും പെട്ടെന്ന് സംവിധാനമൊരുക്കട്ടെ, അഹ്മദികളെ തന്റെ സംരക്ഷണത്തിലാക്കുമാറാകട്ടെ. ഇപ്പോൾ ഇവർ റബ്വയിലേക്കും കണ്ണു വെച്ചിരിക്കുന്നു. അതിനെയും അല്ലഹു സംരക്ഷിക്കുമാറാകട്ടെ. സ്വലാത്തും ചില ദുആകളും ചൊല്ലുന്നതിലേക്ക് ഞാൻ കുറച്ചു മുമ്പേ ശ്രദ്ധ ക്ഷണിച്ചിരുന്നു. ഇക്കാര്യത്തിൽ പാക്കിസ്താനിൽ പ്രത്യേകിച്ചും അതുപോലെ ലോകത്തുള്ള എല്ലാ അഹ്മദികളും ശ്രദ്ധിക്കേണ്ടതാണ്.

ബംഗ്ലാദേശിലെ അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യുക. അല്ലാഹു അവരെയും ഉഗ്രവാദികളുടെ ദ്രോഹങ്ങളിൽനിന്ന് കാത്തുരക്ഷിക്കുമാറാകട്ടെ. ശാമിൽ പുതിയ ഗവൺമെൻറ് വന്നിരിക്കുന്നു. അതുപോലെ മറ്റു രാജ്യങ്ങളുമുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളുണ്ട്. എല്ലാ സ്ഥലത്തും അല്ലാഹു അഹ്മദികളെ അവന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ഓരോ അഹ്മദിയെ സംബന്ധിച്ചിടത്തോളം സ്വന്തമായും ദുആ ചെയ്യേണ്ടത് വളരെ അനിവാര്യമാണ്. തങ്ങളുടെ രാജ്യങ്ങൾക്കുവേണ്ടിയും പാക്കിസ്താനിലെ പുറത്തു കഴിയുന്ന ആളുകൾ പാകിസ്താനുവേണ്ടിയും ലോകത്തിലെ പൊതുവായ അവസ്ഥകൾക്കും യുദ്ധത്തിന്റെ അവസ്ഥകളെ സംബന്ധിച്ചും അതിന്റെ ദുരവസ്ഥകളിൽനിന്ന് എല്ലാ നിർദോഷികളെയും മർദ്ദിതരെയും രക്ഷപ്പെടുത്തുന്നതിനു വേണ്ടിയും അല്ലാഹുവിനോടു ദുആ ചെയ്യുക.

പുതുവർഷം ജനങ്ങൾ കരിമരുന്നുകൊണ്ട് ആഘോഷിക്കുന്നു. പൂക്കുറ്റികൾ പറത്തുന്നു. എല്ലാവരും അവരവരുടെ സന്തോഷം മാത്രമാണ് നോക്കുന്നത്. മറ്റുള്ളവരുടെ വേദന മനസ്സിലാക്കുന്നില്ല. സാധുക്കളേയും ദരിദ്ര സമൂഹങ്ങളേയും മർദ്ദിതരേയും പ്രബലരായ രാജ്യങ്ങൾ ദ്രോഹിക്കുന്നു. അല്ലാഹു ഈ വർഷം പ്രബലരായ ആളുകളുടെ പദ്ധതികളെല്ലാം പരാജയപ്പെടുത്തുമാറാകട്ടെ. അല്ലാഹുവിന്റെ ഏകത്വം സ്ഥാപിതമാകുന്നത് കാണാൻ കഴിയുമാറാകട്ടെ. അല്ലാഹു നമുക്ക് അതിനു തൗഫീഖ് നൽകുമാറാകട്ടെ. *(വിവർത്തനം: എച്ച് ശംസുദ്ദീൻ കാവശ്ശേരി, ടൈപ്പ്സെറ്റിങ്ങ്: താരിഖ് അലനല്ലൂർ)*

www.alislam.org

പേജ് 17 ൽ നിന്ന്

ണ്ടകും. രാജകുമാരന്റെ വിവാഹമാണ് നടന്നുകൊണ്ടിരിക്കുന്നത്. എന്നാൽ, എന്നെന്നും ശാപം ചൊരിയപ്പെടുന്ന ഒരു വ്യക്തി ഇവർക്ക് ജനിക്കുമെന്ന ചിന്ത ആരുടെ ബുദ്ധിയിലും വന്നിട്ടുണ്ടാവില്ല.

ഇതിനെതിരിൽ ഹദ്റത്ത് മൂസാﷺന്റെ മാതാപിതാക്കളുടെ വിവാഹം നടന്നപ്പോൾ, അവരുടെ സന്തോഷം ഏറ്റവും കൂടിയാൽ അഞ്ചേഴാളുകൾക്ക് ഭക്ഷണം കൊടുത്തിട്ടുണ്ടാകും. രാജ്യത്താകമാനം ദീപാലങ്കാരം പോയിട്ട് ഒരു നഗരത്തിൽപ്പോലും അതുണ്ടായിട്ടുണ്ടാവില്ല. എന്നല്ല, ഒരു സ്ഥലത്തു പോലും ഉണ്ടായിട്ടുണ്ടാവില്ല; അവർത്തന്നെയും സ്വന്തം വീട്ടിൽപോലും ചെയ്തിട്ടുണ്ടാവില്ല. എന്നാൽ, ഒച്ചയും ബഹളവുമൊന്നുമില്ലാത്ത ആ വിവാഹത്തിന്റെ ഫലമായി ലോകത്തിന്റെ നാനാഭാഗത്തുനിന്നും അനുഗ്രഹാശിസ്സുകൾ ചൊരിയപ്പെടുന്ന ഒരു മനുഷ്യൻ ജന്മം കൊള്ളുമെന്ന് ആർക്കാണ് പറയാൻ കഴിയുമായിരുന്നത്.

അതുകൊണ്ട് ഈ പ്രവൃത്തി ഭാവിയിൽ വലിയ ഫലമുണ്ടാക്കുന്നതാണെന്ന് ഇസ്‌ലാം നിക്കാഹിന്റെ അവസരത്തിൽ ഉപദേശിച്ചു. അതിനാൽ ദുആകൾ ചെയ്തുകൊണ്ട് അത് നടത്തുക. ഇത് അങ്ങേയറ്റം പ്രധാനപ്പെട്ട അവസരമാണ്. അല്ലാഹു സംരക്ഷകനും സഹായിയുമാകുന്നതിന് ദുആകൾ ചെയ്തുകൊണ്ട് ഇതിൽ ഭാഗഭാക്കാകേണ്ടതാണ്.

ഒടുവിൽ ഹുദൂർ ദുആക്ക് നേതൃത്വം നല്കി. പിന്നീട് പറഞ്ഞു: 'എനിക്ക് തലവേദനയുണ്ട്. കൂടുതൽ നേരം എനിക്ക് ഇരിക്കാൻ സാധിക്കുകയില്ല. *(അൽഫള്ൽ ദിനപത്രം, ഖാദിയാൻ ദാറുൽ അമാൻ 1946 ഒക്ടോബർ. 2. വിനീതൻ: ബശീർ അഹ്മദ്, മുബല്ലിഗ്, ദില്ലി)*

പേജ് 24 ൽ നിന്ന്

പാവപ്പെട്ടവർക്കും പ്രയോജനപ്പെടുന്നതായിരിക്കും."*(നിളാമെ നൗ, അൻവാറുൽഉലൂം വാല്യം 16, പേജ് 593)*

### വസ്വിയ്യത്തു ചെയ്യുന്നവർ നവലോകക്രമത്തിന് അടിത്തറ പാകുന്നവർ

"അതുകൊണ്ട് അല്ലയോ സ്നേഹിതന്മാരേ! വസ്വിയ്യത്ത് ചെയ്തിട്ടുള്ളവർ മനസ്സിലാക്കിക്കൊള്ളുക! നിങ്ങളിൽ ആരൊക്കെയാണോ നിങ്ങളുടെ സ്ഥലത്ത് വസ്വിയ്യത്ത് ചെയ്തിട്ടുള്ളത് അവൻ നവലോകക്രമത്തിന് അടിത്തറപാകി; അവന്റേയും അവന്റെ കുടുംബത്തിന്റേയും സംരക്ഷണത്തിന്റെ അടിസ്ഥാനശിലയായ നവലോകക്രമത്തിന്!! (നിളാമെ നൗ, അൻവാറുൽഉലൂം വാല്യം 16, പേജ് 601)

അല്ലാഹു എല്ലാ അഹ്മദികൾക്കും എത്രയും വേഗം ഈ അനുഗൃഹീതവ്യവസ്ഥിതിയിൽ ചേരാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ. *(മൻസൂർ അഹ്മദ് മസ്‌റൂർ)*

പേജ് 18 ൽ നിന്ന്

ബിസ്മില്ലാഹ് ചൊല്ലി കഴിക്കുക. ഇയ്ക്കിടയ്ക്ക് സുബ്ഹാനല്ലാഹ് പറയുക. അൽഹംദുലില്ലാഹ് പറഞ്ഞുകൊണ്ട് ഭക്ഷണം നിറുത്തുക. *(അൽഫള്ൽ ദിനപത്രം ഖാദിയാൻ ദാറുൽഅമാൻ സെപ്റ്റംബർ 20 1946)*

പേജ് 22 ൽ നിന്ന്

ഇബ്നു ഇസ്ഹാഖ്, മുഹമ്മദ് ബിൻ ഉമർ, ഇബ്നു സഅ്ദ് എന്നിവർ അബ്ദുല്ലാഹ് ബിൻ അത്തീക്കിന്റെ എല്ലാ കൂട്ടുകാരും ഒന്നിച്ചാണ് അയാളെ വധിച്ചതെന്ന് പറയുന്നു. *(സുബുലുൽഹുദാ വർറശാദ് വാല്യം 6, പേജ് 104-105 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഇതിന്റെ വിശകലനം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.ؓയും ചെയ്തിട്ടുണ്ട്. അവിടെന്നെഴുതുന്നു: "യഹൂദി മൂപ്പന്മാരുടെ കലാപനീക്കവും പ്രകോപനവും നിമിത്തം ഹിജറ അഞ്ചാം വർഷത്തിന്റെ അവസാനത്തിൽ മുസ്‌ലിമീങ്ങൾക്കെതിരെ അഹ്സാബ് യുദ്ധത്തിന്റെ ഭയാനകമായ ഫിത്ന ഉടലെടുത്തു. അവരിലുണ്ടായിരുന്ന ഹുയയ്യുബ്നു അഖ്ത്തബ് ബനൂ ഖുറയ്ളയോടൊപ്പം തന്റെ ദുരന്ത പര്യവസാനത്തിലെത്തിച്ചേർന്നു. എന്നാൽ. അബൂറാഫിയ് എന്ന വിളിപ്പേരുണ്ടായിരുന്ന സല്ലാം ബിൻ അബിൽ ഹുഖൈഖ് അപ്പോഴും ഖയ്ബറിന്റെ പ്രദേശങ്ങളിൽ സ്വതന്ത്രനായി നടക്കുകയും തന്റെ കലാപ നീക്കങ്ങളിൽ വ്യാപൃതനാകുകയും ചെയ്തിരുന്നു. മാത്രമല്ല അഹ്സാബിന്റെ നിന്ദാവഹമായ പരാജയവും ഭയാനകമായ പര്യവസാനവും അയാളുടെ ശത്രുത കൂടുതൽ വർധിപ്പിച്ചു. ഗത്ഫാൻ ഗോത്രങ്ങളുടെ വാസസ്ഥലം ഖയ്ബറിന് സമീപമായിരുന്നു. ഖയ്ബറിലെ യഹൂദികളും നജ്ദിലെ ഗോത്രങ്ങളും പരസ്പരം അയൽവാസികളുമായിരുന്നു. അതുകൊണ്ട് ഒരു വലിയ കച്ചവടക്കാരനും വലിയ ധനാഢ്യനുമായിരുന്ന അബൂറാഫിയ് നജ്ദിലെ മൃഗീയരും യുദ്ധ സന്നദ്ധരുമായ ഗോത്രങ്ങളെ മുസ്‌ലിമീങ്ങൾക്കെതിരിൽ ഇളക്കി വിടുന്നത് പതിവാക്കി. അയാൾ നബിﷺതിരുമേനിയോടുള്ള വിരോധത്തിൽ കഅ്ബ് ബിൻ അശ്റഫിന്റെ പൂർണ സമാനനായിരുന്നു. ആ കാലഘട്ടത്തിൽ പറയപ്പെടുന്ന വിവരണത്തിൽ നബിﷺതിരുമേനിക്കെതിരിൽ ആക്രമണം നടത്തുന്നതിനുവേണ്ടി അയാൾ വലിയൊരു സമ്പത്ത് ഗത്ഫാൻകാർക്ക് സഹായധനമായി നൽകിയിരുന്നു. ഒരുപാട് സമ്പത്താണ് അവർക്ക് നൽകിയത്. ചരിത്രത്തിൽ പറയുന്നു: ശഅ്ബാൻ മാസം ബനൂ സഅ്ദിൽനിന്ന് മുസ്‌ലിമീങ്ങൾക്കെതിരിലുണ്ടായ അപകടത്തെ തടയുന്നതിനുവേണ്ടി ഹദ്റത്ത് അലിയുടെ നേതൃത്വത്തിൽ ഒരു സൈനിക സംഘത്തെ മദീനയിൽനിന്ന് അയച്ചു. ഈ പ്രശ്നത്തിനു പിന്നിലും ഖയ്ബറിലെ യഹൂദികളുടെ കൈകളുണ്ടായിരുന്നു. അബൂറാഫിയിന്റെ നേതൃത്വത്തിലായിരുന്നു ഈ എല്ലാ ദ്രോഹങ്ങളുമുണ്ടായിരുന്നത്. അബൂറാഫിയ് അതുകൊണ്ട് മതിയാക്കിയില്ല, അയാളുടെ ശത്രുതയുടെ തീ മുസ്‌ലിമീങ്ങളുടെ രക്തം ദാഹിച്ചുകൊണ്ടിരുന്നു. നബിﷺതിരുമേനിയുടെ അസ്തിത്വം അയാളുടെ കണ്ണിൽ കരടായി തീർന്നിട്ടുണ്ടായിരുന്നു. അങ്ങനെ അവസാനം അയാൾ ഒരു തന്ത്രം മെനഞ്ഞു, അഹ്സാബ് യുദ്ധത്തെപോലെ നജ്ദിലെ ഗോത്രങ്ങളിലും മറ്റു ഗോത്രങ്ങളിലും സഞ്ചരിച്ചു മുസ്‌ലിമീങ്ങളെ നശിപ്പിക്കുന്നതിനുവേണ്ടി ഒരു വലിയ സൈന്യത്തെ ഒരുമിച്ചു കൂട്ടാൻ തുടങ്ങി. അഹ്സാബ് യുദ്ധത്തിനുശേഷം പിന്നീട് അയാൾ ആക്രമിക്കുന്നതിനുവേണ്ടി വീണ്ടും മറ്റൊരു സംഘത്തെ ഉണ്ടാക്കുകയായിരുന്നു.

അങ്ങനെ മുസ്‌ലിമീങ്ങളുടെ കൺമുന്നിൽ അഹ്സാബിന്റെ അതേ ദൃശ്യങ്ങൾ വന്നുതുടങ്ങി. നബിﷺതിരുമേനിയുടെ സവിധത്തിൽ ഖസ്റജ് ഗോത്രത്തിലെ ചില അൻസ്വാർ വന്നു പറഞ്ഞു, ഇനി ഈ ഫിത്നയുടെ പരിഹാരം ഇതിന്റെ നേതൃസ്ഥാനത്തുള്ള അബൂറാഫിയിനെ ഇല്ലാതാക്കുന്നതല്ലാതെ മറ്റൊന്നുമല്ല. ഇതാണ് അതിനുള്ള പരിഹാരമാർഗം. ഇതേ സംബന്ധിച്ച് ചിന്തിച്ചപ്പോൾ രാജ്യത്ത് വലിയ രക്തച്ചൊരിച്ചിലില്ലാതെ ഒരു കുഴപ്പക്കാരനെ, കലാപകാരിയെ കൊല്ലുകയാണെങ്കിൽ അതാണ് കൂടുതൽ ഉചിതമെന്ന് തോന്നിയപ്പോൾ നബിﷺതിരുമേനി അതിന് സഹാബാക്കൾക്ക് അനുമതി നൽകുകയും ചെയ്തു. (തുടരും)

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
https://akhbarbadr.in/Malayalam/
The Weekly BADR Qadian (Malayalam)

സ്പെഷൽ

# ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹുഥ്ഥാനീ(റ) ദില്ലിയിൽ അരുൾച്ചെയ്ത ചില മാർഗനിർദേശങ്ങൾ

(അൽഫദ്ൽ ദിനപത്രത്തിൽ നിന്ന്) 1946 സെപ്റ്റംബർ 28

മഗ്രിബ്-ഇശാ നമസ്കാരത്തിനുശേഷം ചില രാഷ്ട്രീയ സാഹചര്യങ്ങളെക്കുറിച്ച് ഹുദൂർ തുടക്കത്തിൽ സംസാരിച്ചു. ചില അനഹ്മദി സുഹൃത്തുക്കൾക്ക് കൂടിക്കാഴ്ചയ്ക്കുള്ള അവസരവും ഹുദൂർ നല്കി.

വിശുദ്ധ ഖുർആനിലെ മാമലക്കത്ത് അയ്മാനുഹും (അവരുടെ വലംകൈ ഉടമയാക്കിയവർ) എന്നതു കൊണ്ടുള്ള ഉദ്ദേശ്യമെന്താണെന്ന് ഒരു സ്നേഹിതൻ ചോദിച്ചു. അതായത് **വല്ലദീന ഹും ലി ഫുറൂജിഹിം ഹാഫിളൂൻ ഇല്ലാ അലാ അസ്‌വാജിഹിം അവ് മാ മലക്കത്ത് അയ്മാനുഹും** (അവർ തങ്ങളുടെ ചാരിത്രത്തെ കാത്തുരക്ഷിക്കുന്നവരുമാണ്. തങ്ങളുടെ ഭാര്യമാരുമായോ തങ്ങളുടെ വലംകൈകൾ ഉടമപ്പെടുത്തിയവരുമായോ അല്ലാതെ(അവർ ലൈഗികബന്ധം പുലർത്തുകയില്ല).(23:6-7)എന്നതുകൊണ്ടുള്ള ഉദ്ദേശ്യമെന്താണ്? അവരുടെ എണ്ണം ഭാര്യമാരെ നിശ്ചയിക്കപ്പെട്ടിട്ടുള്ള അത്രമാത്രമാണോ? അതെത്രവരെയാകാമോ അതേ പരിധിയിലാണോ അടിമ സ്ത്രീകളിൽ നിന്നുള്ള ഭാര്യമാരുടേയും എണ്ണത്തിന്റെ പരിധി.

ഹുദൂർ പറഞ്ഞു: മാ മലക്കത്ത് അയ്മാനുഹും എന്നതിൽ എണ്ണം നിശ്ചയിക്കപ്പെട്ടിട്ടില്ല. ഇസ്‌ലാം അടിമക്ക് കരാറിലൂടെ മോചനം വാങ്ങുന്നതിനുള്ള അവകാശം നല്കിയിട്ടുണ്ട്. സ്വന്തം മക്കളും മാതാവും പിതാവും ഇതര ബന്ധുക്കളുമുണ്ടെന്ന് മനസ്സിലാക്കുന്ന ഒരു സ്ത്രീ ഈ സാഹചര്യത്തിൽ യജമാനനോടൊപ്പം എന്തിന് കഴിയണമെന്ന് ചിന്തിക്കും. തനിക്ക് അനന്തരാവകാശികളാരും ഇല്ലാത്ത സന്ദർഭത്തിൽ മാത്രമേ സ്ത്രീ വഴങ്ങുകയുള്ളൂ.

യുദ്ധത്തിൽ പിടിക്കപ്പെടുന്ന ബന്ദികളെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നത്:ഇമ്മാ മന്നൻ ബഅ്ദു വ ഇമ്മാ ഫിദാഅൻ(47:5) തടവുകാർക്കുവേണ്ടി സ്വീകരിക്കാവുന്ന രണ്ട് കാര്യങ്ങളുണ്ട്. ഒന്നുകിൽ(അവരോടു) ഔദാര്യം കാണിച്ച് നിരുപാധികം വിട്ടയക്കുക, അല്ലെങ്കിൽ അവരിൽനിന്ന് പ്രായ്ശ്ചിത്തം വാങ്ങി വിടുക. അതായത് യുദ്ധത്തടവുകാർക്ക് രണ്ടു കാര്യങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്. ഔദാര്യം പുലർത്തിക്കൊണ്ട് വിട്ടയക്കുക എന്നതാണ് ഒന്നാമത്തേത്. ഔദാര്യം കാട്ടിക്കൊണ്ട് വിട്ടയക്കാതെ യുദ്ധക്കടം ഈടാക്കിക്കൊണ്ട് വിട്ടയക്കുക എന്നതാണ് രണ്ടാമത്തേത്. യുദ്ധത്തടവുകാരന്, തന്നെ സ്വയം സ്വതന്ത്രനാക്കാവുന്നതാണ് എന്നതാണ് മൂന്നാമത്തേത്. അതായത് കരാറുണ്ടാക്കുക. താൻ സ്വതന്ത്രനാകാനാഗ്രഹിക്കുന്നു എന്ന് തടവുകാരൻ പറഞ്ഞാൽ ആവശ്യപ്പെടുന്ന തുക വാങ്ങി ബന്ദിയെ സ്വതന്ത്രമാക്കുക. സ്വാതന്ത്ര്യം ആവശ്യപ്പെടുന്ന ബന്ദി ബുദ്ധിസ്ഥിരതയില്ലാത്തയാളാണെന്നോ സമ്പാദിക്കാൻ കഴിവില്ലാത്തയാളാണെന്നോ സ്ഥാപിതമായാലൊഴികെയാണ് മുകളിലത്തെ നിയമം ബാധകമാകുന്നത്. ഇവർക്ക് അവരുടെ ശേഷിക്കനുസരിച്ച് ഘട്ടംഘട്ടമായി തുക നല്കിക്കൊള്ളാമെന്ന് കരാർ ചെയ്യാവുന്നതാണ്. കരാർ ചെയ്താൽ ഉടൻതന്നെ അയാൾക്ക് പ്രവർത്തനപരമായ സ്വാതന്ത്ര്യം നല്കപ്പെടും. നിയമപരമായി അവർക്ക് സ്വാതന്ത്ര്യം കരാർ അനുസരിച്ചുള്ള തുക അടച്ചു തീർക്കപ്പെടുമ്പോഴാണ് നല്കപ്പെടുക. അതോടുകൂടി ഉടമയ്ക്ക് എല്ലാ അധികാര സംബന്ധമായ അവകാശങ്ങളും ഇല്ലാതാകും. ഈ സാഹചര്യത്തിൽ സ്വന്തം തൃപ്തിയിൽ നിൽക്കാനാഗ്രഹിക്കുന്ന സ്ത്രീ മാത്രമേ ഉടമയോടൊപ്പം നിൽക്കുകയുള്ളൂ.

ദില്ലിയിലെ ഖുദ്ദാമുൽ അഹ്മദിയ്യായെ സംബോധന ചെയ്ത് ഹുദൂർ സംസാരിച്ചു

സെപ്റ്റംബർ. 29: ളുഹ്ർ നമസ്കാരശേഷം 03.00 മണിക്ക് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ദില്ലിയിലെ ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തകരെ സംബോധന ചെയ്ത് പ്രസംഗിച്ചു. ഹുദൂർ പറയുന്നു: ഒരു ഉപദേശ പ്രസംഗം നടത്താൻ ഖുദ്ദാം എന്നോട് അപേക്ഷിച്ചിരിക്കുകയാണ്. കുറച്ചു കാര്യങ്ങൾ ഞാൻ പറയണമെന്നാണ് അവരുടെ ആഗ്രഹം. ഞാൻ മനസ്സിലാക്കുന്നത് സംസാരങ്ങളുടെ കാലം നീണ്ടുപോയി. സംസാരങ്ങൾ ഒന്നുകിൽ ഉറങ്ങാൻവേണ്ടിയോ അല്ലെങ്കിൽ സംസാരത്തിനുശേഷം പ്രവർത്തിക്കുന്നതിനുവേണ്ടിയോ ആണ് ചെയ്യപ്പെടുന്നത്. ഇപ്പോൾ ഉറങ്ങുന്ന കാലഘട്ടം നമുക്കുവേണ്ടിയുള്ളതല്ല. നാനാതരത്തിലുള്ള കഷ്ടങ്ങളും പ്രയാസങ്ങളും ഇസ്‌ലാമിനുമേൽ വന്നുകൊണ്ടിരിക്കുന്നു. നിന്ദ്യതയുടേയും അപമാനത്തിന്റേയും സാധന സാമഗ്രികൾ ഇസ്‌ലാമിനുവേണ്ടി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ഈ സമയത്ത് ഉറക്കം വരുകയില്ല. പ്രത്യുത, നമ്മുടെ മരണമായിരിക്കുമുണ്ടാവുക. രണ്ടാമത്തെ കാര്യം സംസാരത്തിനുശേഷം എന്താണ് പ്രവർത്തിക്കേണ്ടത്. സംസാരം കുറേ ഏറെയായിട്ടുണ്ട്. 1890-ൽ ഹദ്റത്ത് മസീഹ് മൗഊദ്ﷺവാഗ്ദാനം ചെയ്യപ്പെട്ട മസീഹ് താനാണെന്ന് വാദം പുറപ്പെടുവിച്ചു. ഇന്നേക്ക് അതിന് 56 വർഷം പിന്നിട്ടിരിക്കുന്നു. ഇത്രയും നീണ്ട കാലത്തെ കാര്യങ്ങളിൽനിന്ന് ഫലമെടുക്കാതിരുന്നാൽ ഇനി എപ്പോഴാണ് ഫലമെടുക്കുക? വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:**അലം യഅ്നി ലില്ലദീന ആമനൂ അൻതഖ്ശഅ ഖുലൂബുഹും ലി ദിക്‌രില്ലാഹി**(57:17)(അല്ലാഹുവിനേയും(അവനിൽനിന്ന്) അവതരിച്ച സത്യവിശ്വാസത്തേയും ഓർത്ത് തങ്ങളുടെ ഹൃദയങ്ങൾ ഭയപ്പെടാൻ സത്യവിശ്വാസിൾക്ക് ഇനിയും സമയമായില്ലേ?) ഇതേ കാര്യം ഞാൻ യുവാക്കളോടു ചോദിക്കുകയാണ്. അലം യഅ്നി ലില്ലദീന ആമനൂ അൻതഖ്ശഅ ഖുലൂബുഹും ലി ദിക്‌രില്ലാഹി(57:17) അവർക്കിപ്പോഴും മറ്റു കാര്യങ്ങളുടെ ആവശ്യമുണ്ടോ? അവർക്ക് പ്രവർത്തിക്കാനുള്ള സമയം വന്നെത്തിയിട്ടില്ലേ?

തലച്ചോറിൽ വികാരാവേശവും അവസ്ഥാവിശേഷവുമുള്ളവനും മനസ്സിൽ ബോധങ്ങളും ആഗ്രഹങ്ങളുമുള്ളവനുമായ ഓരോ മുസ്ലിമിനും താൻ എവിടെനിന്നുവീണു എവിടെ എത്തി എന്ന് കാണാൻ ബോധമുണ്ടാകേണ്ടതാണ്. മുസ്ലിമീങ്ങൾ ഭൂമിശാസ്ത്രം പഠിക്കുന്നവരാണ്. ലോകത്തിന്റെ ഭൂപടം കാണുന്നവരാണ്. എന്നാൽ, ഭൂപടം കാണുന്നതോടെ അവരുടെ മനസ്സ് എന്തുകൊണ്ട് അസ്വസ്ഥമാകുന്നില്ലെന്നതാണ് എന്നെ വിസ്മയിപ്പിക്കുന്ന കാര്യം. ഒരു കാലഘട്ടത്തിൽ ഈ എല്ലാ ഭൂപടവും മുസ്‌ലിമീങ്ങളുടെ നിയന്ത്രണത്തിലായിരുന്നു. എന്നാലിന്ന് ഓരോ സ്ഥലത്തും മുസ്‌ലിമീങ്ങൾ നിന്ദ്യരായിക്കൊണ്ടിരിക്കുന്നു. ഭൂപടത്തിൽ ഇസ്‌ലാമിക നിറം ചൈന മുതൽ അവസാനംവരെ വ്യാപിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. മുസ്‌ലിമീങ്ങൾ ചൈനയിലും ഭരണം നടത്തി. ജപ്പാൻകാരികൾ ഇന്നുവരെ തങ്ങളുടെ മക്കളെ പേടിപെടുത്തുമ്പോൾ പറയുന്നത്, ചുപ് ഗ്രേറ്റ് മുർഗോ അതായത് മിണ്ടാതിരി, വലിയ മുഗളൻ വന്നിരിക്കുന്നുവെന്നാണ്! പിന്നീട് യൂറോപ്പിന്റെ അറ്റങ്ങൾവരേയും ഇസ്ലാമിക ഭരണങ്ങളുണ്ടായിരുന്നു. അമേരിക്കയിലും പുരാതന മസ്ജിദുകൾ കണ്ടെത്തിയട്ടുണ്ട്. അവിടെ ഭരണം മുസ്‌ലിമീങ്ങൾക്ക് കിട്ടുകയോ, ഇനി കിട്ടിയില്ലെങ്കിലും മുസ്‌ലിമീങ്ങൾ അവിടെ തീർച്ചയായും എത്തിയിരുന്നു.

എന്താണ് ഇന്ന് ഞാൻ നിങ്ങളോടു പറയേണ്ടത്. ബാക്കിയായ ഏതു കാര്യമാണ് ഞാൻ ഇന്ന് നിങ്ങളെ പഠിപ്പിക്കേണ്ടത്? എന്ത്! ആകാശം നിങ്ങളെ പഠിപ്പിച്ചില്ലേ. ഭൂമി നിങ്ങളെ പഠിപ്പിച്ചില്ലേ. ചുറ്റിലുമുള്ള അയൽവാസികൾ നിങ്ങളെ പഠിപ്പിച്ചില്ലേ. പ്രവർത്തിക്കുന്നതിന് നിങ്ങൾക്കു തടസമായ ഏതുകാര്യമാണ് അവശേഷിക്കുന്നത്. നിങ്ങൾ ഏതു ദിവസത്തെയാണ് പ്രതീക്ഷിച്ചിരിക്കുന്നത്. നിങ്ങളുടെ മനസ്സുകളുടെ ത്യാഗം സമർപ്പിക്കപ്പെടുമ്പോൾ ഈ ജീവിതംകൊണ്ട് എന്തു കാര്യമാണ് നിങ്ങൾക്ക് കിട്ടുക. ലോകത്ത് ഇന്ന് വഴികേടുകൾ വ്യാപിക്കുകയാണ്. കളവും വഞ്ചനയും വർധിച്ചുവർധിച്ചു കൊണ്ടിരിക്കുന്നു. ഈ അവസ്ഥയിൽ നിങ്ങൾ സ്വജീവിതത്തെ ഇസ്‌ലാമിന്റെ പ്രചാരണത്തിനുവേണ്ടി സമർപ്പിക്കുന്നില്ലെങ്കിൽ പിന്നീടെപ്പോഴാണ് സമർപിക്കുക.

തുടർന്ന് ഹുദൂർ പറഞ്ഞു: ഓരോ അഹ്മദിയും ഭൗതികതയുടെ മേൽ ദീനിനെ മുന്തിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു. മുന്തിക്കുക എന്നതിന്റെ അർഥം സമയത്തിന്റെ ഭൂരിഭാഗവും ദീനിനുവേണ്ടി ചെലവഴിക്കുക എന്നാണ്; മറ്റു പ്രവൃത്തികൾക്കുവേണ്ടി അൽപം സമയവും. നിങ്ങൾ ഇപ്രകാരം ചെയ്യുകയാണെങ്കിൽ നിങ്ങൾ യഥാർഥ ഖുദ്ദാമുൽ അഹ്മദിയ്യ ആകും. നിങ്ങൾ മുഖേന യഥാർഥ രീതിയിൽ ഇസ്‌ലാം വ്യാപിക്കും. എന്നാൽ, നിങ്ങൾ ഇപ്രകാരം ചെയ്യുന്നില്ലെങ്കിൽ, പ്രവർത്തനം എന്തായാലും നടക്കേണ്ടതുതന്നെയാണ്. പക്ഷേ, നിങ്ങൾ

അല്ലാഹുവിന്റെ മുമ്പിൽ സത്യസന്ധനായ നല്ല ഖാദിമായും ധൈര്യശാലിയായ യോദ്ധാവായും സമർപ്പിക്കപ്പെടുകയില്ല. കാരണം, നിങ്ങളുടെ കർമങ്ങൾ നിങ്ങളുടെ വാഗ്ദാനങ്ങളെ കളവാണെന്ന് സ്ഥാപിക്കുന്നതായിരിക്കും.

അതുകൊണ്ട് നിങ്ങളുടെ ഉള്ളിൽ ഒരു നല്ലമാറ്റമുണ്ടാക്കുക; പണിയെടുക്കുക. കാരണം, സംസാരിക്കാനുള്ള സമയമല്ലിത്. നമ്മുടെ ശാഖാ സംഘടനയെ സുശക്തമാക്കുക. ദീനിനുവേണ്ടി ത്യാഗനിരതരാകുക. മനുഷ്യകുലത്തിനുവേണ്ടി സേവനങ്ങൾ ചെയ്യുക.

അവസാനമായി ഹുദൂർ പറഞ്ഞു:"ആദം മുതൽ മുഹമ്മദ് റസൂലുല്ലാവരെ ആത്മീയ ജമാഅത്തുകൾക്കുവേണ്ടി അല്ലാഹുവെച്ച മാർഗമെന്താണോ അതുതന്നെയാണ് നമുക്കുവേണ്ടിയും വെച്ചിട്ടുള്ളത്. അല്ലാഹു ഹദ്റത്ത് ഇബ്റാഹീംؑന്റെ ജമാഅത്തിന്റെ ശത്രുവായിരുന്നില്ല. ഹദ്റത്ത് ഈസാؑയുടെ ജമാഅത്തിന്റെ ശത്രുവായിരുന്നില്ല. മുഹമ്മദു റസൂലുല്ലാﷺയുടെ ജമാഅത്തിന്റെ ശത്രുവായിരുന്നില്ല. നമ്മുടെ ബന്ധുവും അല്ല. അവർ വീണ തീകുണ്ഡത്തിൽ നിങ്ങൾ വീഴാത്തിടത്തോളം, അവർ സഹിച്ച കഷ്ടപ്പാടുകൾ നിങ്ങൾ സഹിക്കാത്തിടത്തോളം അവർ വാളുകൾകൊണ്ട് ഉരിച്ചെടുക്കപ്പെട്ടതുപോലെ നിങ്ങൾ ഉരിച്ചെടുക്കപ്പെടാത്തിടത്തോളം ഒരിക്കലുമൊരിക്കലും നിങ്ങൾക്ക് വിജയം കരസ്ഥമാകുകയില്ല. മരിക്കുന്നത് അല്ലാഹുവിനുവേണ്ടിയാകുമ്പോൾ മാത്രമേ ജീവിതമാകുകയുള്ളൂ.

ഹുദൂറിന്റെ ഈ പ്രഭാഷണം ഏകദേശം ഒരു മണിക്കൂർ തുടർന്നു. ഞാനെന്റെ സ്വന്തം വാക്കുകളിലാണ് ഈ ഹ്രസ്വ വിവരണം നല്കിയിട്ടുള്ളത്. *(വിനീതൻ: ബശീർ അഹ്മദ് മുബല്ലിഗ്, ദില്ലി.) (അൽഫദ്ൽ ദിനപത്രം, ഖാദിയാൻ ദാറുൽഅമാൻ 1946 ഒക്ടോബർ 4)*

## ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹു ഥ്ഥാനീؓ ദില്ലിയിൽ അരുൾച്ചെയ്ത ചില മാർഗനിർദേശങ്ങൾ

*(അൽഫദ്ൽ ദിനപത്രത്തിൽ നിന്ന്)*

ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഥാനീ അയ്യദഹുല്ലാഹുത്തആല ബി നസ്രിഹിൽ അസീസ് സെപ്റ്റംബർ 22-ന് ദില്ലിയിൽ വന്നു. നിത്യവും മഗ്രിബ്-ഇശാ നമസ്കാരത്തിനു ശേഷം മജ്ലിസിൽ ഉപവിഷ്ടരാകുകയും ആത്മീയ ജ്ഞാനങ്ങൾ നല്കുകയും ചെയ്തിരുന്നു. സെപ്റ്റംബർ 27-ന് ഹുദൂർ ജുമുഅ നമസ്കാരം ദരിയാഗഞ്ചിലെ അഹ്മദിയ്യാ മസ്ജിദിൽ നിർവഹിച്ചു. സമകാലീന കാലഘട്ടത്തിൽ പ്രവാചകന്മാരുടെ ജമാഅത്തുകളെ പോലെ നമ്മുടെ ജമാഅത്തും ത്യാഗങ്ങൾ സമർപ്പിക്കണമെന്ന കാര്യത്തിൽ ഊന്നൽ നല്കിക്കൊണ്ട് ഹുദൂർ ഖുത്ബയിൽ പ്രത്യേകം ശ്രദ്ധ ക്ഷണിച്ചു. ഹുദൂർ നല്കിയ പ്രഭാഷണത്തിന്റെ സംക്ഷിപ്ത രൂപം സമർപ്പിക്കുകയാണ്:

### ജുമുഅ ഖുത്ബയുടെ സംക്ഷിപ്തം

മറ്റു മുസ്ലിമീങ്ങളുമായി ചേരുന്നതല്ല നമ്മുടെ ഉദാഹരണം. ഉദ്ഭവസ്ഥാനത്തുനിന്നകന്നുപോയ മറ്റു മുസ്‌ലിം ജമാഅത്തുകളിൽപ്പെട്ടവരല്ല നമ്മൾ. നമ്മളുടെ വാദം ഹദ്റത്ത് മൂസാؑയെ അയച്ചതുപോലെ, ഹദ്റത്ത് ഈസാؑയെ അയച്ചതുപോലെ, ഹദ്റത്ത് ശ്രീരാമനെؑഅയച്ചതുപോലെ, ഹദ്റത്ത് ബുദ്ധനെؑഅയച്ചതുപോലെ, ഹദ്റത്ത് സർതിഷ്തിനെؑഅയച്ചതുപോലെ നമ്മളിൽ റസൂലിനെ അയച്ചുവെന്നതാണ്. അതുകൊണ്ട് മറ്റുളളവരുമായി നമുക്കെന്തു മത്സരമുണ്ടാകാനാണ്. ദൈവനിയോഗിതനുമായി ബന്ധമുള്ളവർക്ക് ദൈവനിയോഗിതനിൽനിന്ന് വേറിട്ട് നില്ക്കുന്ന ജമാഅത്തുകളുമായി മത്സരം സാധ്യമേയല്ല. നമ്മുടെ ഉദാഹരണം മുഹമ്മദുനബിﷺയുടെ ജമാഅത്തിന്റേതാണ്. ഹദ്റത്ത് ഇബ്റാഹീംؑന്റെ ജമാഅത്തിന്റേതാണ്. ഹദ്റത്ത് ഈസാ ؑന്റെ ജമാഅത്തിന്റേതാണ്. അവർ ചെയ്തതുപോലുള്ള ത്യാഗങ്ങൾ ചെയ്യുന്നതുവരെ നമ്മുടെ വലിയ വലിയ ത്യാഗങ്ങൾക്കുപോലും ഒരു യാഥാർഥ്യവുമില്ല. മറ്റു ജനതകളുമായി മത്സരിക്കുകയെന്നത് നമുക്ക് അപമാനമാണ്. അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകരെ അപമാനിക്കലാണ്. മുഹമ്മദ് റസൂലുല്ലാﷺ യെ അപമാനിക്കലാണ്.

ഖലീഫത്തുൽമസീഹുഥ്ഥാനിؓ ഇതുസംബന്ധമായി പറഞ്ഞു: സ്വഹാബത്ത്ؓഎങ്ങനെയാണ് തങ്ങളുടെ ജീവിതം ബലിയർപ്പിച്ചത്. തങ്ങളുടെ ജോലി മുന്തിയതാണെന്ന് ഒരിക്കലും അവർ വിചാരിച്ചില്ല. നമ്മൾ പറയുന്നതാകട്ടെ നമുക്ക് ഭാര്യാമക്കളെ കുറിച്ച് വിചാരം വേണമെന്നാണ്. എന്നാൽ, സ്വഹാബത്തിന് ഭാര്യാമക്കളുണ്ടായിരുന്നില്ലേ. അവർക്ക് വയറുണ്ടായിരുന്നില്ലേ. ഉണ്ടായിരുന്ന സ്ഥിതിക്ക്, നമുക്ക് അല്ലാഹുവിനോടു ഭാര്യാമക്കൾ കാരണത്താൽ ത്യാഗത്തിൽ കുറവുവരുത്തിയെന്ന് പറയാൻ കഴിയില്ല. അല്ലാഹു ആയിരക്കണക്കിനാളുകളെ നല്കുകയും എന്താ! അവർക്ക് ഭാര്യാമക്കളുണ്ടായിരുന്നില്ലേ എന്ന് ചോദിക്കുകയും ചെയ്യും. അവർക്കിത് തടസ്സമായില്ലെങ്കിൽ പിന്നെ നിങ്ങൾക്കെങ്ങനെ തടസ്സമായിത്തീർന്നു. സ്വഹാബത്തിന്ؓവന്നിട്ടില്ലാത്ത എന്തുബുദ്ധിമുട്ടാണ് ഇന്ന് ഉദ്യോഗസ്ഥന്മാർക്കുള്ളത്. ചില സ്വഹാബാക്കൾ ഇരുപത്തിനാലു മണിക്കൂറും പണിയെടുക്കുന്ന അടിമകളായിരുന്നു. അടിമകളായ സ്വഹാബാക്കളുടെ യജമാനന്മാർ അവരെ നമസ്കാരത്തിൽ നിന്ന് തടഞ്ഞിരുന്നു. തബ്ലീഗ് ചെയ്യുന്നതിൽനിന്ന് തടഞ്ഞിരുന്നു. അവർ തടയുക മാത്രമല്ല ചെയ്തത്, പ്രത്യുത, അതു ചെയ്ത കാരണത്താൽ മർദ്ദനത്തിന് വിധേയരുമായിരുന്നു. മുമ്പേയുള്ളവർക്കുണ്ടാകാത്ത അസാധരണമായ എന്തൊന്നാണ് നമുക്ക് വന്നിട്ടുള്ളത്.

നബിമാരുടെ ജമാഅത്തിൽ പ്രവേശിക്കുക എന്നതിന്റെ ഉദ്ദേശ്യം ത്യാഗങ്ങൾ ചെയ്യുക എന്നാണ്. നമ്മുടെ ആരുടേയും സമയം പാഴായിപ്പോകരുത്. കൂടുതലും നമ്മുടെ സമയം ദീനിന്റെ പ്രചാരണത്തിനും പഠിക്കുന്നതിലും ചെലവഴിക്കപ്പെടണം. നമ്മുടെ വേദികളിൽ ദീനീ കാര്യങ്ങൾ അധികമധികമായി നടക്കണം. മറ്റുള്ളവരുടേയും നമ്മളുടേയും നമസ്കാരത്തിൽ ഒരു വ്യത്യാസമുണ്ടാകണം. ധാരാളമാളുകൾ വേഗംവേഗം നമസ്കരിക്കുന്നത് ഞാൻ കാണുന്നു. അങ്ങനെതന്നെയാണ് ധനത്യാഗവും. നമ്മുടെ ധനത്യാഗം അത്തരത്തിലുള്ളതാണോ? ഇപ്പോൾ ചന്ദകളിലും അലസതയുണ്ട്. ചിലർ കൊടുക്കുന്നതേയില്ല. ചിലർ കുറച്ച് കൊടുക്കുന്നു. ചിലർ അവരുടെ വരുമാനങ്ങൾ കുറച്ചു പറയുന്നു.

പ്രത്യേകമായി ദില്ലി ജമാഅത്തിനെ സംബോധന ചെയ്തുകൊണ്ട് ഹുദൂർ പറഞ്ഞു: ഇന്ത്യയുടെ തലസ്ഥാന നഗരിയെന്ന നിലയിൽ ഇവിടെയുളളവർക്ക് ഉത്തരവാദിത്വമുണ്ട്. തലസ്ഥാനമെന്ന കാരണത്താൽ ഇവിടെ മദ്രാസ്, ബോംബെ, യു.പി, പഞ്ചാബ്, അതിർത്തിയിൽനിന്നും ആളുകൾ വരുന്നു. ആ വരുന്നവർ ഭൗതിക സ്വാധീനങ്ങൾ കരസ്ഥമാക്കി പോകുന്നതിനോടൊപ്പം ജമാഅത്തിന്റെ ദീനീപരമായ സ്വാധീനവും കരസ്ഥമാക്കി പോകട്ടെ. ഇവിടുത്തെയാളുകൾ ഉന്മത്തരായിക്കൊണ്ട് തബ് ലീഗ് ചെയ്യുക. ദില്ലി ജമാത്തിനെ ഞാൻ ഉപദേശിക്കുകയാണ്: നിങ്ങൾ നിങ്ങളുടെ സ്ഥാനം മനസ്സിലാക്കുക. അല്ലാഹുവിന്റെ വലിയ വലിയ പ്രിയപ്പെട്ടവർ മറയടക്കം ചെയ്യപ്പെട്ട സ്ഥലമാണിത്. കൂടാതെ ഇത് ഇന്ത്യയുടെ തലസ്ഥാനവുമാണ്. മറ്റുളളവർ അശ്രദ്ധരായി കിടക്കുന്ന ഈ നേരത്ത് പ്രവർത്തിക്കാൻ നമുക്ക് അവസരം ലഭിച്ചുവെന്നത് അല്ലാഹു നല്കിയ ഔദാര്യമാണ്. വേഗം വേഗം നമുക്ക് അല്ലാഹുവിന്റെ പ്രതിഫലം വാരിക്കൂട്ടേണ്ടതുണ്ട്. മറ്റുളളവർ വരുമ്പോൾ നമ്മുടെ പുണ്യത്തിന്റെ വില ഇടിയാൻ പാടില്ല. അതിനാൽ നിങ്ങളുടെയുള്ളിൽ മാറ്റങ്ങളുണ്ടാക്കുക. അങ്ങനെ അല്ലാഹുവിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച യോദ്ധാക്കളിൽ നിങ്ങളുടെ നാമവും എഴുതപ്പെടാൻ അല്ലാഹുവുമായി രഞ്ജിപ്പിലാകുക;പൂർണമായും ശ്രമിക്കുകയും ചെയ്യുക.

യാർക് റോഡിലെ 8-ാം നമ്പർ ബംഗ്ലാവിൽ മഗ്രിബ്-ഇശാഅ് നമസ്കാരങ്ങൾക്ക് ഖലീഫത്തുൽമസീഹ് നേതൃത്വം നല്കി. അതിനുശേഷം അവിടെയെത്തിയ ചില അനഹ്മദി സുഹൃത്തുക്കൾക്ക് കൂടിക്കാഴ്ചക്ക് അവസരവും നല്കി. തുടർന്ന് ഒരു നിക്കാഹ് വിളംബരവും നടത്തി.

### നിക്കാഹ് ഖുത്ബയുടെ സംക്ഷിപ്തം

ഹുദൂർ പറഞ്ഞു: ലോകത്തിലെ സകല സമാധാനവും രക്ഷയും വിവാഹവുമായി ബന്ധപ്പെട്ടിരിക്കുന്നു. ബാഹ്യമായി നോക്കുമ്പോൾ ഈ വിളംബരം നിസ്സാരമായി തോന്നാം. എന്നാൽ, യഥാർഥത്തിൽ സർവലോകത്തിന്റേയും രാഷ്ട്രീയം, ഭരണം, സാമ്പത്തികാവസ്ഥയെല്ലാം നിക്കാഹുമായി ബന്ധപ്പെട്ടിരിക്കുന്നു. നിക്കാഹിന്റെ സമ്പ്രദായം എല്ലാ ജനതകളിലുമുണ്ട്. ഈ അവസരത്തിൽ ആഹ്ലാദം കൊണ്ടാടുന്നു. ചിലയിടത്ത് വാദ്യമടിക്കുന്നു. ഹിന്ദുക്കളിൽ മിഠായികളുടെ പാവകളുണ്ടാക്കുന്നു. അതിനു ചുറ്റും വലംവെക്കുന്നു. ഇത് സന്തോഷത്തിന്റെ അവസരമാണെന്നതിൽ സംശയമൊന്നുമില്ല.എന്നാൽ ഈ അവസരത്തെ ഇസ്ലാം കേവലം സന്തോഷത്തിന്റെ അവസരമായി മാത്രമല്ല നിശ്ചയിച്ചിട്ടുള്ളത്. പ്രത്യുത, സ്ത്രീ-പുരുഷന്മാർ ക്ഷമയോടെ ചിന്തിക്കണമെന്ന് അത് നിർദേശിക്കുന്നു, ഈ നിക്കാഹിൽനിന്ന് ആയിരക്കണക്കിന് നന്മകളോ ന്യൂനതകളോ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് അത് പറയുന്നു.

ഹുദൂർ പറഞ്ഞു: സ്ത്രീകളിൽ നിന്നാണ് നബിമാരും ജനിക്കുന്നത്. നബിമാരുടെ ശത്രുക്കളും സ്ത്രീകളിൽനിന്നു തന്നെയാണ് ജനിക്കുന്നത്. ഫിർഔന്റെ മാതാപിതാക്കളുടെ വിവാഹം നടന്നപ്പോൾ എത്രമാത്രം ആഘോഷങ്ങൾ നടന്നിട്ടുണ്ടാകണം. ലക്ഷക്കണക്കിന് രൂപയുടെ സ്ത്രീധനം നല്കിയിട്ടുണ്ടാകാം. രാജ്യം മുഴുവൻ ദീപാലങ്കാരങ്ങൾ ചെയ്തിട്ടു

ശേഷം പേജ് 15 ൽ

സ്പെഷൽ

# ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ ഥാനി(റ)യുടെ വൈജ്ഞാനിക സദസ്സ്

ഖാദിയാൻ 17, തബൂക്ക് (സെപ്റ്റംബർ)

ഇന്ന് സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹുഥ്ഥാനി അയ്യദഹുല്ലാഹു ത്തആല ബി നസ്‌രിഹിൽ അസീസ് മഗ്‌രിബ് നമസ്കാരത്തിനുശേഷം സദസ്സിൽ ഉപവിഷ്ഠരായി. ഹുദൂർ വിവരിച്ച ചില സുപ്രധാന കാര്യങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

നമസ്കാരം വളരെ സാവധാനത്തിലും അച്ചടക്കത്തോടുംകൂടി നിർവഹിക്കണമെന്ന് കുറച്ചുമുമ്പേ ഞാൻ ഉപദേശിച്ചിരുന്നു. നമസ്കാരത്തിനുശേഷം സുന്നത്തനുസരിച്ച് തസ്ബീഹും തഹ്മീദും ചൊല്ലുവാനും പറഞ്ഞിരുന്നു. കുറച്ചുകാലം ഇതനുസരിച്ചുള്ള പ്രവർത്തനം നടന്നു. എന്നാലിപ്പോൾ വീണ്ടും പതുക്കെപ്പതുക്കെ ഇത് അവഗണിക്കുന്നതായി ഞാൻ കാണുന്നു. ഇപ്പോൾ ഞാൻ ഒരു റക്അത്ത് പൂർത്തിയാക്കിയതേയുള്ള താഴെ വരുന്നവരുടെ കാലടിശബ്ദം കേൾക്കാൻ തുടങ്ങി. ഇതിൽനിന്ന് മനസ്സിലാകുന്നത് നമസ്കാരത്തിൽ താമസിച്ചുവന്ന് എന്നെ പിന്തുടർന്നവർ മുമ്പേ മുകളിൽ വരുന്നു. അവർ മുമ്പേ വരുന്നു എന്നതിന്റെ അർഥം എന്റെ ഒരു റക്അത്തിൽത്തന്നെ ശേഷിക്കുന്ന നമസ്കാരം പൂർത്തിയാക്കുകയും രണ്ട് റക്അത്ത് നമസ്കരിച്ച് ദിക്റും ചെയ്തിട്ട് ഓടി മുകളിൽ വരികയും ചെയ്തുവെന്നാണ്. ഇങ്ങനെ അവർ മറ്റൊരു കല്പ്പനയ്ക്കും വിരുദ്ധമായി പ്രവർത്തിച്ചു. കാരണം നബിﷺ തിരുമേനി നമസ്കാരത്തിൽ ഓടി വന്നുചേരുന്നത് തടഞ്ഞിട്ടുണ്ട്. വേഗംവേഗം ചെയ്യപ്പെടുന്ന നമസ്കാരത്തെ നബിﷺതിരുമേനി നമസ്കാരത്തിൽത്തന്നെ ഉൾപ്പെടുത്തിയിട്ടില്ല. ധിറുതിയിൽ നമസ്കരിക്കുകയും നമസ്കാരത്തിന്റെ നിബന്ധനകൾ പൂർത്തിയാക്കാതിരിക്കുകയും ചെയ്ത ഒരാളോട് നബിﷺതിരുമേനി പറഞ്ഞു: ***സ്വല്ലി ഫ ഇന്നക്ക ലം തുസ്വല്ലി*** നമസ്കരിക്കുക. കാരണം നിന്റേത് നമസ്കാരമായിട്ടില്ല.) അദ്ദേഹത്തോടു പറഞ്ഞു: ഓരോ ചലനവും വളരെയധികം സാവധാനത്തോടും അച്ചടക്കത്തോടും കൂടി ചെയ്യാതെ നമസ്കാരമാവുകയില്ല. വളരെ സൗന്ദര്യപൂർവം ചെയ്യപ്പെടാത്തത് നമസ്കാരമാവുകയില്ല. ചിലർ നമ്മുടെ മജ്‌ലിസിലെത്താൻ നമസ്കാരം മോശമാക്കുന്നുവെന്നതും വളരെ വ്യസനകരമാണ്. യഥാർഥത്തിൽ ഈ മജ്‌ലിസ് നമ്മൾ തമ്മിലുള്ള സുഹൃത്ബന്ധമാണ്. നമസ്കാരം എന്നത് അല്ലാഹുവുമായുള്ള സുഹൃത്ബന്ധമാണ്. ചെറിയ കാര്യത്തിനു വേണ്ടി വലിയ കാര്യത്തെ ഉപേക്ഷിക്കുന്നവർ എത്രമാത്രം ദൗർഭാഗ്യരാണ്. അല്ലാഹുവിന്റെ മജ്‌ലിസിൽ നിന്ന് ഓടി നമ്മുടെ മജ്‌ലിസിലെത്തുന്നത് നിഷിദ്ധമായ കാര്യമല്ലേ?

ഒരു കാര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കപ്പെടുകയും അതിന്റെ അനിവാര്യതയെ കുറിച്ച് പറയുകയും ചെയ്തിനു ശേഷം വീണ്ടും അതിനെ അവഗണിക്കുക എന്നത് വ്യസനകരമാണ്. ഇത്തരം നമസ്കാരങ്ങൾ കേവലം പ്രദർശനം മാത്രമാണ്. നിന്ദ്യതയ്ക്ക് കാരണമാക്കുന്നതാണ്. ഭയത്തോടും വിനയത്തോടും ശാന്തതയോടും കൂടി ആരാധന നിർവ്വഹിക്കുന്നവർക്ക് മാത്രമേ അല്ലാഹുവിന്റെ അനുഗ്രഹത്തെ ആകർഷിച്ചെടുക്കാൻ കഴിയുകയുള്ളൂ. ജമാഅത്തായ നമസ്കാരങ്ങൾ നീട്ടി നമസ്കരിക്കരുതെന്ന കൽപ്പന ഉണ്ടെന്നത് ശരിതന്നെ. എന്നാൽ, വ്യക്തിഗതമായി ഈ കൽപ്പന സാധുവല്ല. പ്രത്യുത, ഇത്തരം നമസ്കാരങ്ങളുടെ കാര്യത്തിൽ നബിﷺ തിരുമേനിയുടെ ചര്യയുണ്ട്. ആ മഹാത്മാവിന്റെ കാലുകളിൽ നീരുവരുവോളം രാത്രി കാലങ്ങളിൽ അവിടന്ന് നിന്നു നമസ്കരിക്കുമായിരുന്നു. ഏകദേശം 3 മണിക്കൂർ ആ മഹാത്മാവ് തഹജ്ജുദ് നമസ്കരിച്ചിരുന്നു. നമസ്കാരത്തിനു വേണ്ടി ഓടി വരിക എന്നത് അതിനോടുള്ള താൽപര്യത്തെയല്ല സൂചിപ്പിക്കുന്നത്. പ്രത്യുത, നമസ്കാരത്തോടുള്ള അനാദരവിനെയാണ്. നമസ്കാരശേഷം നബിﷺ തിരുമേനിയുടെ മാതൃക അനുസരിച്ച് തസ്ബീഹും തഹ്മീദും ചെയ്യണം. നബിﷺതിരുമേനിക്ക് തസ്ബിഹിന്റേയും തഹ്മീദിന്റേയും ആവശ്യമുണ്ടായിരുന്നു എന്ന വ്യക്തമായ കാര്യം നിങ്ങൾക്ക് മനസ്സിലാകുന്നില്ലേ. നിങ്ങൾക്ക് അതിന്റെ ആവശ്യമില്ലെന്നാണോ? നബിﷺതിരുമേനിക്ക് മെല്ലെ മെല്ലെ നമസ്കരിക്കൽ അനിവാര്യമായിരുന്നു. നിങ്ങൾക്കതില്ല. നബിﷺതിരുമേനിക്ക് അച്ചടക്കത്തോടെ മസ്ജിദിൽ വരേണ്ടുന്ന ആവശ്യമുണ്ടായിരുന്നു. നിങ്ങൾക്കത് ഇല്ലെന്നാണോ. അല്ലാഹുവിന്റെ അനുഗ്രഹത്തെ അദ്ദേഹമാകട്ടെ അത്രയധികം ആകർഷിച്ചിരുന്നു. നമുക്കാകട്ടെ ആയിരം മടങ്ങ് അധികം അധ്വാനം ആവശ്യമുണ്ടുതാനും.

ഇതിനുശേഷം ഹുദൂർ തന്റെ മുൻനിർദ്ദേശമനുസരിച്ച് കൃത്യമായി 33 പ്രാവശ്യം സുബ്ഹാനല്ലാഹ്, അൽഹംദു ലില്ലാഹ് ചൊല്ലുന്ന 34 പ്രാവശ്യം അല്ലാഹു അക്ബർ ചൊല്ലുന്ന സ്നേഹിതർ എഴുന്നേൽക്കാൻ ഹുദൂർ പറഞ്ഞു. എന്നാൽ അവരുടെ എണ്ണം കുറവായിരുന്നു. തുടർന്ന് നിത്യവും 12 പ്രാവശ്യം ഇവ കൃത്യമായി ചൊല്ലുന്നവരോടു എഴുന്നേറ്റു നിൽക്കാൻ പറഞ്ഞു. എന്നാൽ, ഇവരുടെ എണ്ണവും തുലോം കുറവായിരുന്നു. ഇതിൽ വ്യസനം പ്രകടിപ്പിച്ച ഹുദൂർ പറഞ്ഞു: ഏതൊരുവന്റെ അനുഗ്രഹത്തിന്റെ അടിയിലാണോ നമ്മൾ അമർന്നിരിക്കുന്നത് അവന്റെ ഔദാര്യങ്ങൾ കാരണത്താൽ നമ്മുടെ കഴുത്തുകൾ നമുക്ക് ഉയർത്താൻ സാധിക്കുകയില്ല. അവന്റെ ഔദാര്യത്തിന്റേയും അനുഗ്രഹത്തിന്റേയും നിസ്സാരമായ പ്രത്യുപകാരമായി ദുറൂദും തഹ്മീദും സമർപ്പിച്ചാൽപോലും അത് മതിയാകുകയില്ല. നമ്മൾ എത്രമാത്രം വ്യസനിക്കേണ്ടതും ലജ്ജിക്കേണ്ടതുമായ കാര്യമാണിത്.

നമ്മുടെ ഭൗതിക ശരീരത്തെ നിലനിറുത്താൻ ഭൗതിക ഭക്ഷണം അനിവാര്യമാണെന്നതുപോലെ നമ്മുടെ ആത്മാവിന് സുസ്ഥിരത നൽകാൻ ആത്മീയ ഭക്ഷണത്തിന്റെ അനിവാര്യതയുമുണ്ട്. തസ്ബീഹും തഹ്മീദും അല്ലാഹുവിന്റെ സ്മരണയും കൂടാതെ പ്രസ്തുത ഭക്ഷണം പൂർത്തിയാകുകയില്ല. ശരീരത്തിന്റെ വളർച്ച സാധ്യമാകുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്ﷺ ഈ തത്ത്വത്തെ സൂറാ മുഅ്മിനീന്റെ വ്യാഖ്യാനമെന്ന നിലയിൽ ബറാഹീനെ അഹ്മദിയ്യാ അഞ്ചാം ഭാഗത്ത് വിശദമാക്കുന്നുണ്ട്.

നമ്മുടെ ആത്മാവ് സ്വന്തം ശരീരത്തിൽനിന്നുതന്നെയാണുണ്ടാകുന്നത്. എല്ലാ സ്വൂഫിസത്തിന്റെ എല്ലാ അടിസ്ഥാനവും നാരായവേരും ഇതേകാര്യം തന്നെയാണ്. ഇതിനെ വ്യഖ്യാനിച്ചാൽ ആയിരക്കണക്കിന് സ്വൂഫീ ഗ്രന്ഥങ്ങൾ ഇതിന്റെ മേൽ ബലിയാകാവുന്നതാണ്. അത്തരം ഭക്ഷണത്തോടൊപ്പം തസ്ബീഹും തഹ്മീദും ചെയ്യുകയാണെങ്കിൽ അതു കേവലം ഭൗതിക ഭക്ഷണമായിരിക്കുകയില്ല. പ്രത്യുത ആത്മീയ ഭക്ഷണമായിത്തീരും. എപ്രകാരം ശർബ്ബത്തിന്റെ വിവിധ ഭാഗങ്ങൾ ശരീരത്തിന്റെ വിവിധ ഭാഗങ്ങളെ പരിപാലിക്കുന്നതുപോലെ.

ഉദാഹരണത്തിന് വെള്ളം ആമാശയത്തെ ശുദ്ധീകരിക്കുന്ന പ്രവൃത്തി ചെയ്യുന്നു. മധുരം ശക്തി പകരുന്നതിന് കാരണമാകുന്നു. ഇപ്രകാരം തസ്ബിഹിന്റേയും തഹ്മീദിന്റേയും ചേരുവയുള്ള ഭക്ഷണം ഇതു പോലെയാകും. ഇതിലെ ഭക്ഷണം ആമാശയത്തിലെത്തി ശരീരത്തെ പരിപാലിക്കുന്നു. തസ്ബീഹും തഹ്മീദും അതിന്റെ ആത്മാവായി പരിണമിക്കുന്നു. അഥവാ അവന്റെ ആത്മീയതയെ വർധിപ്പിക്കുന്നു.

ഒരു മനുഷ്യൻ അല്ലാഹുവിന്റെ സീമാതീതമായ അനുഗ്രഹങ്ങൾ കാരണത്താൽ അവനോടുള്ള നന്ദിയിലും കൃതജ്ഞതയിലും മുഴുകാൻ നിർബന്ധിതനാണ്. അല്ലാഹു സർവലോകത്തേയും നമുക്ക് വേണ്ടി എങ്ങനെ കീഴ്പ്പെടുത്തിയിരിക്കുന്നുവെന്നത് നമ്മെ വിസ്മയിപ്പിക്കുന്നു. ലോകത്തിലെ നാനാവിധമായ അനുഗ്രഹങ്ങൾ നമുക്കു സംഘടിപ്പിച്ചു തന്നിരിക്കുന്നു. ഇതിന്റെ പ്രത്യുപകാരം കേവലം നന്ദി രേഖപ്പെടുത്തിക്കൊണ്ട് മാത്രമേ നമുക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. എന്നാൽ, നമ്മൾ അതും ചെയ്യുന്നില്ലെങ്കിൽ വളരെ വ്യസനകരംതന്നെ.

ബാങ്കിനു ശേഷം ഹുദൂർ പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്ﷺ ഉണർത്തിയ കാര്യത്തെ കുറിച്ച് ഞാൻ പരാമർശിക്കുകയായിരുന്നു. ഭക്ഷണം തന്നെയാണ് റൂഹിനെ സൃഷ്ടിക്കുന്ന അടിസ്ഥാന വസ്തു. ഉറവിടത്തെ നന്നാക്കുക എന്നതാണ് സംസ്കരണത്തിന്റെ ഏറ്റവും നല്ല മാർഗ്ഗം. അനുവദനീയമായ സമ്പത്തിൽത്തന്നെ ജീവിതം മുന്നോട്ടു കൊണ്ടുപോകുക. എപ്രകാരം ലോകത്ത് അനുവദനീയമായ ഭക്ഷണം കരസ്ഥമാക്കുന്നതിന് വില കൊടുക്കേണ്ടിവരുന്നു. ഇതേ പോലെ യഥാർഥ റാസിഖായ അല്ലാഹുവിനും ജീവിതവിഭവത്തിന് വില നല്കുക. അതിന്റെ വില എന്നുപറയുന്നത് അവനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുക എന്നതാണ്. ഭക്ഷണം

ശേഷം പേജ് 15 ൽ

# ഖുത്വ്ബ ജുമുഅ

**കൊലക്കുറ്റത്തിന്റെ ആരോപണമില്ലാത്ത ഒരു സ്ത്രീയെ, ബന്ദിയാക്കിയതിനുശേഷം സാവകാശത്തിൽ ഈ നിവേദനത്തിൽ പറയുന്നതുപോലെ വധിച്ചെന്ന് പറയുന്നതും വിദൂരമായ കാര്യമാണ്. ഇസ്‌ലാമാകട്ടെ, കൃത്യമായ യുദ്ധമൈതാനത്തുപോലും സ്ത്രീകളെ വധിക്കുന്നത് ശക്തമായി തടയുന്നു.**
**(സീറത്ത് ഖാത്തമുന്നബിയ്യീൻ)**

**ഇവിടെ ഉയരുന്ന ചോദ്യം ഏതെങ്കിലും സ്വഹാബി, ഉമ്മി ഖിർഫയെക്കാളും കഠിന ശത്രുതയുള്ള രക്തദാഹികളായ ശത്രുപുരുഷന്മാരെപ്പോലും ഇങ്ങനെ വധിച്ചിട്ടില്ലെന്നിരിക്കെ പരിണിത പ്രജ്ഞനായ സയ്ദ് ബിൻ ഹാരിഥയെ പോലുള്ള ഒരു സ്വഹാബിയുടെ നേതൃത്വത്തിൽ ഒരു വൃദ്ധയെ ഇത്തരത്തിൽ കൊന്നു എന്ന് പറയുന്നത് ഒരിക്കലും അംഗീകരിക്കാൻ സാധ്യമല്ല.**

**ഉമ്മിഫിർഖയുടെ“അക്രമപരമായ വധ”സംഭവം തികച്ചും കളവും അടിസ്ഥാനരഹിതവുമായ സംഭവമാണ്. അത് ഇസ്‌ലാമിന്റെ ഏതോ മറഞ്ഞിരിക്കുന്ന ശത്രുവിനേയും കപടവിശ്വാസിയേയുംകൊണ്ട് ചരിത്ര നിവേദനങ്ങളിൽ ഇടംപിടിച്ചതാണ്. സത്യമെന്താണെന്നാൽ, ഈ സരിയ്ഃയുടെ യാഥാർഥ്യം മുസ്‌ലിമും അബൂദാവൂദും വിവരിച്ചതിനെക്കാളുപരി മറ്റൊന്നുമല്ല.**

**ഇസ്‌ലാമിനെ സംബന്ധിച്ച് നമുക്ക് ഉറപ്പിച്ചു പറയാൻ കഴിയും, അതൊരിക്കലുംതന്നെ വ്യാജമായ വികാരങ്ങളുടെ മതമല്ല. അത് കുറ്റവാളിയെ കുറ്റവാളിയാണെന്ന് പ്രഖ്യാപിക്കുന്നു. അതിനുള്ള ശിക്ഷ നൽകപ്പെടുന്നത് രാജ്യത്തിലും സൊസൈറ്റിയിലും കാരുണ്യമാണെന്ന് ഗണിക്കുകയും ചെയ്യുന്നു.**

**അളിഞ്ഞുപോയ ഭാഗത്തെ ശരീരത്തിൽനിന്ന് അറുത്തുമാറ്റാനുള്ള അധ്യാപനമാണ് അതു നൽകുന്നത്. അല്ലാതെ അത്തരം അളിഞ്ഞഭാഗത്തെ വെച്ചുകൊണ്ട് ശരീരത്തിന്റെ ആരോഗ്യത്തെ നഷ്ടപ്പെടുത്താൻ അനുവദിക്കുന്നില്ല.**

**ബനൂ ഫസാറ യുദ്ധത്തിന്റെ, അബ്ദുല്ലാ ബിൻ അത്തീക്ക് യുദ്ധത്തിന്റെ, ഇപ്രകാരംതന്നെ മദീനയിൽ കുഴപ്പങ്ങളുണ്ടാക്കി നടന്ന യഹൂദി അബൂറാഫിയിനെ വധിച്ചതിന്റെ അവസ്ഥളുടേയും സംഭവങ്ങളുടേയും വിവരണം.**

**ഖുത്ബ ജുമുഅ 2025 ജനുവരി 10, 1405 സ്വുൽഹ് 10, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ○
اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ○

കഴിഞ്ഞ ഖുത്ബയ്ക്ക് മുമ്പേവരെ നബിﷺതിരുമേനിയുടെ കാലഘട്ടത്തിലെ യുദ്ധങ്ങളെയും യുദ്ധ നടപടികളെയും സംബന്ധിച്ചാണ് പരാമർശിച്ചിരുന്നത്. ഇതിൽ ബനു ഫസാറ യുദ്ധ നടപടിയെ കുറിച്ചാണ് പറഞ്ഞിരുന്നത്. ബനൂ ഫസാറക്കെതിരെയുള്ള സരിയഃ അതായത് യുദ്ധനടപടിയിൽ ഒരു സംഭവം ചരിത്രത്തിൽ വരുന്നുണ്ട് അത് ഉമ്മി ഖർഫയുടെ വധത്തെക്കുറിച്ചുള്ളതാണ്. ചില ചരിത്രകാരന്മാർ അതിനെ തികച്ചും യാഥാർഥ്യത്തിന് വിരുദ്ധമായി രേഖപ്പെടുത്തിയിരിക്കുന്നു. ത്വബഖാത്തുൽ കുബ്റായിൽ എഴുതുന്നു: ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ ؓ ഹിജ്റ ആറാം വർഷം കച്ചവടാവശ്യാർഥം ശാമിലേക്ക് പുറപ്പെട്ടു. അദ്ദേഹത്തിന്റെയടുത്ത് നബിﷺതിരുമേനിയുടെ സ്വഹാബാക്കളുടെ കച്ചവടച്ചരക്കുമുണ്ടായിരുന്നു. അവർ സൂഖുറാ താഴ്‌വരയുടെ സമീപമെത്തിയപ്പോൾ ബനൂ ഫസാറയുടെ ശാഖയായ ബനുഹദ്റിലെ കുറച്ചാളുകൾ കാണുകയും അവർ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ സംഘത്തെയും മർദ്ദിച്ച് അവരുടെ കൈയിലുണ്ടായിരുന്ന സാധനങ്ങൾ കൊള്ളയടിക്കുകയും ചെയ്തു. പിന്നെ ഹദ്റത്ത് സയ്ദ് ؓ ന് ആരോഗ്യം വീണ്ടുകിട്ടിയപ്പോൾ അദ്ദേഹം നബിﷺതിരുമേനിയുടെ സവിധത്തിലെത്തി. നബിﷺതിരുമേനിയോട് കാര്യങ്ങളെല്ലാം പറഞ്ഞു. നബിﷺതിരുമേനി അദ്ദേഹത്തെ ഈ അക്രമികളുടെ അടുത്തയച്ചു. മുസ്‌ലിമീങ്ങൾ പകൽ സമയത്ത് ഒളിഞ്ഞും രാത്രിയിൽ സഞ്ചരിച്ചും നീങ്ങി. ഇവരുടെ വരവിനെ കുറിച്ച് ബനൂ ഹദ്റിന് അറിവ് ലഭിച്ചു. ഹദ്റത്ത് സയ്ദും അദ്ദേഹത്തിന്റെ കൂട്ടുകാരും അതിരാവിലെ അവരുടെ അടുക്കലെത്തി. അല്ലാഹു അക്ബർ എന്ന് തക്ബീർ മുഴക്കി, അവിടെയുണ്ടായിരുന്ന മുഴുവനാളുകളെയും വളഞ്ഞു. ഉമ്മി ഖിർഫയെയും (ഇവരുടെ പേര് ഫാതിമ ബിൻത് റബീയ ബിൻ ബദ്ർ എന്നായിരുന്നു)അവരുടെ മകൾ ജാരിയ ബിൻത് മാലിക് ബിൻ ഹുദയ്ഫ ബിൻ ബദ്ർനേയും ബന്ദികളാക്കി. ജാരിയയെ ഹദ്റത്ത് സൽമാ ബിൻ അക്‌വഅ് ആണ് ബന്ദിയാക്കി നബിﷺതിരുമേനിക്ക് സമ്മാനമായി നൽകിയത്. നബിﷺതിരുമേനി അവളെ ജസം ബിൻ അബീ വഹബിന് സമ്മാനമായി നൽകി.

ഇതു സംബന്ധിച്ച് ചില ചരിത്ര ഗ്രന്ഥങ്ങളിൽ ഉമ്മി ഖിർഫയുടെ വധത്തെപ്പറ്റിയും മറ്റും വളരെ കൗതുകകരമായ രീതിയിലാണ് വിവരിച്ചിട്ടുള്ളത്. അതൊരിക്കലും ഇസ്‌ലാമിക അധ്യാപനങ്ങളുടെയും കർമങ്ങളുടെയും വെളിച്ചത്തിൽ സംഭാവ്യമല്ല. ഏതായിരുന്നാലും ചില ഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്നു, ഖയ്സ് ബിൻ മുഹസ്സിർ, ഉമ്മി ഖിർഫയുടെ നേരെ തിരിഞ്ഞു. അവർ ഒരു വൃദ്ധയായിരുന്നു. ഖയ്സ് അവരെ നിർദാക്ഷിണ്യം കൊന്നു. അവരുടെ രണ്ട് കാലുകളും രണ്ട് ഒട്ടകങ്ങളിൽ കെട്ടുകയും പിന്നെ അവയെ ഇരുദിശകളിലേക്കും ഓടിക്കുകയും ചെയ്തു. അങ്ങനെ ആ സ്ത്രീ രണ്ട് കഷണമാക്കപ്പെട്ടു. ഖയ്സ് വേറെ രണ്ടു പേരെയും കൂടി വധിച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ ؓ തന്റെ ദഔത്യത്തിനുശേഷം തിരിച്ചുവന്ന് നബിﷺതിരുമേനിയുടെ വാതിലിൽ മുട്ടി വിളിച്ചു. നബിﷺതിരുമേനി തന്റെ വസ്ത്രവും വലിച്ച് സയ്ദിന്റെ അടുത്തുവന്നു, സയ്ദിനെ ആലിംഗനം ചെയ്യുകയും മുത്തുകയും സയ്ദിനോട് കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തു. അല്ലാഹു തനിക്ക് നൽകിയ വിജയത്തെക്കുറിച്ച് നബിﷺതിരുമേനിയെ സയ്ദ് അറിയിച്ചു.

ഈ സംഭവത്തിൽ ആ സ്ത്രീയെ രണ്ടായി പിളർത്തി എന്നെല്ലാം എഴുതിയിരിക്കുന്നു. എന്നാൽ, ഈ സംഭവത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ് എം.എ ؓ വളരെ യുക്തിസഹമായി നല്ല രീതിയിൽ കാര്യങ്ങൾ വിവരിച്ചിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: “ഇപ്പോൾ പരാമർശിക്കപ്പെട്ട സരിയഃ അബൂബക്റിന് പകരം ഇബ്നു സഅ്ദ് പറയുന്ന സരിയഃയുടെ നായകൻ സയ്ദ് ബിൻ ഹാരിഥയാണ്. അതായത് ഈ സരിയഃയിൽ അബൂബക്റിന് പകരം സയ്ദ് ബിൻ ഹാരിഥയെയാണ് അമീറായി വിവരിച്ചിട്ടുള്ളത്. മാത്രമല്ല വിശദീകരണങ്ങളിലും ഒരുപാട് അന്തരമുണ്ട്.

ഈ ദൗത്യം ബനൂഫസാറയെ ശിക്ഷിക്കാൻ വേണ്ടിയുള്ളതായിരുന്നു. അവർ വാദിൽ ഖുറയുടെ അടുത്താണ് വസിച്ചിരുന്നത്. ഇവർ ഒരു മുസ്‌ലിം കച്ചവടം സംഘത്തെ ആക്രമിക്കുകയും അവരുടെ എല്ലാ സമ്പാദ്യങ്ങളും കൊള്ളയടിക്കുകയും ചെയ്തിരുന്നു. കലാപകാരികളായ ഈ സംഘത്തിന്റെ നെടുംതൂൺ ഒരു വൃദ്ധയായിരുന്നു. അവരുടെ പേര് ഉമ്മി ഖിർഫ എന്നായിരുന്നു. അവർ ഇസ്‌ലാമിന്റെ കഠിന ശത്രുവും ആയിരുന്നു. ഇവർ ഒരു യുദ്ധത്തിൽ പിടിക്കപ്പെട്ടപ്പോൾ സയ്ദിന്റെ സംഘത്തിലെ ഖയ്സ് എന്നുപേരുള്ള ഒരാൾ ആ സ്ത്രീയെ വധിച്ചു. വധത്തെ സംബന്ധിച്ചുള്ള വിവരണത്തിൽ പറയുന്നു, ഇത് എഴുതിയ ചരിത്രകാരൻ ഇബ്നു സഅ്ദ് അതിന്റെ വശദീകരണത്തിൽ പറയുന്നു: ഈ സ്ത്രീയുടെ രണ്ടു കാലുകളും രണ്ടു ഒട്ടകങ്ങളുടെ കാലുകളിൽ കെട്ടി എതിർ ദിശയിലേക്ക് ഒട്ടകങ്ങളെ ഓടിച്ചു. അതിന്റെ ഫലമായി ആ സ്ത്രീ നടുകെ പിളർന്ന് രണ്ട് കഷണങ്ങളാക്കപ്പെട്ടു. അതിനുശേഷം ആ വൃദ്ധയുടെ മകളെ സൽമ അക്‌വഅ്നെ ഏൽപ്പിച്ചു. ഇതേ സംഭവം വളരെ ചുരുക്കി നല്ല രീതിയിൽ അല്പം വ്യത്യസ്ഥമായി ഇബ്നു ഇസ്ഹാഖും വിവരിച്ചിട്ടുണ്ട്.

ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് ഓറിയന്റ്ലിസ്റ്റായ സർ വില്യം മ്യൂർ, ഇയാൾ മറ്റു യൂറോപ്യൻ ചരിത്രകാരന്മാരെ അപേക്ഷിച്ച് ഒരുപാട് വിവരണങ്ങൾ കൊടുക്കുന്നതിൽ താല്പര്യമുള്ളയാളാണ്. ഈ സംഭവം മുസ്‌ലിമീങ്ങളുടെ മൃഗീയമായ നിലപാടിന് ഒരു തെളിവെന്നോണം വളരെ താല്പര്യപൂർവ്വം തന്റെ ഗ്രന്ഥത്തിനു മോടികൂട്ടാൻ എഴുതി വച്ചിട്ടുള്ളത്. മാത്രമല്ല ഗ്രന്ഥത്തിൽ അത് എഴുതാനുള്ള കാരണം പറയുന്നത് ഈ സംഭവത്തിൽ മുസ്‌ലിമീങ്ങൾ വളരെ അക്രമപരമായൊരു കാര്യം ചെയ്തുവെന്നാണ്.

വില്യം മ്യൂർ എഴുതുന്നു: ഈ വർഷം മുസ്‌ലിമീങ്ങൾക്ക് നിരവധി യുദ്ധ നടപടികൾക്കുവേണ്ടി മദീനയിൽനിന്ന് പുറത്ത് പോകേണ്ടി വന്നിരുന്നു. എന്നാൽ, അതെല്ലാം പ്രസ്താവ്യ യോഗ്യമല്ല. പക്ഷേ, അതിൽ ഒരു യുദ്ധനടപടിയെ സംബന്ധിച്ച് പറയാതിരിക്കാൻ നിർവാഹമില്ല. കാരണം അതിന്റെ പരിണിതി മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്നുള്ള വളരെ അക്രമപരമായ ഒരു ചെയ്തിയിലാണ് കലാശിച്ചിട്ടുള്ളത്. ഇതാണ് മ്യൂർ സാഹിബിന്റെ പ്രസ്താവന.

ഇതിന്റെ വിശകലനത്തിൽ ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ്ؓഎഴുതുന്നു: ഒരു ചരിത്രകാരൻ, മറ്റു സംഭവങ്ങൾക്കുപരിയായി ഈ സംഭവത്തെ ഒരു സമൂഹത്തിന്റെ നിഷ്ഠൂരമായ ചെയ്തികൾക്ക് തെളിവ് ലഭിക്കുന്നു എന്നതിന്റെ പേരിൽ മറ്റു സംഭവങ്ങളെ അപേക്ഷിച്ച് പ്രാധാന്യം നൽകിക്കൊണ്ട് തന്റെ ഗ്രന്ഥത്തിന് മോടി കൂട്ടാൻ ഉപയോഗിക്കുന്നെങ്കിൽ വാസ്തവത്തിൽ അയാളൊരിക്കലും നിഷ്പക്ഷമതിയായ ഒരു ഗവേഷകനാകാൻ നിർവാഹമില്ല. കാരണം ഇയാൾ സ്വയം എഴുതുന്നു: മറ്റു സംഭവങ്ങളെല്ലാം ഞാൻ ഒഴിവാക്കുകയാണ്, ഈ ഒരു സംഭവം മാത്രമാണ് എടുക്കുന്നത്. അതിന്റെ അർഥം അയാൾ പക്ഷപാതിയാണ്, നിഷ്പക്ഷനല്ലെന്നാണ്. കാരണം നിഷ്പക്ഷനായ ഒരാൾ ഈ നിഷ്ഠൂരമായ വിവരണം യാഥാർഥ്യമാണോ അല്ലയോ എന്ന് ഗവേഷണത്തിലൂടെ സ്ഥാപിക്കുമെന്നാണ് കരുതപ്പെടുന്നത്. അങ്ങനെ ചെയ്യുമ്പോൾ അയാളുടെ കൈയിൽനിന്ന് ഒരു തെളിവ് കൈമോശം വരികയാണ് ചെയ്യുന്നത്. ഏതായിരുന്നാലും മ്യൂർ സാഹിബ് ഈ സംഭവത്തെ പ്രത്യേക താൽപര്യത്തോടുകൂടിത്തന്നെ തന്റെ ഗ്രന്ഥത്തിൽ ചേർക്കുന്നുണ്ട്. എന്നാൽ, ഈ സംഭവം തികച്ചും തെറ്റും അടിസ്ഥാനരഹിതവും ബുദ്ധിപരമായും പ്രാമാണ്യയോഗ്യമായും കെട്ടിച്ചമച്ചതാണെന്നും ഞാൻ വ്യക്തമാക്കിത്തരാം.

ബൗദ്ധികമായി നോക്കുകയാണെങ്കിൽ, കൊലക്കുറ്റത്തിന്റെ ആരോപണമില്ലാത്ത ഒരു സ്ത്രീയെ, ബന്ദിയാക്കിയതിനുശേഷം സാവകാശത്തിൽ ഈ നിവേദനത്തിൽ പറയുന്നതുപോലെ വധിച്ചെന്ന് പറയുന്നതും വിദൂരമായ കാര്യമാണ്. ഇസ്‌ലാമാകട്ടെ, കൃത്യമായ യുദ്ധമൈതാനത്തു പോലും സ്ത്രീകളെ വധിക്കുന്നത് ശക്തമായി തടയുന്നു. സ്ത്രീകളെ ഒരിക്കലും വധിക്കാൻ പാടില്ലെന്ന് നബിﷺതിരുമേനി പലതവണ വ്യക്തമാക്കിയിട്ടുള്ളതാണ്. ഹദീഥുകളിൽ പറയുന്നു: ഒരു സന്ദർഭത്തിൽ യുദ്ധമൈതാനത്ത് ഒരു ശത്രുഗോത്രത്തിലെ സ്ത്രീ കൊല്ലപ്പെട്ടതായി നബിﷺ തിരുമേനി കാണാനിടയായി. ആ സ്ത്രീ ഏത് അവസ്ഥയിൽ ആരുടെ കൈയാലാണ് കൊല്ലപ്പെട്ടതെന്ന് മനസ്സിലായിട്ടുണ്ടായിരുന്നില്ല. പക്ഷേ, നബിﷺതിരുമേനി അത് കണ്ടപ്പോൾ വളരെയേറെ ദ്വേഷപ്പെടുകയും സ്വഹാബാക്കളോട് മേലിൽ ഇങ്ങനെ ചെയ്തു പോകരുത് അതായത് ഒരു സ്ത്രീയെയും വധിക്കരുതെന്നു താക്കീതു കൊടുക്കുകയും ചെയ്തു. അതുപോലെതന്നെ നബിﷺതിരുമേനി സൈനിക സംഘത്തെ അയക്കുമ്പോൾ മറ്റെല്ലാ ഉപദേശങ്ങൾക്കും പുറമേ സ്വഹാബാക്കളെ ഉപദേശിച്ചുകൊണ്ട് സ്ത്രീകളെയും കുട്ടികളെയും വധിക്കരുതെന്നും നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു. ഈ അടിസ്ഥാനപരമായ നിർദ്ദേശങ്ങൾ ഉണ്ടായിരിക്കെ സ്വഹാബാക്കളെ സംബന്ധിച്ചു അതും സ്വഹാബാക്കളിലെ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെؓ സംബന്ധിച്ച് അദ്ദേഹമാണെങ്കിൽ നബി സ്വല്ലല്ലാഹു അലയ്ഹിവസല്ലമയുടെ വീട്ടിലെ ആളുമായിരുന്നു, അദ്ദേഹം ഏതെങ്കിലും സ്ത്രീയെ ഈ രീതിയിൽ വധിച്ചു അല്ലെങ്കിൽ കൊല്ലിച്ചു എന്നു ഇബ്നു സഅ്ദ് വിവരിച്ചിട്ടുള്ളത് ഒരിക്കലും സ്വീകാര്യയോഗ്യമല്ല. വധിച്ചത് സയ്ദാണെന്ന് നിവേദനത്തിൽ പറയുന്നില്ല. പക്ഷേ, മറ്റുമുസ്‌ലിമീങ്ങളാണ് ചെയ്തതെങ്കിലും ഈ സംഭവം സയ്ദിന്റെ നേതൃത്വത്തിലായിരുന്നു, അതുകൊണ്ട് അതിന്റെ ആത്യന്തികമായ ഉത്തരവാദി സയ്ദ് തന്നെയാണെന്ന് ഗണിക്കപ്പെടുന്നതാണ്. നബിﷺതിരുമേനിയുടെ അധ്യാപനം അറിഞ്ഞുകൊണ്ട് ഇത്തരത്തിലുള്ള ഒരു കർമ്മം ചെയ്യാൻ സയ്ദ് അനുമതി കൊടുത്തു എന്നൊരിക്കലും അംഗീകരിക്കാൻ സാധ്യമല്ല.

ഒരു സ്ത്രീ കുറ്റകൃത്യം ചെയ്യുകയാണെങ്കിൽ തീർച്ചയായും അവൾക്ക് അതിന്റെ ശിക്ഷ നൽകപ്പെടുന്നതാണ്. ഒരു മതത്തിന്റെ ന്യായപ്രമാണവും ഒരു രാജ്യത്തിന്റെ നിയമവും സ്ത്രീയെ കുറ്റകൃത്യത്തിന്റെ ശിക്ഷയിൽനിന്ന് മാറ്റി നിറുത്തുന്നില്ല. ഓരോ ദിവസവും സ്ത്രീകൾ പലപ്പോഴും കൊലക്കുറ്റം നിമിത്തം തൂക്കുകയറിനും ശിക്ഷിക്കപ്പെട്ടതായുള്ള സംഭവങ്ങൾ അച്ചടിച്ചു വരുന്നുണ്ട്. പക്ഷേ, തികച്ചും മതപരമായ വിദ്വേഷം അല്ലെങ്കിൽ യുദ്ധത്തിൽ പങ്കെടുത്തതുകാരണം ഏതെങ്കിലും സ്ത്രീയെ കൊല്ലുകയോ ഇപ്പറഞ്ഞതുപോലെ വധിക്കപ്പെട്ടതായോ പറയുന്ന നിവേദനത്തെ നബിﷺതിരുമേനിയുടെ അടിസ്ഥാന മാർഗനിർദ്ദേശങ്ങളും മുഴുവൻ ഇസ്‌ലാമിക ചരിത്രങ്ങളും പൂർണമായും തിരസ്കരിക്കുന്നു. ചില നിവേദനങ്ങളിൽ പറയുന്നതുപോലെ ഇനി ഈ സ്ത്രീ കുറ്റവാളിയാണെന്നും നബിﷺതിരുമേനിയെ വധിക്കുന്നതിന് പദ്ധതിയിട്ടുവെന്നുമാണെങ്കിൽ അവർക്കെതിരെ വധത്തിനുള്ള ശിക്ഷ നൽകപ്പെടാമായിരുന്നു എന്നത് ശരിയാണ്. പക്ഷേ, ഇവിടെ ഉയരുന്ന ചോദ്യം ഏതെങ്കിലും സ്വഹാബി, ഉമ്മി ഖിർഫയെക്കാളും കഠിന ശത്രുതയുള്ള രക്തദാഹികളായ ശത്രുപുരുഷന്മാരെപ്പോലും ഇങ്ങനെ വധിച്ചിട്ടില്ലെന്നിരിക്കെ പരിണിതപ്രജ്ഞനായ സയ്ദ് ബിൻ ഹാരിഥയെ പോലുള്ള ഒരു സ്വഹാബിയുടെ നേതൃത്വത്തിൽ ഒരു വൃദ്ധയെ ഇത്തരത്തിൽ കൊന്നു എന്ന് പറയുന്നത് ഒരിക്കലും അംഗീകരിക്കാൻ സാധ്യമല്ല. അതുകൊണ്ട് ബുദ്ധിപരമായ നിലയിലും ഈ കഥ കളവും കടുകെട്ടുമാണെന്ന് വ്യക്തമാകുന്നു. നിഷ്പക്ഷനായ ഒരാൾക്കും അതേപ്പറ്റി സംശയിക്കാൻ വകയില്ല.

ഇനി പ്രമാണപരമായ തെളിവിന്റെ കാര്യമാണ്, ഒന്നാമത്തെ കാര്യം ഇബ്നു സഅ്ദോ ഇബ്നു ഇസ്ഹാഖോ ഈ നിവേദനത്തിന് ഒരു പ്രമാണവും നൽകിയിട്ടില്ല. ഒരു തരത്തിലുള്ള വിശ്വാസയോഗ്യമായ തെളിവുമില്ലാതെ ഇത്തരം നിവേദനങ്ങൾ അതായത് നബിﷺ തിരുമേനിയുടെ കൃത്യമായ നിർദ്ദേശങ്ങൾക്കും സ്വഹാബാക്കളുടെ പൊതുവിലുള്ളതും വ്യക്തമായ നടപടികൾക്കുമെതിരിൽ സമർപ്പിക്കപ്പെടുന്നതും സ്വീകാര്യയോഗ്യമല്ല. രണ്ടാമത്തെ കാര്യം ഇതേ സംഭവം ഹദീഥുകളിലെ വളരെ വിശ്വാസയോഗ്യമായ ഗ്രന്ഥങ്ങളിൽ അതായത് മുസ്‌ലിം, അബൂദാവൂദ് തുടങ്ങിയവയിൽ വിവരിച്ചിട്ടുണ്ട്. പക്ഷേ, അതിൽ ഉമ്മി ഖിർഫയുടെ വധത്തെക്കുറിച്ച് ഒരു തരത്തിലുള്ള പരാമർശവുമില്ല. മറ്റു വിശദീകരണങ്ങളിലും ഇബ്നു സഅ്ദിന്റെ വിവരണവുമായി ഭിന്നതയുണ്ട്. കാരണം സ്വഹീഹായ ഹദീഥുകൾ പൊതുവായ ചരിത്ര നിവേദനങ്ങളിൽനിന്ന് തീർച്ചയായും ഖണ്ഡിതമായും വളരെയേറെ ശക്തവും മുൻഗണനാർഹവുമാകുന്നു. അതുകൊണ്ട് സ്വഹീഹ് മുസ്‌ലിമിലും സുനൻ അബൂദാവൂദിലുമുള്ള നിവേദനങ്ങൾക്ക് മുന്നിൽ ഇബ്നു സഅ്ദിന്റെയും മറ്റും നിവേദനങ്ങൾക്ക് ഒരു വിലയുമില്ല. ഇനി ഇബ്നു സഅ്ദും ഇബ്നു ഇസ്ഹാഖും തങ്ങളുടെ നിവേദനങ്ങളെ ഒരു തെളിവുമില്ലാതെ വിവരിക്കുന്നിടത്ത് ഇമാം മുസ്‌ലിമും അബൂദാവൂദും തങ്ങളുടെ നിവേദനങ്ങളെ പൂർണ്ണമായ തെളിവുകൾ സഹിതമാണ് വിവരിക്കുന്നതെന്ന കാര്യം പരിഗണിക്കുമ്പോൾ ഈ വ്യതിരിക്തത കുറേക്കൂടി വ്യക്തമാകുന്നതാണ്. മാത്രമല്ല മുഹദ്ദിഥീങ്ങളുടെ കരുതലിനു മുന്നിൽ, അതായത് അവർ വളരെയേറെ കരുതലോടുകൂടിയാണ് പ്രവർത്തിച്ചിട്ടുള്ളത്, ചരിത്രകാരന്മാരുടെ പൊതു നിവേ

ദനങ്ങൾക്ക് ഒരു പ്രസക്തിയുമില്ല.

മുസ്‌ലിമും അബൂദാവൂദും ഈ സംഭവങ്ങളെ വിവരിക്കുമ്പോൾ അതിൽ ഉമ്മി ഖിർഫയുടെ വധത്തെക്കുറിച്ച് പരാമർശം പോലുമില്ല. മുസ്‌ലിമിലും അബൂദാവൂദിലും ഉമ്മി ഖിർഫയുടെ പേര് പരാമർശിക്കപ്പെട്ടിട്ടില്ല. കൂടാതെ ദൗത്യസംഘത്തിന്റെ നേതാവിന്റെ പേര് സയ്ദിന് പകരം അബൂബക്ർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടു മാത്രം ഈ ദൗത്യം വേറെ എന്തെങ്കിലുമാണെന്ന് സംശയിക്കാൻ വകയില്ല, കാരണം മറ്റു വിശദീകരണങ്ങൾ മുഴുവനും ഒരേതരത്തിലുള്ളവയാണ്. ഉദാഹരണമായി രണ്ട് നിവേദനങ്ങളിലും പറയുന്നു, ഈ സംഘം ബനൂ ഫസാറയ്ക്ക് എതിരിലാണ് പുറപ്പെട്ടത്. മാത്രമല്ല, രണ്ട് നിവേദനങ്ങളിലും ബനൂ ഫസാറയുടെ നേതൃത്വം ഒരു വൃദ്ധയായ സ്ത്രീക്കാണെന്ന് പറയുന്നു. രണ്ട് നിവേദനങ്ങളിലും ഈ സ്ത്രീയെ ബന്ധനസ്ഥയാക്കിയതായി വിവരിക്കുന്നു. പിന്നെ രണ്ട് നിവേദനങ്ങളിലും ഈ സ്ത്രീക്ക് ഒരു മകളുണ്ടായിരുന്നുവെന്നും മാതാവിനോടൊപ്പം അവളെയും ബന്ദിയാക്കി എന്നും പറയുന്നു. ഇനി രണ്ടു നിവേദനങ്ങളിലും ഈ പെൺകുട്ടിയെ സൽമ ബിൻ അക്‌വയിന്റെ പങ്കിലാണ് കൊടുത്തതെന്നും പറയുന്നു.

അതുകൂടാതെ മറ്റു പല കാര്യങ്ങളിലും സാമ്യതയുണ്ട്, ഇനി ചിന്തിച്ചു നോക്കുക, ഈ അടിസ്ഥാനപരമായ സാമ്യതകളുള്ളപ്പോൾ ഇതു രണ്ടും വെവ്വേറെ സംഭവങ്ങളാണെന്ന് സംശയിക്കാൻ വല്ല വകയുമുണ്ടോ? എങ്കിലും നമ്മൾ കേവലം ഭൗതികമായ തെളിവുകളിൽ മാത്രം ഊന്നൽ കൊടുക്കുന്നില്ല. മാത്രമല്ല കഴിഞ്ഞകാല ഗവേഷകരും വളരെ വ്യക്തമായി എഴുതുന്നു: സ്വഹീഹ് മുസ്‌ലിമിലും അബൂദാവൂദിലും വന്നിട്ടുള്ള അതേ സംഭവം തന്നെയാണ് ഇബ്നു സഅ്ദ് മറ്റൊരു രീതിയിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്ന്. അല്ലാമാ സർക്കാനിയും ഇമാം സുഹയ്‌ലിയും അല്ലാമ ഹൽബിയും വളരെ വ്യക്തമായി എഴുതുന്നു: ഇതേ സംഭവം തന്നെയാണ് ഇബ്നു സഅ്ദും ഇബ്നു ഇസ്ഹാഖും ഉമ്മി ഖിർഫയുടെ സംഭവവുമായി ചേർത്ത് തെറ്റായി വിവരിച്ചിട്ടുള്ളത്. ഇതിലുമുപരി മറ്റൊരു തെളിവെന്തെന്നാൽ ഇതേ സംഭവം തന്നെയാണ് ത്വബ്‌രി ഈ രണ്ട് നിവേദനങ്ങളെയും അടുത്തടുത്ത് വിവരിച്ചുകൊണ്ട് ഇതുരണ്ടും ഒരേ സംഭവമാണെന്ന് വിവരിക്കുന്നുത്. ചുരുക്കത്തിൽ ഒരു കാര്യം ഉറപ്പാണ് മുസ്‌ലിമും അബൂദാവൂദും സൽമ ബിൻ അക്‌വയിന്റെ നിവേദനത്തിൽ പറഞ്ഞ അതേ സംഭവമാണ് ഇബ്നു സഅ്ദും ഇബ്നു ഹിശാമും ഉമ്മി ഖിർഫയുടെ സരിയ്യഃയുടെ പേരിൽ തെറ്റായി വിവരിച്ചിട്ടുള്ളത്. കാരണം സ്വഹീഹായ ഹദീഥുകളുടെ നിവേദനം അതായത് ആറ് പ്രാമാണികയോഗ്യമായ ഹദീഥു ഗ്രന്ഥങ്ങളിൽ വന്നിട്ടുള്ള നിവേദനങ്ങൾ അത് പ്രമാണത്തോടുകൂടി വിവരിക്കപ്പെട്ടവയാണ്. അത് പ്രസ്തുത സംഭവത്തിൽ ഉൾപ്പെട്ട ഒരാളുടെ നാവിൽനിന്നുള്ള വിവരണമാണ്. ഏതായിരുന്നാലും ഇബ്നു സഅ്ദിന്റെയും ഇബ്നു ഹിശാമിന്റെയും പ്രമാണരഹിതമായ തെളിവുകളെക്കാളും മുന്തിക്കപ്പെടുന്നതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഉമ്മി ഖിർഫയെ വളരെ കാപാലികമായി കൊന്നു എന്ന വിവരണം തികച്ചും കളവും വാസ്തവവിരുദ്ധവും ഇസ്‌ലാം ശത്രുതയിലുള്ളതുമാകുന്നു. അത് കപട വിശ്വാസികളുടെ ഔദാര്യത്താൽ ചില ചരിത്ര നിവേദനങ്ങളിൽ വന്നു പോയതാണ്.

ചുരുക്കത്തിൽ മുസ്‌ലിമും അബൂദാവൂദും വിവരിച്ചതിനപ്പുറം ഈ സരിയ്യഃക്ക് മറ്റൊരു യാഥാർഥ്യവുമില്ല. ഏതെങ്കിലും തെറ്റായ ഒരു കാര്യം ചരിത്രത്തിൽ ഇടംപിടിക്കുന്നത് ഒരു കൗതുകകരമായ കാര്യമൊന്നുമല്ല. കാരണം ഇത്തരത്തിലുള്ള ഉദാഹരണങ്ങൾ എല്ലാ സമൂഹങ്ങളിലും എല്ലാ രാജ്യങ്ങളിലുമുള്ള ചരിത്രങ്ങളിൽ കാണാവുന്നതാണ്. പക്ഷേ, വളരെ കൗതുകകരമായ കാര്യമെന്തെന്നാൽ സർ വില്യം മ്യൂറിനെ പോലുള്ള ആളുകൾ ഈ തെറ്റായ സംഭവത്തെ ഒരു ഗവേഷണവും കൂടാതെ തങ്ങളുടെ ഗ്രന്ഥങ്ങളിൽ ചേർക്കുന്നു എന്നതാണ്. മാത്രമല്ല അതുമുഖേന മുസ്‌ലിമീങ്ങളുടെ അക്രമപരമായ ചെയ്തികൾക്ക് ഉദാഹരണം കിട്ടുമെന്നതാണ് അതിനുള്ള പ്രേരകമായി പറയുന്നത്. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 717-721)*

ചുരുക്കിപ്പറഞ്ഞാൽ ഈ പറയപ്പെട്ടതുപോലെ ഒരു സംഭവം ഉണ്ടായിട്ടില്ല.

അബ്ദുല്ലാ ബിൻ അത്തീക്കാണ് അടുത്ത സരിയ്യഃ. അത് സംബന്ധിച്ച് ചരിത്രത്തിൽ നിവേദനം കാണപ്പെടുന്നുണ്ട്. ഇത് അബൂ റാഫിയിന് നേർക്കുള്ളതായിരുന്നു. ഈ സരിയ്യഃ ഹിജ്റ ആറാം വർഷം റമളാൻ മാസത്തിലാണ് നടന്നതെന്ന് ഇബ്നു സഅ്ദ് വിവരിക്കുന്നു. *(ത്വബഖാത്തുൽകുബ്റാ വാല്യം 2, പേജ് 70, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വിവിധ ചരിത്ര ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ തന്റെ ഗവേഷണം നടത്തിയിട്ടുണ്ട്. അതിൽ പറയുന്നു: "അബൂ റാഫിയിന്റെ വധം നടന്ന കാലത്തെ സംബന്ധിച്ച് നിവേദനങ്ങളിൽ അഭിപ്രായ ഭിന്നതകളുണ്ട്. ബുഖാരി, സുഹ്‌രിയെ പിൻപറ്റിക്കൊണ്ട് അതിന്റെ കൃത്യമായ തിയതി കൊടുക്കാതെ ഇത് കഅ്ബ് ബിൻ അശ്റഫിന്റെ വധത്തിന് തൊട്ടു പിന്നാലെയാണെന്ന് എഴുതുന്നു. അതേതായാലും ശരിയാണ്. ഏറെക്കുറെ ഈ സംഭവങ്ങൾ ചേർത്ത് പറയാൻ കാരണം അത് ഒരേതരത്തിലുള്ളവ ആയതുകൊണ്ടാണ്. ത്വബ്‌രി ഇത് ഹിജ്റ മൂന്നാം വർഷം കഅ്ബ് ബിൻ അശ്റഫിന്റെ സംഭവത്തിനു ശേഷമാണ് വെച്ചിട്ടുള്ളത്. വാഖദി ഹിജ്റ നാലാം വർഷമാണെന്ന് പറയുന്നു. ഇബ്നു ഹിശാം, ഇബ്നു ഇസ്ഹാഖിൽ നിന്നുള്ള നിവേദനത്തിന്റെ വെളിച്ചത്തിൽ ബനൂ ഖുറയ്ള യുദ്ധത്തിനു ശേഷമാണ് വെച്ചിട്ടുള്ളത്. അത് ഹിജ്റ അഞ്ചാം വർഷത്തിന്റെ അവസാനത്തിലാണ്. ഇങ്ങനെ ഇത് ഹിജ്റ ആറാം വർഷം തുടക്കത്തിലാണെന്ന് ഗണിക്കപ്പെടുന്നു. പക്ഷേ, ഇബ്നു സഅ്ദ് വളരെ വ്യക്തമായും ഇത് ഹിജ്റ ആറാം വർഷമാണെന്ന് പറയുന്നു. പൊതുവിൽ ചരിത്രകാരന്മാർ ഇബ്നു സഅ്ദിനെയാണ് പിൻപറ്റുന്നത്. വല്ലാഹു അഅ്ലം ."(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ ﷺപേജ് 726)

ഇബ്നു ഇസ്ഹാഖ് വിവരിച്ചിരിക്കുന്നു: "ഖൻദഖ് യുദ്ധവും ബനൂ ഖുറയ്ള യുദ്ധവും അവസാനിച്ചു. അതായത് അബൂ റാഫിയ്, നബി ﷺതിരുമേനിക്കെതിരിൽ സൈന്യത്തെ സംഘടിപ്പിച്ച ആളായിരുന്നു. ഔസ് ഗോത്രം ഉഹുദ് യുദ്ധത്തിനുമുമ്പേ കഅ്ബ് ബിൻ അശ്റഫിനെ നബിﷺതിരുമേനിയോടുള്ള ശത്രുതയും നബിﷺ തിരുമേനിക്കെതിരിൽ ജനങ്ങളെ പ്രകോപിപ്പിക്കുന്നതും കാരണം വധിച്ചിട്ടുണ്ടായിരുന്നു. അതിനെ പിൻപറ്റി ഖസ്റജുകാർ സലാം ബിൻ അബീ ഹഖീഖിനെ വധിക്കാൻ നബിﷺതിരുമേനിയോട് അനുമതി തേടിയിരുന്നു. ആ സമയത്ത് അയാൾ ഖയ്ബറിലായിരുന്നു, നബിﷺതിരുമേനി അവർക്ക് അനുമതി നൽകി. ഈ രണ്ട് ഗോത്രങ്ങളും അതായത് നബി ﷺതിരുമേനിയുടെ കൂടെ രണ്ട് ആൺ ഒട്ടകങ്ങളെപോലെ പൊരുതുന്നുണ്ടായിരുന്നു. ഔസ് ഗോത്രം നബിﷺതിരുമേനിക്ക് വേണ്ടി എന്തെങ്കിലും കർമ്മങ്ങൾ ചെയ്താൽ അതുകൊണ്ട് അവർ തങ്ങളെക്കാളും നബിﷺതിരുമേനിയുടെ കൂടുതൽ അടുപ്പമുള്ളവരും ഇസ്‌ലാമിൽ ശ്രേഷ്ഠതയുള്ളവരും ആയിത്തീരുമെന്ന് ഖസ്റജ് ഗോത്രത്തിലെ ആളുകൾ പറയുമായിരുന്നു. അതുകൊണ്ട് അവരും അതേപോലെ എന്തെങ്കിലും കാര്യങ്ങൾ ചെയ്യാതെ ഒതുങ്ങിയിരിക്കുമായിരുന്നില്ല. ഖസ്റജുകാർ എന്തെങ്കിലും ചെയ്താൽ ഔസുകാരും അതുപോലെ ചെയ്യുമായിരുന്നു. നബിﷺതിരുമേനിയോടു കഅ്ബ് ബിൻ അശ്റഫിനു കഠിനമായ ശത്രുതയുള്ളതുകാരണം ഔസുകാർ അയാളെ വധിച്ചപ്പോൾ ഖസ്റജുകാർ പറഞ്ഞു: അല്ലാഹുവാണെ സത്യം!ഔസുകാർ ഈ കാരണംകൊണ്ട് ഞങ്ങളെക്കാൾ മുൻപന്തിയിലെത്താൻ പാടില്ല. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും സാമീപ്യം കിട്ടുന്ന കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി അവർ പരസ്പരം മത്സരിച്ച് കൊണ്ടിരുന്നു. മാത്രമല്ല നബിﷺ തിരുമേനിയുടെ ശത്രുതയിൽ കഅ്ബ് ബിൻ അശ്റഫിന് തുല്യമായ രീതിയിൽ ആരാണുള്ളതെന്ന് അവർ അന്വേഷിച്ച് കൊണ്ടിരിക്കുകയും ചെയ്തിരുന്നു. അങ്ങനെ അവർ ഇബ്നു അബീ ഹുഖയ്ഖിനെ ഓർത്തു. അയാൾ ഖയ്ബറിലോ ഹിജാസിലോ ആണുണ്ടായിരുന്നത്. ഇബ്നു സഅ്ദ് പറയുന്നു: അബൂ റാഫി ബിൻ അബീ ഹുഖയ്ഖ്, ഗത്ഫാൻ ഗോത്രക്കാരെയും അതിന്റെ ചുറ്റുവട്ടത്തുള്ള അന്യാരാധകരെയും ഒരുമിച്ചുകൂട്ടി നബി ﷺതിരുമേനിയുമായി യുദ്ധം ചെയ്യാൻ വലിയൊരു സംഖ്യ നിശ്ചയിക്കുകയും ചെയ്തിരുന്നു. ഖസ്റജ് അയാളെ വധിക്കാൻ അനുമതി ചോദിച്ചപ്പോൾ നബി ﷺതിരുമേനി അനുമതി നൽകി. അങ്ങനെ ഖസ്റജിൽനിന്ന് ബനൂ സലമയുടെ 5 പേർ ഹദ്റത്ത് അബ്ദുല്ലാ ബിൻ അതീക്ക്, മസ്ഊദ് ബിൻ സിനാൻ, അബ്ദുല്ലാഹ് ബിൻ ഉനയ്സ് ജുഹനി (ഇദ്ദേഹം അൻസ്വാറിന്റെ കൂട്ടുകാരനായിരുന്നു) അബൂ ഖത്താദ ഹർഥ് ബിൻ റിബ്‌യി, ഖുസായി ബിൻ അസ്‌വദ് എന്നിവർ പുറപ്പെട്ടു. ഇവരെല്ലാവരുംകൂടി പുറപ്പെട്ടു. മുഹമ്മദ് ബിൻ ഉമറിനേയും, ഇബ്നു സഅ്ദ് പറയുന്നത് ഇത് അസ്‌വദ് ബിൻ ഖുസായീ ആയിരുന്നു വെന്നാണ്, ഇദ്ദേഹം അസ്‌ലം ഗോത്രത്തിൽനിന്നുളള അൻസ്വാറിന്റെ സഖ്യകക്ഷിയായിരുന്നു. ബറാഅ് ബിൻ ആസിബ്

അബ്ദല്ലാഹ് ബിൻ അബ്ദുല്ലാഹ് ബിൻ ഉത്ബയെ കൂട്ടിയിട്ടുണ്ട്. സ്വഹീഹ് ബുഖാരിയിലുള്ളതുപോലെ ഇവർ ആറു പേരായി. ഇബ്നു ഉഖ്ബയും സുഹയ്ലിയും അസ്അദ് ബിൻ ഹറാമിനെ കൂട്ടി. ഇങ്ങനെ ഇവർ ഏഴു പേരായി. നബിﷺതിരുമേനി അബ്ദുല്ലാഹ് ബിൻ അതീക്കിനെ അമീറായി നിശ്ചയിക്കുകയും കുട്ടികളെയും സ്ത്രീകളെയും കൊല്ലുന്നത് വിലക്കുകയും ചെയ്തു.*(സുബുലുൽഹുദാ വർറശാദ് വാല്യം 6,പേജ് 102, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)* നോക്കുക, ഇവിടെയും വളരെ വ്യക്തമായി സ്ത്രീകളെ കൊല്ലരുതെന്ന് പറയുന്നു.

ബുഖാരിയിൽ അബൂ റാഫിയിന്റെ വധത്തെക്കുറിച്ച് ഇപ്രകാരം വിശദീകരണം വന്നിട്ടുണ്ട്. ഹദ്റത്ത് ബറാഅ് ബിൻ ആസിബ് വിവരിച്ചു: നബിﷺതിരുമേനിയെ അബു റാഫിയ് വളരെയേറെ ബുദ്ധിമുട്ടിക്കുകയും നബിﷺതിരുമേനിക്കെതിരെ ശത്രുക്കളെ സഹായിക്കുകയും ചെയ്തിരുന്നു. അയാൾ ഹിജാസിലുള്ള തന്റെ കോട്ടയിലാണ് വസിച്ചിരുന്നത്. ആളുകൾ അയാളുടെ അടുത്തെത്തിയപ്പോൾ സൂര്യൻ അസ്തമിക്കുകയായിരുന്നു. അവർ മൃഗങ്ങളുടെ കൂട്ടത്തെ തിരിച്ചുകൊണ്ടു പോകുകയായിരുന്നു. അബ്ദുല്ലാ ബിൻ അത്തീക്ക് തന്റെ കൂട്ടുകാരോടു പറഞ്ഞു:നിങ്ങൾ നിങ്ങളുടെ സ്ഥലത്തുതന്നെ ഇരിക്കുക, ഞാൻ പോവുകയാണ്. ഞാൻ ഉള്ളിൽ കടക്കുന്നതിന് കാവൽക്കാരനോടു എന്തെങ്കിലും തന്ത്രം പറഞ്ഞ് അകത്തു പോകുന്നതായിരിക്കും. അദ്ദേഹം പോവുകയും വാതിലിന്റെ അടുത്തെത്തുകയും ചെയ്തു. പിന്നീട്, ഞാൻ എന്നെ പ്രാഥമിക കർത്തവ്യങ്ങൾക്ക് ഇരിക്കുന്നതു പോലെ ഒരു തുണി കൊണ്ടു മൂടി. എല്ലാവരും അകത്തു കടന്നിരുന്നു. ഒരു നിവേദനത്തിൽ പറയുന്നു, അബ്ദുല്ല ബിൻ അതീക്ക് വിവരിക്കുന്നു: ഞാൻ ഉപായം മെനഞ്ഞു തുടങ്ങി, എങ്ങനെയെങ്കിലും കോട്ടയ്ക്കകത്ത് കടക്കാൻ എന്തെങ്കിലും ഉപായം തിരഞ്ഞു. ഇതിനിടയിൽ കോട്ടക്കാരുടെ ഒരു കഴുത കാണാതായി. അവർ പറഞ്ഞു; വെളിച്ചവുമായി അതിനെ അന്വേഷിച്ച് പുറപ്പെടുക. പറയുന്നു; ഞാൻ തിരിച്ചറിയപ്പെടുമോ എന്ന് ഭയപ്പെട്ടു. ഈ സ്വഹാബി പറയുന്നു: പ്രാഥമിക കൃത്യങ്ങൾക്കിരിക്കുന്നതുപോലെ ഞാൻ എന്റെ തല മൂടി. ബുഖാരിയുടെ നിവേദനമാണിത്. പറയുന്നു: കാവൽക്കാരൻ അദ്ദേഹത്തെ വിളിച്ചുപറഞ്ഞു: ദൈവദാസാ! നിങ്ങൾ അകത്തു വരുന്നുണ്ടെങ്കിൽ വേഗം വരൂ, ഞാൻ കവാടം അടയ്ക്കാൻ പോവുകയാണ്. ഞാൻ അകത്തു കടന്നു ഒളിച്ചിരുന്നു. മറ്റൊരു നിവേദനത്തിൽ പറയുന്നു: ഞാനും അകത്തു പ്രവേശിച്ചു. പിന്നെ ഞാൻ കഴുതത്തൊഴുത്തിലൂടെ കോട്ടയുടെ ഉള്ളിലെ വാതിലിന്റെ അടുത്ത് ഒളിഞ്ഞിരുന്നു. ആളുകളെല്ലാം അകത്തു കയറിയപ്പോൾ അയാൾ വാതിലടച്ചു താക്കോലുകൾ ഒരു ആണിയിൽ തൂക്കിയിട്ടു. അദ്ദേഹം പറയുന്നു: ഞാൻ താക്കോലുകളുടെ അടുത്ത് പോകാനാഗ്രഹിച്ചു. അങ്ങനെ ഞാൻ അവിടെ എത്തി, അതെടുക്കുകയും വാതിൽ തുറക്കുകയും ചെയ്തു. ഒരു നിവേദനത്തിൽ പറയുന്നു: ബഹളമെല്ലാം ഒതുങ്ങി. ഞാൻ ഒരു അനക്കവും കേട്ടില്ല. അങ്ങനെ ഞാൻ പുറത്തിറങ്ങി. അദ്ദേഹം പറയുന്നു: ഞാൻ കോട്ടയുടെ താക്കോലുകൾ വെച്ച പെട്ടി കാണുന്നത് കാവൽക്കാരൻ കണ്ടിരുന്നു. ഇതും ബുഖാരിയിലുള്ള നിവേദനമാണ്. ആളുകൾ അബൂറാഫിയിന്റെ അടുത്ത് രാത്രിയിൽ സദസ്സ് സംഘടിപ്പിച്ച് സംസാരിച്ചു കൊണ്ടിരുന്നു. അയാൾ മട്ടുപ്പാവിലായിരുന്നു ഉണ്ടായിരുന്നത്. ആളുകളെല്ലാം അയാളുടെ അടുത്തുനിന്ന് പോയി. സദസ്സ് സംഘടിപ്പിച്ചത് ഞാൻ കാണുന്നുണ്ടായിരുന്നു. അങ്ങനെ സംസാരിച്ചുകൊണ്ടിരുന്നവരെല്ലാം പോയി. ഒരു നിവേദനത്തിൽ പറയുന്നു: ആളുകൾ അബൂറാഫിയിന്റെ അടുത്താണ് വൈകുന്നേരം ഭക്ഷണം കഴിച്ചത്. അവർ സംസാരിച്ചുകൊണ്ടിരുന്നു. അങ്ങനെ രാത്രിയുടെ ഒരു ഘട്ടം കഴിഞ്ഞുപോയി. പിന്നീട് അവരെല്ലാം തങ്ങളുടെ സങ്കേതങ്ങളിലേക്ക് മടങ്ങി. ഇതും ബുഖാരിയിലുള്ള നിവേദനമാണ്. ഞാൻ അയാളുടെ അടുത്ത് പുറപ്പെട്ടു. ഓരോ വാതിലും തുറക്കുകയും പിന്നെ ഉള്ളിൽനിന്ന് അടയ്ക്കുകയും ചെയ്തു കൊണ്ടിരുന്നു. ഞാൻ അയാളുടെ അടുക്കലെത്തുന്നതുവരെയും ആളുകൾ എന്റെ കാലൊച്ച പോലും കേൾക്കാനിടവരുതെന്ന് എന്റെ മനസ്സിൽ പറഞ്ഞു കൊണ്ടിരുന്നു. അങ്ങനെ ഞാൻ അയാളുടെ അടുത്തെത്തി. മറ്റൊരു നിവേദനത്തിൽ പറയുന്നു: പിന്നീട് ഞാൻ കോട്ടയ്ക്കകത്തുള്ള വാതിലുകൾക്ക് അടുത്തെത്തി, അത് പുറത്തുനിന്ന് അടയ്ക്കുകയും ചെയ്തു. അതിനുശേഷം കോണിപ്പടിയിലൂടെ കയറി അബൂറാഫിയിന്റെ അടുത്തെത്തി. ഇതും ബുഖാരിയിലുള്ള നിവേദനമാകുന്നു. പറയുന്നു: ഞാൻ അയാൾ ഒരു ഇരുട്ടു മുറിയിൽ തന്റെ കുടുംബത്തോടൊപ്പം കിടക്കുന്നതാണ് കണ്ടത്. പക്ഷേ, അയാൾ മുറിയ്ക്കുള്ളിൽ എവിടെയാണെന്ന് എനിക്ക് മനസ്സിലായില്ല. ഞാൻ പറഞ്ഞു: അബൂറാഫിയേ! അയാൾ ചോദിച്ചു: ആരാണത്? ഞാൻ ആ ശബ്ദത്തിന്റെ അടുത്ത് ഒരു നിഗമനത്തിലെത്തിപ്പെട്ടു. വാൾകൊണ്ട് ആഞ്ഞു വെട്ടി. പക്ഷേ, അത് ഫലവത്തായില്ല. ഞാൻ ഭയപ്പെട്ടിരുന്നു. അയാൾ നിലവിളിച്ചു. എന്റെ വെട്ട് ശരിയായി പതിഞ്ഞില്ല. അയാൾ ബഹളം വച്ചു, ഞാനാകട്ടെ പുറത്തിറങ്ങി. കുറച്ചുസമയം അവിടെത്തന്നെ നിന്നു. പിന്നീടു അയാളെ സഹായിക്കാനെന്നപോലെ അയാളുടെ അടുത്തെത്തി, ചോദിച്ചു: അബൂറാഫിയേ! എന്താണ് ഒരു ശബ്ദം കേട്ടത്? ഞാൻ ശബ്ദം മാറ്റിയിരുന്നു. അയാൾ പറഞ്ഞു, നിന്റെ മാതാവ് ബലിയായിരിക്കട്ടെ! അബൂറാഫിയ് പറഞ്ഞു: ആരോ മുറിക്കകത്തുണ്ട്. അയാൾ കുറച്ചുനേരം മുമ്പേ എന്നെ വാളുകൊണ്ട് വെട്ടി. ഹദ്റത്ത് അബ്ദുല്ലാ ബിൻ അതീക്ക് പറയുന്നു:പിന്നെ ഞാനൊരിക്കൽ കൂടി അയാളെ വെട്ടി. അതായത് അയാളുടെ ശബ്ദം കേട്ടപ്പോൾ ഞാൻ അയാളെ വീണ്ടും വെട്ടുകയും രക്തത്തിൽ കുളിപ്പിക്കുകയും ചെയ്തു. എനിക്ക് അയാളെ കൊല്ലാൻ കഴിഞ്ഞില്ല. പിന്നെ വാളിന്റെ മുന അയാളുടെ ഉദരത്തിൽവച്ച് അതയാളുടെ പുറംവരെയും താഴ്ത്തി. മറ്റൊരു നിവേദനത്തിൽ വീണ്ടും ആക്രമിച്ചതു സംബന്ധിച്ചുള്ള പരാമർശം ഇപ്രകാരമാണ്; അങ്ങനെ വീണ്ടും ഞാൻ അയാളുടെ അടുത്തെത്തി, അയാളെ ആഞ്ഞുവെട്ടി. പക്ഷേ, ഫലമുണ്ടായില്ല. അയാളുടെ വീട്ടുകാരെല്ലാം എഴുന്നേറ്റ് ബഹളം വെച്ചു. അദ്ദേഹം പറയുന്നു: ഞാൻ വീണ്ടും വന്നു. ശബ്ദം മാറ്റി സഹായിക്കാൻ എന്ന മട്ടിൽ പറഞ്ഞു: അതായത് രണ്ടാമത് ശബ്ദം മാറ്റിയാണ് വന്നത്. ഞാൻ കാണുന്നത് അയാൾ മലർന്നു കിടക്കുന്നതാണ്. ഞാൻ വാൾ അയാളുടെ ഉദരത്തിൽ വച്ചു. അയാളുടെനേരെ കുനിഞ്ഞു. എത്രത്തോളമെന്നാൽ അയാളുടെ എല്ലുകൾ പൊട്ടുന്ന ശബ്ദം കേൾക്കുമാറായി. ഇതും ബുഖാരിയിലുള്ള നിവേദനമാണ്. അയാളെ കൊന്നു എന്നെനിക്ക് മനസ്സിലായി. ഞാൻ ഓരോരോ വാതിൽ തുറന്നു. അങ്ങനെ അവസാനം കോണിപ്പടിയുടെ അടുത്തെത്തി. ഞാൻ എന്റെ പാദം അവിടെ വെച്ചു. ഞാൻ കരുതിയത് നിലത്തെത്തിയെന്നാണ്. പക്ഷേ, ഞാൻ വീണു. അവസാന പടിയിൽ കാലു വെച്ചിട്ടുണ്ടായിരുന്നില്ല. ഇനിയും രണ്ടു മൂന്നു പടികൾ ബാക്കിയുണ്ടായിരുന്നു. അത് നിലാവുള്ള രാത്രിയായിരുന്നു. എന്റെ കണങ്കാൽ പൊട്ടി. മറ്റൊരു നിവേദനത്തിൽ പറയുന്നു: എന്റെ കാലുകളുടെ സന്ധി പൊട്ടിപ്പോയി. ഞാനത് എന്റെ തലപ്പാവ് കൊണ്ട് വരിഞ്ഞുകെട്ടി. പിന്നെ അവിടെനിന്ന് പുറപ്പെട്ടു. അങ്ങനെ വാതിലിന്റെ അടുത്തിരുന്നു. അയാൾ കൊല്ലപ്പെട്ടു എന്ന് അറിയുന്നതുവരെയും ഞാൻ അവിടെനിന്ന് പോകില്ലെന്ന് ഉറപ്പിച്ചിരുന്നു. നേരം വെളുത്തപ്പോൾ കോഴികൾ കൂവുന്നതു കേട്ടു. ആ സമയത്ത് മരണവിവരം അറിയിക്കുന്നയാൾ വിളിച്ചുപറഞ്ഞു: ഹിജാസിലെ ആളുകളുടെ കച്ചവടക്കാരൻ മരണപ്പെട്ടതായി അറിയിക്കുന്നു. പിന്നെ ഞാൻ എന്റെ കൂട്ടുകാരുടെ അടുത്തുപോയി പറഞ്ഞു, മുക്തിയായി, അല്ലാഹു അബു റാഫിയിനെ കൊന്നിരിക്കുന്നു! പിന്നീട് നബിﷺതിരുമേനിയുടെ അടുത്തെത്തി. കാര്യങ്ങളെല്ലാം നബിﷺതിരുമേനിയെ അറിയിച്ചു. നബിﷺതിരുമേനി എന്നോടു പറഞ്ഞു: കാല് മുന്നോട്ടുവയ്ക്കുക. ഞാൻ കാല് മുന്നോട്ടുവച്ചു. എന്റെ കാലിൽ തടവി. പിന്നീട് എനിക്ക് കാലിൽ വേദനകളൊന്നും അനുഭവപ്പെട്ടില്ല. അതിനുശേഷം എന്റെ കാലിലെ പ്രയാസമെല്ലാം മാറിയതായി എനിക്ക് ബോധ്യപ്പെട്ടു. മറ്റൊരു നിവേദനത്തിൽ വിവരിക്കുന്നു: ഞാനെന്റെ കൂട്ടുകാരുടെ അടുത്ത് ഉടനെയെത്തി. ഞാൻ പറഞ്ഞു: നിങ്ങൾപോയി നബിﷺതിരുമേനിക്ക് സന്തോഷവാർത്ത അറിയിക്കുക. എനിക്ക് പോകാൻ നിവൃത്തിയില്ല. കാരണം മരണ വിവരം അറിയിക്കുന്ന ആളുടെ ശബ്ദം കേൾക്കുന്നതുവരെയും ഞാൻ ഇവിടെ നിന്ന് പോകുന്നതല്ല. അങ്ങനെ പ്രഭാത സമയം സമീപസ്ഥമായപ്പോൾ മരണവിവരം അറിയിക്കുന്നയാൾ നിന്നുകൊണ്ട് അബൂറാഫിയ് മരിച്ചതായി വിളംബരപ്പെടുത്തി. തുടർന്ന് ഞാനെഴുന്നേറ്റു നടക്കാൻ തുടങ്ങി. ഒരു പ്രയാസവും എനിക്ക് അനുഭവപ്പെട്ടിരുന്നില്ല. ഞാനെന്റെ മറ്റു കൂട്ടുകാർ നബിﷺതിരുമേനിയുടെ അടുത്തെത്തുന്നതിനു മുമ്പേ കൂട്ടുകാരുടെ അടുത്തെത്തി. ഒരു നിവേദനത്തിൽ അദ്ദേഹത്തിന്റെ പ്രയാസം അകന്നിരുന്നുവെന്നും എന്നാൽ, നീരുണ്ടായിരുന്നുവെന്നും പറയുന്നുണ്ട്. *(സ്വഹീഹ് ബുഖാരി കിതാബുൽമഗാസി ബാബ് ഖതല അബീറാഫിയ് ഹദീഥ് 4039,4040)*

ഈ സംഭവം ഇമാം ബുഖാരി, ബറാഅ് ബിൻ ആസിബിൽ നിന്നാണ് നിവേദനം ചെയ്തത്. ഇതിൽ പറയുന്നു: അബ്ദുല്ലാ ഒറ്റയ്ക്ക് അബു റാഫിയെ കൊല്ലുകയായിരുന്നു. എന്നാൽ, ഇബ്നു ഉഖ്ബ,

ശേഷം പേജ് 15 ൽ

സ്പെഷൽ

# വസ്വിയ്യത്തിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും

## സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑഅല്ലാഹുവിന്റെ പ്രത്യേക അനുമതിയോടും കല്പനയോടുംകൂടി 1905-ൽ വസ്വിയ്യത്ത് വ്യവസ്ഥിതിയ്ക്ക് അടിത്തറയിട്ടു; അദ്ദേഹം അൽവസ്വിയ്യത്ത് എന്ന കൃതി രചിച്ചപ്പോൾ. അദ്ദേഹം അല്ലാഹുവിന്റെ കല്പനയാൽ, ജമാഅത്തിന്റെ നല്ലവരും പരിശുദ്ധരും മുത്തഖികളുമായവർക്ക് അന്ത്യവിശ്രമത്തിനുള്ള ഒരു ഖബ്ർസ്ഥാനമുണ്ടാക്കുകയും അതിൽ ഖബറടക്കുന്നതിന് ഈ നിബന്ധന വെക്കുകയും ചെയ്തു:"അത്തരം വ്യക്തി തന്റെ വരുമാനത്തിന്റെ പത്തിലൊരുഭാഗം ഇസ്‌ലാമിന്റെ പ്രബോധനത്തിനും പ്രചാരണത്തിനുംവേണ്ടി നല്കുക. മരിച്ചതിനുശേഷം തന്റെ മൊത്തം സ്വത്തിന്റെ-അത് കുറച്ചോ കൂടുതലോ ആണെങ്കിൽത്തന്നെയും പത്തിലൊരു ഭാഗം വസ്വിയ്യത്ത് ചെയ്യുക." ഈ ഖബ്ർസ്ഥാനിന്റെ പേര് 'ബിഹിശ്തി' മഖ്ബറ എന്നാണെന്ന് അല്ലാഹു അദ്ദേഹത്തിനോടു പറഞ്ഞു.

ബിഹിശ്തി മഖ്ബറയിൽ ഖബറടക്കപ്പെടുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്ؑഉപര്യുക്ത നിബന്ധനകൾ വെച്ചു. ഇത് എങ്ങനെയുള്ള ത്യാഗമാണെന്നാൽ ഇസ്‌ലാമിനുവേണ്ടി ഇത്രവലിയ ത്യാഗം ചെയ്യുന്നയാൾ തീർച്ചയായും സ്വർഗവാസിയായിരിക്കുമെന്ന് നമ്മൾ വിശ്വസിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്ؑ ഈ ഖബ്ർസ്ഥാനും ഇതിൽ മറയടക്കപ്പെടുന്നവർക്കുംവേണ്ടി ധാരാളം ദുആകളും ചെയ്തു.അവിടന്ന് പറയുന്നു:

• ഞാൻ ദുആചെയ്യുകയാണ്. അല്ലാഹുവേ!ഇതിൽ അനുഗ്രഹം ചൊരിയേണമേ. ഇതിനെ ബിഹിശ്തി മഖ്ബറയാക്കേണമേ. ഇതിനെ യഥാർഥത്തിൽ ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചവരുംദുൻയാവിനോടുള്ള സ്നേഹം ഉപേക്ഷിച്ചവരും നിന്റേതായി തീർന്നവരും തങ്ങളിൽ പരിശുദ്ധമായമാറ്റം ഉണ്ടാക്കിയവരും നബിﷺതിരുമേനിയുടെ സ്വഹാബിമാരെപ്പോലെ വിശ്വസ്തതയുടേയും സത്യസന്ധതയുടേയും മാതൃക കാണിച്ചവരുമായ ഈ ജമാഅത്തിലെ പരിശുദ്ധാത്മാക്കളുടെ ശയനഗൃഹമാക്കിത്തീർക്കേണമേ. ആമീൻ യാ റബ്ബൽആലമീൻ.

• വീണ്ടും ഞാൻ ദുആ ചെയ്യുന്നു. സർവശക്തനായ എന്റെ അല്ലാഹുവേ! ഈ സ്ഥലത്തെ യഥാർത്ഥത്തിൽ നിന്റേതു മാത്രമായിത്തീരുകയും പ്രവർത്തനങ്ങളിൽ തങ്ങളുടെ ഭൗതികോദ്ദേശ്യങ്ങൾ കലരാതിരിക്കുകയും ചെയ്ത എന്റെ ജമാഅത്തിൽപ്പെട്ട ആ പരിശുദ്ധാത്മാക്കളുടെ ഖബ്റിടമാക്കിത്തീർക്കേണമേ. ആമീൻ യാ റബ്ബൽആലമീൻ.

• മൂന്നാമതും ഞാൻ ദുആ ചെയ്യുന്നു. സർവശക്തനും ഉദാരനുമായ എന്റെ അല്ലാഹുവേ! പൊറുത്തു കൊടുക്കുന്നവനും കരുണാമയനുമായ അല്ലാഹുവേ! നിന്റെ ഈ ദൂതനിൽ സത്യമായി വിശ്വസിക്കുന്നവർക്കും ഒരു കപടതയും സ്വാർഥതയും ദുർഭാവനയും വെച്ചു പുലർത്താത്തവർക്കും സത്യവിശ്വാസത്തിന്റേയും അനുസരണത്തിന്റേയും കടമ നിറവേറ്റുന്നവർക്കും നിന്റെ വഴിയിലും ഹൃദയാത്മനാ ജീവൻ ബലിയർപിച്ചവർക്കും നീ ഇഷ്ടപ്പെടുന്നവർക്കും നിന്റെ സ്നേഹത്തിൽ തികച്ചും അലിഞ്ഞു ചേർന്നവരാണെന്ന് നീ അറിയുന്നവർക്കും നിന്റെ ദൂതനോടു വിശ്വസ്തതയോടും പൂർണമര്യാദയോടും സന്തോഷപരമായ സത്യവിശ്വാസത്തോടും ഉള്ളഴിഞ്ഞ സ്നേഹത്തോടും ജീവൻ വകവെക്കാതെയുള്ള പ്രവർത്തനത്തോടുംകൂടി ബന്ധം വെക്കുന്നവർക്കും ഈ സ്ഥലത്ത് ഖബ്റിടം നില്കേണമേ. ആമീൻ യാ റബ്ബൽആലമീൻ.

എല്ലാമാസവും തന്റെ വരുമാനത്തിന്റെ പത്തിലൊരുഭാഗവും മരിച്ചതിനുശേഷം തന്റെ സ്വത്തിന്റെ പത്തിലൊരുഭാഗവും ഇസ്‌ലാമിന്റെ പ്രചാരണത്തിനുവേണ്ടി നല്കുക എന്നത് ഒരു വലിയ ത്യാഗമാണ്. ജമാഅത്തംഗങ്ങളുടെ വലിയൊരു ഭാഗം ക്ഷമയോടും സ്ഥൈര്യത്തോടുംകൂടിയും അങ്ങേയറ്റം സന്തോഷത്തോടുകൂടിയും ഈ ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നു. എന്നല്ല, ചിലയാളുകളുണ്ട് അവർ ഇതിനെക്കാളേറെ ചെയ്തുകൊണ്ടിരിക്കുന്നു. അൽഹംദുലില്ലാഹ്. എങ്കിലും നമുക്ക് നമ്മുടെ മുൻഗാമികളുടെ ത്യാഗങ്ങളുടെമേലും ദൃഷ്ടിപതിപ്പിക്കേണ്ടതുണ്ട്. നബിﷺതിരുമേനിയുടെ സ്വഹാബത്തിനോടു ധനത്തിനോടൊപ്പം ജീവൻ ത്യാഗം ചെയ്യാനും ആവശ്യപ്പെട്ടിരുന്നു. അവർ ധനത്തിനോടൊപ്പം കണക്കില്ലാതെ ജീവനും ത്യാഗം ചെയ്തു. ഇസ്‌ലാമിനെ മുഴുലോകത്തും വ്യാപിപ്പിച്ചു. നമ്മളിൽനിന്ന് വെറും ധനത്യാഗമാണ് ആവശ്യപ്പെടുന്നത്. ജീവത്യാഗം ആവശ്യപ്പെടുന്നില്ല. ഇന്ന് ഇസ്‌ലാമിനെ മുഴുലോകത്തും വിജയിപ്പിക്കേണ്ടത് മസീഹ് മൗഊദിന്റെ ജമാഅത്തിന്റെ ഉത്തരവാദിത്വമാണ്. ഇസ്‌ലാം ലോകത്ത് വിജയിക്കുകതന്നെ ചെയ്യും. പക്ഷേ, നമ്മൾ നോക്കേണ്ടത് നമ്മൾ ഇതിൽ എത്രമാത്രം ഭാഗഭാക്കായെന്നാണ്. ധനം അല്ലാഹുവിന്റെ കല്പനയാലും അവന്റെ ഫള്‌ലുകൊണ്ടുമാണ് വരുന്നത്. അതിനാൽ അതു സൂക്ഷിച്ചുവെക്കുന്നതിനുപകരം അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നതും സ്വന്തം അന്ത്യത്തിനും ആഖിറത്തിനുംവേണ്ടി കുറച്ച് പാഥേയമുണ്ടാക്കുന്നതും ബുദ്ധിപരവും സൗഭാഗ്യവുമാണ്.

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2004-ൽ, ഖിലാഫത്ത് ജൂബിലി വർഷമായ 2008 നുള്ളിൽ ജമാഅത്തിലെ വരുമാനമുള്ളവരിൽ പകുതിപ്പേർ വസ്വിയ്യത്ത് വ്യവസ്ഥിതിയിൽ ചേരണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. പക്ഷേ, കഷ്ടമെന്നു പറയട്ടെ, നമുക്കിതുവരെ ഹുദൂറിന്റെ ആഗ്രഹം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. നമ്മൾ എത്രയും വേഗം വസ്വിയ്യത്തിന്റെ അനുഗൃഹീത വ്യവസ്ഥിതിയിൽ ചേർന്നുകൊണ്ട് നമ്മുടെ ദുൻയാവും ആഖിറത്തും നന്നാക്കിത്തീർക്കുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. വസ്വിയ്യത്തിന്റെ പ്രാധാന്യത്തേയും അനുഗ്രഹങ്ങളേയും സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓന്റെ കുറച്ചു നിർദേശങ്ങൾ താഴെ ചേർക്കുകയാണ്.

### ഈമാൻ സമ്പൂർണമായി നില്ക്കുന്നതിന്റെ അവസ്ഥയാണ് വസ്വിയ്യത്ത്

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓപറയുന്നു:"ജമാഅത്തിനോടു വസ്വിയ്യത്തിന്റെ പ്രാധാന്യം പറയുക. ഇത് അല്ലാഹു സ്ഥാപിച്ചിട്ടുള്ള മാർഗമാണെന്ന് പറയുക. അങ്ങനെയായാൽ ഇതുവരെ ശ്രദ്ധയുണ്ടായിട്ടില്ലാത്ത ആയിരക്കണക്കിനാളുകൾ വസ്വിയ്യത്ത് മുഖേന തങ്ങളുടെ ഈമാൻ പൂർണമാക്കിക്കാണിക്കുന്നതായിരിക്കും........വസ്വിയ്യത്തിന്റെ ആഹ്വാനം അല്ലാഹുവിൽനിന്നുള്ളതാണ്. അതുമായി ധാരാളം പാരിതോഷികങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു. ഇതുവരെ വസ്വിയ്യത്ത് ചെയ്തിട്ടില്ലാത്തവർ, അവർ വസ്വിയ്യത്ത് ചെയ്ത് തങ്ങളുടെ ഈമാൻ പൂർണമാണെന്നതിന് തെളിവു നല്കുക. കാരണം ഹദ്റത്ത് മസീഹ് മൗഊദ്ؑഎഴുതിയിരിക്കുന്നു:"ആരാണോ വസ്വിയ്യത്ത് ചെയ്യാത്തത് എനിക്ക് അവരുടെ ഈമാനിൽ സംശയമുണ്ട്. ഈമാൻ സമ്പൂർണമായി നില്ക്കുന്നതിന്റെ അവസ്ഥയാണ് വസ്വിയ്യത്ത്." *(ഖുത്ബാത്തെ മഹ്മൂദ്, വാല്യം 10, പേജ് 166)*

### ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതിന്റെ കർമപരമായ തെളിവാണ് വസ്വിയ്യത്ത്

ഞാനെന്റെ ജമാഅത്തിലെ സഹോദരന്മാരോടു പറഞ്ഞിരുന്നു, വസ്വിയ്യത്തിന്റെ കാര്യം വളരെ പ്രധാനപ്പെട്ട കാര്യമാണെന്ന്. ഹദ്റത്ത് മസീഹ് മൗഊദ്ؑഅതിന് എങ്ങനെയുള്ള പ്രത്യേകതയാണ് പ്രദാനം ചെയ്തിട്ടുള്ളതെന്നാൽ, അല്ലാഹുവിന്റെ പ്രത്യേക ഇൽഹാമുകളനുസരിച്ചാണ് അത് സ്ഥാപിച്ചത്. ഒരു മുഅ്മിനും അതിന്റെ പ്രാധാന്യവും മഹത്ത്വവും നിഷേധിക്കാൻ സാധ്യമല്ല. ഹദ്റത്ത് മസീഹ് മൗഊദ്ؑസ്ഥാപിച്ചിട്ടുള്ള എല്ലാ വ്യവസ്ഥിതിയും ദൈവികവും ഈശ്വരീയവും വെളിപാടുപരവുമായ വ്യവസ്ഥിതിയാണ്. എന്നാൽ, അല്ലാഹുവിന്റെ പ്രത്യേകമായ ഇൽഹാമനുസരിച്ച് സ്ഥാപിക്കപ്പെട്ടതാണ് വസ്വിയ്യത്ത് വ്യവസ്ഥിതി. മറ്റുള്ള കാര്യങ്ങൾ സാധാരണ ഇൽഹാമനുസരിച്ച് സ്ഥാപിക്കപ്പെട്ടതാണ്. എന്നാൽ, വസ്വിയ്യത്തിന്റെ മസ്അല അഥവാ പ്രശ്നം പ്രത്യേക ഇൽഹാമനുസരിച്ച് സ്ഥാപിക്കപ്പെട്ടതാണ്. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതിന്റെ കർമപരമായ തെളിവാണ് വസ്വിയ്യത്ത്. ദീനിനെ ദുൻയാവി

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 13-20 February 2025 Issue-07,08

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

നെക്കാൾ മുന്തിക്കുമെന്ന പ്രതിജ്ഞ ഒരു ഏറ്റുപറച്ചിലായിരുന്നു. അതിനെ സംബന്ധിച്ച് ഒരു മുഅ്മിനെന്താണ് ചെയ്യുന്നത്. ധാരാളമാളുകൾ ഈ പ്രതിജ്ഞ പൂർത്തിയാക്കുന്നതിനുവേണ്ടി വലിയ വലിയ ത്യാഗങ്ങൾ ചെയ്യുന്നു. പലരും ഈ പ്രതിജ്ഞ ചെയ്ത് നിശബ്ദരായിത്തീരുന്നു. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണമെന്നാഗ്രഹിക്കുന്ന പലരുമുണ്ട്. പക്ഷേ, അതിന് വഴി കാണുന്നില്ല. എന്താണ് ചെയ്യേണ്ടതെന്ന് അവർക്കറിയില്ല. ഈ പ്രതിജ്ഞ നിറവേറ്റിയ നിരവധിയാളുകളുണ്ട്. എന്താണ് ചെയ്യേണ്ടതെന്ന് അത്ഭുതപ്പെട്ടുകൊണ്ടിരുന്ന അനവധിയാളുകളുമുണ്ടായിരുന്നു. പ്രതിജ്ഞ നിറവേറ്റാൻ പരിശ്രമിച്ചുകൊണ്ടിരുന്നവർക്ക് അറിയില്ല തങ്ങളുടെ പ്രതിജ്ഞ പൂർത്തിയായോ ഇല്ലേ എന്ന്!.......

അപ്പോൾ അല്ലാഹുവിന്റെ ആവേശം അലയടിച്ചുയർന്നു. അവൻ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മുഖേന പറഞ്ഞു: തങ്ങളുടെ പ്രതിജ്ഞ പൂർത്തിയായോ ഇല്ലേ എന്നറിയാൻ ആഗ്രഹിക്കുന്നവർക്ക് അതറിയാനുള്ള വസിയ്യത്തിന്റെ മാർഗം അതനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ട്, അവർക്ക് തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. കാരണം വസിയ്യത്തിൽ നിബന്ധനയുണ്ട്:

"അത്തരം വിശ്വാസപൂർണത കൈവരിച്ചവരെല്ലാം ഒരേ സ്ഥലത്ത് ഖബ്റടങ്ങണമെന്ന് അല്ലാഹു ഉദ്ദേശിച്ചത് ഭാവിതലമുറകൾ അവരെ ഒരേ സ്ഥലത്തുകണ്ട് തങ്ങളുടെ വിശ്വാസം പുതുക്കാനാണ്."

അപ്പോൾ ആരെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام വിവരിച്ചിട്ടുള്ള മാർഗത്തിൽ വസിയ്യത്ത് ചെയ്യുകയും അതിൽ നിലകൊള്ളുകയും ചെയ്തിട്ട് സമ്പൂർണമായ ഈമാൻ ഉണ്ടാകാതിരിക്കന്നതെങ്ങനെ." ആരുടെ മനസ്സിലാണോ സമാധാനം ഇല്ലാതിരുന്നത്, തന്റെ പ്രതിജ്ഞ പൂർത്തിയായിട്ടുണ്ടോ ഇല്ലേ എന്നറിയാത്തതുകൊണ്ട് അസ്വസ്ഥനായിരുന്നത് അവർക്കുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام അല്ലാഹുവിന്റെ ഇൽഹാമനുസരിച്ച് അവർ വസിയ്യത്ത് ചെയ്യാനാണ് പറഞ്ഞിട്ടുള്ളത്. *(ഖുത്ബാത്തെ മഹ്മൂദ് വാള്യം 11, പേജ് 370)*

### വസിയ്യത്ത് ചെയ്യുന്നയാളെ അല്ലാഹു മുത്തഖിയാക്കുന്നു.

മൂന്നാമത്തേത് വസിയ്യത്തിന്റെ കാര്യമാണ്. ഇത് അല്ലാഹു നമുക്കുവേണ്ടി അങ്ങേയറ്റം സുപ്രധാനമായ കാര്യമായി വെച്ചിരിക്കുന്നു. ഇതുമുഖേന സ്വർഗത്തെ നമ്മുടെ അടുത്താക്കിയിരിക്കുന്നു. ആരുടെ മനസ്സിലാണോ ഈമാനും ഇഖ്ലാസ്വുമുള്ളത്-എന്നാൽ, അയാൾ വസിയ്യത്തിന്റെ കാര്യത്തിൽ മടികാണിക്കുന്നു-അവർ വസിയ്യത്തിന്റെ ഭാഗത്തേക്ക് കുതിക്കാൻ ഞാനവരോടു പറയുകയാണ്. ഇതേ അലസതകൾ കാരണത്താൽ വലിയവലിയ ആത്മാർഥതയുള്ളവർ മരിക്കുന്നതായി കാണപ്പെടുന്നു. ഇന്നും നാളേയും പറഞ്ഞ് പറഞ്ഞ് അവർക്ക് മരണം വന്നു. പിന്നീട് ഇവരും മുഖ്ലിസ്സീങ്ങളോടൊപ്പം ഖബ്റടക്കപ്പെട്ടിരുന്നെങ്കിലെന്നോർത്ത് മനസ്സ് ദുഃഖിക്കുകയും വേദനയുണ്ടാകുകയും ചെയ്യുന്നു. എന്നാൽ, ഖബ്റടക്കാൻ കഴിയുകയില്ല. അയാളുടെ മരണത്തിൽ എല്ലാവരുടേയും മനസ്സ്, അയാൾ ആത്മാർഥതയുള്ള ആളായിരുന്നുവെന്നും മറ്റുള്ള ആത്മാർഥതയുള്ളവരോടൊപ്പം മറവാടപ്പെടാൻ അർഹനായിരുന്നുവെന്നും പക്ഷേ, ചെറിയൊരു അശ്രദ്ധയും മടിയും ഇക്കാര്യത്തിൽ തടസ്സമായിവന്നുവെന്നും മനസ്സിലാക്കുന്നു. വരുമാനത്തിന്റെ പത്തിലൊന്നിനെക്കാൾ അധികം ചന്ദകൊടുക്കുന്നവർ നമ്മുടെ ജമാഅത്തിലുണ്ട്. എന്നാൽ, അവർ വസിയ്യത്ത് ചെയ്യുന്നില്ല. അത്തരം സ്നേഹിതന്മാരും വസിയ്യത്ത് ചെയ്യേണ്ടതാണ്. എന്നല്ല അത്തരം സ്നേഹിതന്മാർക്ക് ഒരു പ്രയാസവുമില്ല. പിന്നെ ഒരു രൂപയ്ക്ക് 5 പൈസയും 6 പൈസയും ചന്ദ കൊടുക്കുന്നവരുമുണ്ട്. പൈസയുടെ ആറിലൊന്നോ അരയണയോ ആണ് അവരെ വസിയ്യത്തിൽ നിന്ന് തടയുന്നത്. ചുരുക്കത്തിൽ കുറച്ചു കുറച്ച് പൈസകളുടെ വ്യത്യാസം കാരണത്താൽ നമ്മുടെ ജമാഅത്തിലെ ആയിരക്കണക്കിനാളുകൾ വസിയ്യത്തിൽനിന്ന് തടയപ്പെടുകയും സ്വർഗത്തിന്റെ അടുത്തെത്തിയിട്ടും അതിൽ പ്രവേശിക്കാതിരിക്കുകയും ചെയ്യുന്നു.......അതുകൊണ്ട് എത്രത്തോളം കഴിയുമോ സ്നേഹിതന്മാർ വസിയ്യത്ത് ചെയ്യേണ്ടതാണ്. വസിയ്യത്ത് ചെയ്യുന്നതുകൊണ്ട് ഈമാനികമായ അഭിവൃദ്ധി തീർച്ചയായും ഉണ്ടാകുന്നുവെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. വസിയ്യത്തു ചെയ്യുന്നവരെ മാത്രമെ ഈ മണ്ണിൽ ഖബ്റടക്കുകയുള്ളുവെന്ന് അല്ലാഹുവിന്റെ വാഗ്ദാനമുള്ളപ്പോൾ അവനെ മുത്തഖിയാക്കുകയും ചെയ്യുന്നു. *(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 13, പേജ് 563)*

### ആരു വസിയ്യത്തു ചെയ്താലും അവർ ഒരു കാലത്ത് സ്വർഗവാസി അല്ലെങ്കിലും ജന്നത്തിയാക്കപ്പെടുന്നതാണ്.

"ജമാഅത്തിലെ സ്നേഹിതന്മാരുടെ ശ്രദ്ധക്ഷണിക്കാനാഗ്രഹിക്കുന്ന മൂന്നാമത്തെ ഫർളായ കാര്യം വസിയ്യത്താണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام എഴുതിയിരിക്കുന്നു, ഈമാനിന്റെ പരീക്ഷണത്തിനുള്ള മാർഗമാണ് വസിയ്യത്ത്. സത്യവാനായ മുഅ്മിൻ ആരാണെന്ന് അവൻ അതുമുഖേന കാണാനാഗ്രഹിക്കുന്നു....... വസിയ്യത്ത് എങ്ങനെയുള്ള കാര്യമാണെന്നാൽ അത് ദൃഢഗാഢപരമായ നിലയിൽ അല്ലാഹുവിന്റെ സമീപസ്ഥനാണെന്ന് പ്രകടിപ്പിക്കുന്നു. മുഅ്മിൻതന്നെയാണ് വസിയ്യത്ത് ചെയ്യുന്നതെന്നതിൽ സംശയമൊന്നുമില്ല. എന്നാൽ, ഏതെങ്കിലും വ്യക്തിയിൽ കുറച്ചു ദൗർബല്യങ്ങളുണ്ടെങ്കിലും അയാൾ വസിയ്യത്ത് ചെയ്യുമ്പോൾ ബിഹിശ്തി മഖ്ബറയിൽ സ്വർഗവാസി മാത്രമായിരിക്കും ഖബ്റടക്കപ്പെടുക എന്ന അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവന്റെ കർമങ്ങളെ ശരിയാക്കിയെടുക്കുന്നു എന്നതിലും സംശയമൊന്നുമില്ല. അതിനാൽ വസിയ്യത്ത് ആത്മാവിന്റെ പരിഷ്കരണത്തിനുള്ള ശക്തമായ മാർഗമാണ്. എന്തുകൊണ്ടെന്നാൽ ആരു വസിയ്യത്തു ചെയ്താലും അവർ ഒരു കാലത്ത് സ്വർഗവാസി അല്ലെങ്കിലും സ്വർഗവാസിയാക്കപ്പെടുന്നതാണ്. അയാളുടെ കർമങ്ങൾ കൂടുതൽ മോശമാണെങ്കിൽ അല്ലാഹു അയാളുടെ കപടത പ്രകടിപ്പിച്ച് അയാളെ വസിയ്യത്തിൽനിന്ന് വേർപ്പെടുത്തുന്നതായിരിക്കും."*(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 13, പേജ് 562)*

### വസിയ്യത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

വസിയ്യത്ത് വ്യവസ്ഥിതി സമ്പൂർണമാകുമ്പോൾ തബ്ലീഗ് മാത്രമായിരിക്കുകയില്ല അതുകൊണ്ട് നടക്കുന്നത്. പ്രത്യുത ഇസ്ലാമിന്റെ ഇച്ഛയ്ക്കനുസരിച്ച് എല്ലാ മനുഷ്യരുടേയും ആവശ്യങ്ങൾ അതുമുഖേന നിറവേറ്റപ്പെടുന്നതായിരിക്കും. ദുഃഖങ്ങളും ഞെരുക്കങ്ങളും ലോകത്തുനിന്ന് വിപാടനം ചെയ്യപ്പെടുന്നതായിരിക്കും ഇൻശാഅല്ലാഹ്. യത്തീം ഭിക്ഷയാചിക്കുകയില്ല. വിധവകൾ ജനങ്ങളുടെ മുമ്പിൽകൈനീട്ടുകയില്ല. ദരിദ്രൻ ദുഃഖിതനായി അലഞ്ഞുതിരിഞ്ഞു നടക്കുകയില്ല. കാരണം വസിയ്യത്ത് കുട്ടികളുടെ മാതാവായിരിക്കും. യുവാക്കളുടെ പിതാവായിരിക്കും. സ്ത്രീകളുടെ മണവാളനായിരിക്കും. ബലാൽക്കാരമില്ലാതെ സ്നേഹത്തോടും മനഃസന്തോഷത്തോടുംകൂടി സഹോദരൻ സഹോദരനെ അതുമുഖേന സഹായിക്കുന്നതായിരിക്കും. അവന്റെ ദാനം നിഷ്ഫലമാകുകയില്ല. പ്രത്യുത കൊടുക്കുന്ന ഓരോരുത്തരും അല്ലാഹുവിൽനിന്ന് ഉത്തമമായ പ്രതിഫലം പ്രാപിക്കുന്നതായിരിക്കും. സമ്പന്നൻ നഷ്ടത്തിലാകുകയില്ല; ദരിദ്രനും! ജാതി ജാതിയോടു യുദ്ധം ചെയ്യുകയില്ല. പ്രത്യുത അവന്റെ ഔദാര്യം എല്ലാവരുടെമേലും വിശാലമായിരിക്കും." *(നിളാമെ നൗ, അൻവാറുൽഉലൂം വാള്യം 16, പേജ് 600)*

### വസിയ്യത്തിന്റെ സ്വത്ത് മുഴുലോകത്തിനും ചെലവഴിക്കപ്പെടും

അഹ്മദിയ്യത്തു മുഖേന ശേഖരിക്കപ്പെടുന്ന ധനം ഏതെങ്കിലും ഒരു രാജ്യത്ത് ചെലവഴിക്കപ്പെടുകയില്ല. പ്രത്യുത മുഴുലോകത്തിലേയും പാവപ്പെട്ടവർക്കുവേണ്ടി ചെലവഴിക്കപ്പെടുന്നതായിരിക്കും. ഹിന്ദുസ്താനിലെ പാവപ്പെട്ടവർക്കും പ്രയോജനപ്പെടുന്നതായിരിക്കും. ചൈനയിലെ പാവപ്പെട്ടവർക്കും പ്രയോജനപ്പെടുന്നതായിരിക്കും. ജപ്പാനിലെ പാവപ്പെട്ടവർക്കും പ്രയോജനപ്പെടുന്നതായിരിക്കും. ആഫ്രിക്കയിലെ പാവപ്പെട്ടവർക്കും പ്രയോജനപ്പെടുന്നതായിരിക്കും. അറേബ്യായിലെ പാവപ്പെട്ടവർക്കും പ്രയോജനപ്പെടുന്നതായിരിക്കും. ഇംഗ്ലണ്ട്, അമേരിക്ക, ഇറ്റലി, ജർമനി, റഷ്യാ എന്നീ രാജ്യങ്ങളിലെ

ശേഷം പേജ് 15 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin